# സാന്ത്വനപ്രകാശം

പാലാ രൂപത ബുള്ളറ്റിൻ



## ഭാരതത്തിലെ ആദ്യ അല്മായ വേദരക്തസാക്ഷി
## വിശുദ്ധ ദേവസഹായംപിള്ള

Vol. LXXII June 2022 No. 6



കുറവിലങ്ങാട് മേജർ ആർക്കി എപ്പിസ്കോപ്പൽ മർത്ത്മറിയം ആർച്ചുഡീക്കൻ തീർത്ഥാടനദൈവാലയത്തിൽ
അത്യുന്നത കർദിനാൾ മാർ ജോർജ് ആലഞ്ചേരി പിതാവിന്റെ ഔദ്യോഗിക സന്ദർശനസമ്മേളനം



ധന്യൻ കദളിക്കാട്ടിൽ മത്തായി അച്ചന്റെ 87–ാം ചരമവാർഷികത്തോടനുബന്ധിച്ചുള്ള കബറിടപ്രാർത്ഥനകൾക്കും
ശ്രാദ്ധനേർച്ച വെഞ്ചെരിപ്പിനും അഭിവന്ദ്യ മാർ ജോസഫ് കല്ലറങ്ങാട്ട് പിതാവ് കാർമ്മികത്വം വഹിക്കുന്നു.



പാലാ സിവിൽ സർവ്വീസ് ഇൻസ്റ്റിറ്റ്യൂട്ടിൽ **LSS/USS** വിജയികളെ അനുമോദിക്കുന്ന സമ്മേളനം
അഭിവന്ദ്യ മാർ ജേക്കബ് മുരിക്കൻ പിതാവ് ഉദ്ഘാടനം ചെയ്യുന്നു.

"നിങ്ങൾ ലോകത്തിന്റെ പ്രകാശമാകുന്നു...
മനുഷ്യർ നിങ്ങളുടെ സത്പ്രവൃത്തികൾ കണ്ട്,
സ്വർഗസ്ഥനായ നിങ്ങളുടെ പിതാവിനെ
മഹത്ത്വപ്പെടുത്തേണ്ടതിന് നിങ്ങളുടെ വെളിച്ചം
അവരുടെ മുമ്പിൽ പ്രകാശിക്കട്ടെ."

(മത്തായി 5: 14–16)

*'സാന്ത്വനപ്രകാശമേ, നയിച്ചാലും'*

# സാന്ത്വനപ്രകാശം

## പാലാ രൂപത ബുള്ളറ്റിൻ

**JUNE 2022**
**Vol. LXXII No. 6**

# CONTENTS


ഇടയലേഖനം ........................................................................ 397

കെ.സി.ബി.സി. സർക്കുലർ ........................................................ 404

സർക്കുലർ ........................................................................ 413

സർക്കുലർ- ലോകമാധ്യമദിനസന്ദേശം ...................................... 422

വാർഷികധ്യാനം ................................................................ 433

കച്ചേരിക്കാര്യം ................................................................... 439

അറിയിപ്പുകൾ ...................................................................... 441

വാർത്തകൾ ......................................................................... 447

അഭിവന്ദ്യ പിതാക്കന്മാരുടെ ഡയറി ........................................ 488

**ഇടയലേഖനം - 67**

# പന്തക്കുസ്താനിറവിൽ വിശ്വാസപരിശീലനവർഷാരംഭം

**മാർ ജോസഫ് കല്ലറങ്ങാട്ട്**

**രൂപതയിലെ വൈദികർക്കും സന്ന്യാസിനീസന്ന്യാസികൾക്കും വിശ്വാസികൾ ഏവർക്കും എഴുതുന്നത്.**

**നമ്മുടെ കർത്താവീശോമിശിഹായിൽനിന്ന് കൃപയും സമാധാനവും നിങ്ങൾക്കുണ്ടായിരിക്കട്ടെ.**

മിശിഹായിൽ സ്നേഹം നിറഞ്ഞ സഹോദരീസഹോദരന്മാരേ,

സ്വർഗ്ഗാരോഹണത്തിനുമുമ്പ് ഈശോ തന്റെ ശിഷ്യർക്കു പ്രേഷിതദൗത്യം നൽകിക്കൊണ്ടു പറഞ്ഞു: 'നിങ്ങൾ ലോകമെങ്ങും പോയി എല്ലാ ജനതകളെയും ശിഷ്യപ്പെടുത്തുവിൻ. പിതാവിന്റെയും പുത്രന്റെയും പരിശുദ്ധാത്മാവിന്റെയും നാമത്തിൽ അവർക്കു മാമ്മോദീസാ നൽകുവിൻ. ഞാൻ നിങ്ങളോടു കല്പിച്ചവയെല്ലാം അനുസരിക്കാൻ അവരെ പഠിപ്പിക്കുവിൻ' (മത്താ.28:19, 20). അങ്ങനെ തങ്ങൾ കേട്ടതും സ്വന്തം കണ്ണുകൾകൊണ്ടു കണ്ടതും സൂക്ഷിച്ചു വീക്ഷിച്ചതും കൈകൊണ്ടു സ്പർശിച്ചതുമായ ജീവന്റെ വചനത്തെപ്പറ്റി അറിയിക്കാനും സാക്ഷ്യപ്പെടുത്താനും പ്രഘോഷിക്കാനുമുള്ള ചുമതല (1 യോഹ.1 :1,2) ഈശോ അവരെ ഭരമേല്പിച്ചു. ശ്ലീഹന്മാർ പരിശുദ്ധ റൂഹായാകുന്ന ഉന്നതത്തിൽനിന്നുള്ള ശക്തി ധരിച്ച് 'നവജീവന്റെ വചനം' (അപ്പ. 5:20) എല്ലാ ജനങ്ങളോടും പ്രസംഗിക്കുകയും വിശ്വാസികളുടെ സമൂഹ

ങ്ങൾക്കു രൂപംകൊടുക്കുകയും ചെയ്തു. ശ്ലീഹന്മാരിൽ നിന്നു 'കർത്താവിന്റെ മാർഗ്ഗത്തെക്കുറിച്ചറിഞ്ഞ' (അപ്പ.18:25) അവർ തങ്ങൾ സ്വീകരിച്ച വിശ്വാസത്തിന്റെ നിക്ഷേപത്തെ വിശ്വസ്തതയോടെ പരിരക്ഷിക്കുകയും തലമുറകളിലൂടെ കൈമാറുകയും ചെയ്തു. ഈ വിശ്വാസ കൈമാറ്റം അവർ നിർവ്വഹിച്ചതു തങ്ങളുടെ വിശ്വാസം പരസ്യമായി ഏറ്റുപറഞ്ഞുകൊണ്ടും പരസ്നേഹത്തില ധിഷ്ഠിതമായ കൂട്ടായ്മയിൽ ജീവിച്ചുകൊണ്ടും ദൈവാ രാധനയിലൂടെയും പ്രാർത്ഥനകളിലൂടെയും ആഘോഷിച്ചു കൊണ്ടുമാണ്. സഭ ഇന്ന് നടത്തുന്ന വിശ്വാസപരിശീലന പ്രവർത്തനങ്ങളെല്ലാം ആദിമസഭയുടെ ഈ വിശ്വാസ കൈമാറ്റത്തിന്റെ കാലികരൂപമാണ്.

വിശ്വാസത്തെക്കുറിച്ചുള്ള അറിവിലും അനുഭവ ത്തിലും ജീവിതത്തിലുമുള്ള വളർച്ചയും പക്വതപ്രാപി ക്കലും വിശ്വാസപരിശീലനത്തിന്റെ ലക്ഷ്യമാണ്. ഏകരക്ഷകനും കർത്താവും ദൈവവുമായ ഈശോമിശി ഹായെക്കുറിച്ചുള്ള ജ്ഞാനത്തിൽ ഒരുവൻ അനുദിനം വളർന്ന് മാമ്മോദീസായിൽ അവനിൽ വിതയ്ക്കപ്പെട്ട വിശ്വാസവിത്തിനു നൂറുമേനി ഫലം പുറപ്പെടുവിക്കണം. ബാലനായ ഈശോയെക്കുറിച്ചു വിശുദ്ധ ലൂക്കാ അറിയിച്ച സുവിശേഷത്തിൽ ഇപ്രകാരം രേഖപ്പെടുത്തിയിരിക്കുന്നു: 'ഈശോ ജ്ഞാനത്തിലും പ്രായത്തിലും ദൈവത്തിന്റെയും മനുഷ്യരുടെയും പ്രീതിയിലും വളർന്നുവന്നു' (ലൂക്കാ 2:52). നാം നടത്തുന്ന വിശ്വാസപരിശീലനപ്രവർത്തനങ്ങളിലൂടെ മിശിഹാരഹസ്യത്തെക്കുറിച്ചുള്ള ജ്ഞാനത്തിൽ ഒരുവൻ വളർച്ച പ്രാപിക്കണം. അതോടൊപ്പം ദൈവത്തിന്റെയും മനുഷ്യരുടെയും സംപ്രീതിയിൽ വളരുകയും വേണം.

ഉത്തമ ക്രൈസ്തവ – ആധ്യാത്മിക – കൗദാശിക ജീവിതത്തിലൂടെയാണ് ഈ വളർച്ച വെളിവാക്കേണ്ടത്.

വിശ്വാസത്തിന്റെ ആഘോഷവേദി ലിറ്റർജി അഥവാ ദൈവാരാധനയാണ്. ദൈവാരാധന ഒഴിവാക്കി ഒരു വിശ്വാസപരിശീലനപദ്ധതിയും സാധ്യമല്ല. ദൈവാരാധനയെ വ്യാഖ്യാനിച്ചു പഠിപ്പിക്കുന്നതായിരുന്നു ആദിമസഭയിലെ പിതാക്കന്മാരുടെ വിശ്വാസപരിശീലനരീതി. ദൈവാരാധനയിൽ, കൂദാശകളുടെ ആഘോഷത്തിൽ വെളിവാക്കപ്പെട്ട മിശിഹാരഹസ്യത്തെക്കുറിച്ചാണു സഭാപിതാക്കന്മാർ വിശ്വാസപരിശീലനപ്രബോധനങ്ങൾ എഴുതിയത്. ജറുസലേമിലെ വി. സിറിൽ പറയുന്നു: 'രഹസ്യങ്ങളെക്കുറിച്ചുള്ള ഈ ആമുഖപഠനങ്ങൾ നമുക്കു പ്രയോജനകരങ്ങളാണ്. കാരണം, അവ മിശിഹാരഹസ്യത്തെക്കുറിച്ചു, സത്യത്തെക്കുറിച്ചു നവീനമായ ചിന്തകളും വെളിപ്പെടുത്തലുകളും നമുക്കു നൽകുന്നു'. വിശ്വാസപരിശീലനത്തിന്റെ അനുഷ്ഠാനപരവും ആഘോഷാത്മകവുമായ മാർഗ്ഗമാണ് ദൈവാരാധന. സഭയുടെ വിശ്വാസത്തിന്റെ ന്യൂക്ലിയസ് ദൈവാരാധനയുടെ പ്രാർത്ഥനകളിലൂടെ പ്രഘോഷിക്കപ്പെടുന്നുണ്ട്. അതിനാൽ, ദൈവാരാധനയോട്, പരമപ്രധാനമായി വിശുദ്ധ കുർബാനയർപ്പണത്തോടു ചേർന്നാണു വിശ്വാസപരിശീലനക്ലാസ്സുകൾ സംഘടിപ്പിക്കേണ്ടത്. വിശുദ്ധ കുർബാനയുടെ പൂർണ്ണവും ശരിയായതും സജീവവുമായ ആഘോഷം നേർദിശയിലുള്ള വിശ്വാസപരിശീലനത്തിന് അത്യന്താപേക്ഷിതമാണ്.

സഭയുടെ അടിസ്ഥാനഘടകമായ കുടുംബത്തിലാണ് വിശ്വാസപരിശീലനത്തിന്റെ പ്രഥമവും പ്രധാന

വുമായ പാഠങ്ങൾ നൽകപ്പെടുന്നത്. വിശ്വാസത്തിന്റെ ബാലപാഠങ്ങൾ പകർന്നുകൊടുക്കുന്ന മാതാപിതാക്കൾ തന്നെയാണ് കുട്ടികളുടെ നിതാന്തവിശ്വാസപരിശീലകരും. കുടുംബാംഗങ്ങൾ ഒന്നിച്ചുള്ള പ്രാർത്ഥനയും ഭക്ഷണവും അധ്വാനവും വിനോദവും വിശേഷങ്ങൾ പങ്കുവയ്ക്കലു മെല്ലാം വിശ്വാസവളർച്ചയ്ക്കും കുടുംബങ്ങളുടെ കെട്ടു റപ്പിനും സഹായിക്കുന്ന കാര്യങ്ങളാണ്. കുട്ടികൾ വിശുദ്ധ ഗ്രന്ഥം അനുദിനം വായിക്കുന്നുണ്ടെന്നു മാതാപിതാക്കൾ ഉറപ്പുവരുത്തണം. സഭയുടെ ഔദ്യോഗിക ആരാധനാ പ്രാർത്ഥനകളിൽപ്പെടുന്ന യാമപ്രാർത്ഥനകൾ കുടുംബ ങ്ങളിൽ ചൊല്ലുന്ന പതിവ് ആരംഭിക്കണം. നമ്മുടെ കുട്ടി കൾ തെറ്റായ ആശയങ്ങളുടെയും ബന്ധങ്ങളുടെയും ശീലങ്ങളുടെയും പിടിയിൽ പെടാതിരിക്കാൻ വലിയ ശ്രദ്ധയും ജാഗ്രതയും ആവശ്യമായ ഒരു കാലത്താണ് നാം ജീവിക്കുന്നതെന്ന് എല്ലാവരും ഓർക്കണം. ഭൗതികമായ അറിവ് കുട്ടികൾക്കു കൊടുക്കാനുള്ള വ്യഗ്രതയ്ക്കിടയിൽ മരണത്തിലും വിജയം നേടിക്കൊടുക്കുന്ന ഉത്തമവിശ്വാസ ബോധ്യങ്ങൾ കുഞ്ഞുങ്ങൾക്കു നൽകുന്നതിൽ നാം അലംഭാവം കാണിക്കുകയോ വീഴ്ചവരുത്തുകയോ ചെയ്യരുത്.

സഭയുടെ വിശ്വാസത്തിന്റെ ആഘോഷം നടക്കുന്ന ഇടമായ ഇടവകദൈവാലയത്തോടു ബന്ധപ്പെട്ടാണ് ക്രമീകൃതമായ ഒരു വിശ്വാസപരിശീലനപാഠ്യപദ്ധതിയെ അധികരിച്ചു കുട്ടികളുടെ പ്രായക്രമമനുസരിച്ചുള്ള വിശ്വാസപരിശീലനക്ലാസ്സുകൾ നൽകിവരുന്നത്. അതിന് ആവശ്യമായ ഭൗതികസാഹചര്യങ്ങളെല്ലാം ഒരുക്കാൻ വികാരിയച്ചന്മാരുടെ നേതൃത്വത്തിൽ ഇടവക മുഴുവനും

കൂട്ടായി പരിശ്രമിക്കണം. ഒരു ഇടവകയുടെ ഏറ്റവും പ്രധാനപ്പെട്ട അജപാലനമേഖല കുഞ്ഞുങ്ങളുടെ വിശ്വാസ പരിശീലനമാണ്. അതിൽ സംഭവിക്കുന്ന കുറവുകൾ വരുംതലമുറകളിൽ സൃഷ്ടിക്കുന്ന ആഘാതം വളരെ വലുതായിരിക്കും.

നമ്മുടെ വിശ്വാസപരിശീലനപ്രവർത്തനങ്ങളിൽ ഇടവകയിലെ വൈദികരോട് ഏറ്റവും അടുത്തു സഹകരിക്കുന്നവരാണ് വിശ്വാസപരിശീലകർ. സഭയിലെ ഏറ്റവും ശ്രേഷ്ഠമായ ഒരു ശുശ്രൂഷയാണ് അവർ നിർവഹിക്കുന്നത്. കർത്താവിന്റെ മാർഗ്ഗത്തിൽ കുഞ്ഞുങ്ങളെ പരിശീലിപ്പിക്കുന്നവരാണവർ. ഈശോയുമായി ഒരുവനെ ഗാഢമായി ഐക്യപ്പെടുത്തുക, സത്യത്തെക്കുറിച്ചുള്ള പൂർണ്ണമായ അറിവ് അവനു നൽകുക, ഉത്തമ ക്രൈസ്തവ-ആധ്യാത്മികജീവിതത്തിലേക്കു അവനെ നയിക്കുക എന്നിവയാണ് വിശ്വാസപരിശീലകന്റെ ധർമ്മം. നിസ്സാരമായി ചെയ്യാവുന്ന ഒരു കാര്യമായി ഇതിനെ കാണരുത്. വിശ്വാസകാര്യങ്ങളിൽ നല്ല അറിവുള്ളവരും കൂദാശകളുടെ ആഘോഷത്തിൽ സജീവമായി പങ്കെടുക്കുന്നവരും മാതൃകാപരമായ ക്രൈസ്തവജീവിതം നയിക്കുന്നവരും പൊതുസ്വീകാര്യതയുള്ളവരും മിശിഹാരഹസ്യത്തെക്കുറിച്ചുള്ള അറിവിൽ ആഴപ്പെടാൻ നിരന്തരം പരിശ്രമിക്കുന്നവരുമായിരിക്കണം വിശ്വാസപരിശീലകർ. അവർ നമ്മുടെ വിശ്വാസത്തിനെതിരായി ഉയർന്നുവരുന്ന വെല്ലുവിളികളെ തിരിച്ചറിയാനും അതിനെതിരേ നിലപാടുകളെടുക്കാനും കഴിവുള്ളവരായിരിക്കണം. സിനിമപോലെയുള്ള കലാരൂപങ്ങളിലൂടെയും മറ്റു ദൃശ്യ-ശ്രാവ്യ - സാമൂഹ്യമാധ്യമങ്ങളിലൂടെയും നമ്മുടെ

വിശ്വാസത്തെയും വിശുദ്ധവസ്തുക്കളെയും വിശുദ്ധ ചിന്തകളെയും വിശുദ്ധ പാരമ്പര്യത്തെയും വിലകുറച്ചു കാണിക്കുകയും വികലമായി അവതരിപ്പിക്കുകയും പരസ്യമായി അവഹേളിക്കുകയും ചെയ്യുന്ന സമകാലിക സമൂഹത്തിൽ ശരിയായ ക്രൈസ്തവവിശ്വാസം എന്തെന്നു പഠിപ്പിക്കുകയും പ്രഘോഷിക്കുകയും ജീവിത സാക്ഷ്യത്തിലൂടെ അടയാളപ്പെടുത്തുകയും ചെയ്യുന്ന യഥാർത്ഥവിശ്വാസസംരക്ഷകരും സൂക്ഷിപ്പുകാരുമാകാൻ വിശ്വാസപരിശീലകർക്കു കഴിയണം. വി. പൗലോസ് ശ്ലീഹാ തിമോത്തിയോസിനോടു പറയുന്നത് നമുക്കോരോരുത്തർക്കുമുള്ള ആഹ്വാനമായി ഉൾക്കൊള്ളാം: 'സത്യത്തിന്റെ വചനം ഉചിതമായി കൈകാര്യം ചെയ്തുകൊണ്ട്, അഭിമാനിക്കാൻ അവകാശമുള്ള വേലക്കാരനായി ദൈവതിരുമുമ്പിൽ അർഹതയോടെ പ്രത്യക്ഷപ്പെടാൻ ഉത്സാഹപൂർവ്വം പരിശ്രമിക്കുക' (1 തിമോ. 2:15). വിശ്വാസത്തെ രക്തസാക്ഷിത്വത്തിലൂടെ സംരക്ഷിച്ച ഭാരതത്തിൽനിന്നുള്ള ആദ്യത്തെ അല്മായ വിശുദ്ധനായ ദേവസഹായംപിള്ളയെ നമുക്ക് ഹൃദയത്തിൽ സൂക്ഷിക്കാം.

ഇന്ന്, പന്തക്കുസ്താതിരുനാൾ ദിനത്തിൽ നമ്മുടെ രൂപതയിലെ എല്ലാ ഇടവകകളിലും വിശ്വാസപരിശീലന ക്ലാസ്സുകൾ ആരംഭിക്കുകയാണ്. പരിശുദ്ധ റൂഹായുടെ ആവാസത്താൽ ലഭിക്കുന്ന ശക്തിയാൽ മിശിഹാ രഹസ്യത്തിന്റെ 'നീളവും വീതിയും ഉയരവും ആഴവും ഗ്രഹിക്കാൻ' (എഫേ. 3:18) നിങ്ങൾക്കു കഴിയട്ടെ. ഞായറാഴ്ചകൾ പൂർണമായും കൂദാശകളിൽ പങ്കുചേരുന്നതിനും പരസ്നേഹപ്രവൃത്തികൾ ചെയ്യുന്നതിനും

വിശ്വാസപരിശീലനത്തിനുമായി മാറ്റിവച്ച് 'കർത്താവിന്റെ ദിവസം' ശരിയായി ആചരിക്കവാൻ നമുക്കു സാധിക്കണം. രൂപതാകേന്ദ്രത്തിൽനിന്നു നൽകുന്ന നിർദ്ദേശങ്ങൾക്കനുസരിച്ചു വിശ്വാസപരിശീലനരംഗം ചിട്ടയായി ഇടവകകളിൽ ക്രമീകരിക്കാൻ എല്ലാവരും ശ്രദ്ധിക്കണം. പന്തക്കുസ്താത്തിരുനാളിന്റെ മംഗളങ്ങൾ എല്ലാവർക്കും ഏറെ സ്നേഹത്തോടെ നേരുന്നു. എല്ലാ വിശ്വാസപരിശീലകരെയും കുട്ടികളെയും അനുമോദിക്കുകയും പുതിയ വിശ്വാസപരിശീലനവർഷം ദൈവാനുഗ്രഹപ്രദമാകട്ടെ എന്ന് പ്രാർത്ഥിക്കുകയും ചെയ്യുന്നു.

മിശിഹായിൽ സ്നേഹപൂർവ്വം,

+ Jos Kallarangatt

മെത്രാസനമന്ദിരം
പാലാ, 31-05-2022

**ബിഷപ് ജോസഫ് കല്ലറങ്ങാട്ട്**
പാലാ രൂപത മെത്രാൻ

NB: ഈ ഇടയലേഖനം **2022 ജൂൺ 5-ാം തീയതി ഞായറാഴ്ച** എല്ലാ ദൈവാലയങ്ങളിലും പരിശുദ്ധ കുർബാന അർപ്പണമുള്ള മഠങ്ങളിലും സ്ഥാപനങ്ങളിലും കുർബാനമധ്യേ വായിക്കേണ്ടതാണ്.

Ref: 3710/K-5/KCBC/OL/DS 25.05.2022

# കേരള സഭാനവീകരണം 2022-2025

## കെസിബിസി പുറപ്പെടുവിക്കുന്ന 2-ാമത് സർക്കുലർ

നമ്മൾ കഴിഞ്ഞ ഞായറാഴ്ച പന്തക്കുസ്താ തിരുനാൾ ആചരിച്ചു. എല്ലാവർക്കും തിരുനാളിന്റെ അനുഗ്രഹങ്ങൾ ആശംസിക്കുന്നു. സഭയെ നിരന്തരം നയിക്കുന്ന ദൈവാത്മാവിന്റെ സ്വരത്തിനു കാതോർത്താണ് പ്രാരംഭകാലം മുതൽ സഭ യാത്ര ചെയ്തിട്ടുള്ളത്. പരിശുദ്ധാത്മപ്രകാശത്തിൽ കാലത്തിന്റെ അടയാളങ്ങളെ വ്യാഖ്യാനിക്കുകയും ദൈവികപദ്ധതിയുടെ ശുശ്രൂഷകൾക്കായി പിൻചെല്ലേണ്ട പാതകൾ നിർണയിക്കുകയും ചെയ്യുകയെന്നത് സഭയുടെ എക്കാലത്തെയും വെല്ലുവിളിയും ദൗത്യവുമാണ്. ഈ വെല്ലുവിളി ഏറ്റെടുത്തുകൊണ്ട് കേരള കത്തോലിക്കാസഭ ഒരു നവീകരണയജ്ഞത്തിനു തയ്യാറാവുകയാണ്.

പോൾ ആറാമൻ പാപ്പാ പഠിപ്പിക്കുന്നതുപോലെ, സഭ സുവിശേഷകയാണ്; അവൾ ഈ ദൗത്യം ആരംഭിക്കുന്നത് തന്നെത്തന്നെ സുവിശേഷവത്കരിച്ചുകൊണ്ടാണ്. താൻ വിശ്വസിക്കുന്ന കാര്യങ്ങൾ അവൾ ഇടതടവില്ലാതെ കേട്ടുകൊണ്ടിരിക്കണം; തന്റെ പ്രത്യാശയ്ക്കുള്ള കാരണങ്ങളും സ്നേഹപ്രമാണത്തെക്കുറിച്ചും അവൾ കേൾക്കണം (EN 41). സഭയുടെ എല്ലാ പ്രഘോഷണങ്ങളുടെയും ആദ്യസ്വീകർത്താവ് സഭ തന്നെയാകണം. മറ്റുള്ളവർക്കുവേണ്ടിയല്ല, സഭയ്ക്കുവേണ്ടിത്തന്നെയാണ് സുവിശേഷപ്രഘോഷണം ആദ്യം നടക്കേണ്ടത്. സഭ സഭയോടുതന്നെ സുവിശേഷം പ്രസംഗിച്ചില്ലെങ്കിൽ സഭ സഭയല്ലാതാകും. അങ്ങനെവന്നാൽ, അതൊരു സാമ്രാജ്യശക്തിയോ സമുദാ

യമോ ലൗകികസംവിധാനമോ ആയിത്തീരും. സഭയെ നമ്മൾ ഒരു NGO ആക്കരുതെന്ന് ഫ്രാൻസിസ് പാപ്പാ നമ്മെ ഓർമ്മപ്പെടുത്തുന്നു. സുവിശേഷ മൂല്യങ്ങൾ സഭയുടെ അകവും പുറവും നിർണയിക്കുമ്പോഴാണ് സഭ പ്രേഷിതയാകുന്നത്. കേരളസഭ ലക്ഷ്യംവയ്ക്കുന്ന മാനസാന്തരം ഇതാണ്.

കേരള കത്തോലിക്കാസഭ ഒരു നവീകരണപാതയിലേക്കു കടക്കുന്നതു സംബന്ധിച്ച് കെസിബിസി നേരത്തേ പുറപ്പെടുവിച്ച ഒരു സർക്കുലറിൽ പറഞ്ഞിരുന്നതാണല്ലോ. 2022 ജൂൺ 05 പെന്തക്കുസ്താദിനത്തിരുന്നാളിലാണ് കേരളസഭാനവീകരണ കാലഘട്ടം ഔദ്യോഗികമായി ആരംഭിച്ചതെങ്കിലും **കെസിബിസി സമ്മേളനത്തോടനുബന്ധിച്ച് ജൂൺ 7 ചൊവ്വാഴ്ച ഉച്ചകഴിഞ്ഞ് 3 മണിക്ക് പാലാരിവട്ടം പിഒസിയിൽ അർപ്പിച്ച പൊന്തിഫിക്കൽ ദിവ്യബലിയോടെ ഔപചാരിക ഉദ്ഘാടനം നിർവഹിച്ചു.** 2025 ജൂൺ 8 പെന്തക്കുസ്താത്തിരുനാൾവരെയാണ് നവീകരണകാലഘട്ടം.

**അനിവാര്യമായ നവീകരണം**

“സഭ ക്രിസ്തുവിൽ പണിയപ്പെട്ടുകൊണ്ടിരിക്കുന്ന ഭവനം” എന്നതാണ് നവീകരണയജ്ഞത്തിന്റെ ആപ്തവാക്യം. ആഗോള കത്തോലിക്കാസഭയിൽ സംഘടിപ്പിക്കപ്പെടുന്ന സിനഡാത്മകതയ്ക്കുവേണ്ടിയുള്ള സിനഡിന്റെ (synod on synodality) പശ്ചാത്തലത്തിൽക്കൂടിയാണ് കേരള സഭാനവീകരണം നടക്കുന്നത്. കൂട്ടായ്മയുടെയും സഹവർത്തിത്വത്തിന്റെയും പ്രേഷിതാത്മകതയുടെയും സിനഡാത്മകസഭയായി കേരളസഭയും രൂപം പ്രാപിക്കണം. മാത്രമല്ല, കോവിഡ് മഹാമാരി സഭയിലും സമൂഹത്തിലും ഏല്പിച്ച പ്രഹരങ്ങളെ തരണംചെയ്യുന്നതിന്റെ ഭാഗമായി സഭയുടെ അജപാലന ദൗത്യവും സാക്ഷ്യവും സജീവമാക്കേണ്ടിയിരിക്കുന്നു. 2025-ാമാണ്ട് കത്തോലിക്കാസഭയിൽ ആചരിക്കപ്പെടുന്ന, ജൂബിലിവർഷത്തിലേക്ക് പ്രത്യാ

ശയുടെ തീർത്ഥാടകർ എന്ന ആപ്തവാക്യത്തോടെ ഫ്രാൻസിസ് പാപ്പാ എല്ലാവരെയും സ്വാഗതം ചെയ്തുകഴിഞ്ഞു. അതോടൊപ്പം, 2033-ാമാണ്ട് ആഗോളസഭ മുഴുവൻ രക്ഷയുടെ മഹാജൂബിലിയാഘോഷത്തിനായും ഒരുങ്ങുന്നു. നവീകൃതമായ ഒരു സഭയിലാണ് ജൂബിലിയാഘോഷങ്ങൾ അർത്ഥപൂർണമാകുന്നത്. നമ്മുടെ സഭയെ സംബന്ധിച്ചിടത്തോളം സഭാകൂട്ടായ്മയിലും ദൗത്യനിർവഹണത്തിലും കടന്നുവന്നിട്ടുള്ള അപചയങ്ങളും വീഴ്ചകളും കണ്ടെത്തി പരിഹരിക്കുന്നതിലൂടെയാണ് നവീകരണം സാധ്യമാകുന്നത്.

**കേരളസഭാ നവീകരണമേഖലകൾ**

കേരള മെത്രാൻ സമിതിയുടെ മേൽനോട്ടത്തിൽ കേരളസഭാനവീകരണം ആസൂത്രണം ചെയ്തിരിക്കുന്നത് പ്രധാനമായും 12 മേഖലകളെ അടിസ്ഥാനമാക്കിയാണ്.

**1. കൂട്ടായ്മയിലേക്കുള്ള മാനസാന്തരം**

ക്രിസ്തു ശിരസ്സായുള്ള ശരീരമാണ് സഭ. സഭാമക്കൾ എന്ന നിലയിൽ ദൈവം നമ്മെ വിളിച്ചിരിക്കുന്നത് ഒറ്റപ്പെട്ട വ്യക്തികളായല്ല, ഒരു ജനതയെന്ന നിലയിലാണ് (GS 22). കൂട്ടായ്മയാണ് സഭയുടെ ശക്തി. സഭാകൂട്ടായ്മയിൽ ഇന്നു കടന്നുവന്നിട്ടുള്ള മുറിവുകളും ഭിന്നതകളും ഇല്ലാതാകണം. ഇത് പരിഹരിക്കുകയും കൂട്ടായ്മ ശക്തിപ്പെടുത്തുകയും ചെയ്യേണ്ടത് സഭാമക്കൾ എന്ന നിലയിൽ നമ്മുടെ കടമയാണ്.

**2. പ്രാർത്ഥനാജീവിതം**

നമ്മുടെ ആത്മീയമേഖലകൾ ഭൗതികവത്കരിക്കപ്പെടാൻ ഇടയാകരുത്. ദൈവവിശ്വാസത്തിൽ ആഴപ്പെടുത്തുന്ന തരത്തിലുള്ള ആത്മീയപരിശീലനം കുട്ടികൾക്കും കുടുംബങ്ങൾക്കും ലഭിക്കണം. വിശ്വാസം, ദൈവവചനം, വിശുദ്ധ കുർബാന എന്നീ അടിസ്ഥാനവിഷയങ്ങളിൽ സഭാ പ്രേഷിതത്വം ഊന്നൽ നല്കണം. സഭയെ നിരന്തരം നയിക്കുന്ന

പരിശുദ്ധാത്മാവിന്റെ സ്വരത്തിനു കാതോർക്കാൻ നാം കൂടുതൽ തയ്യാറാകണം.

**3. വിശ്വാസപരിശീലനം**

കാലോചിതവും ക്രിസ്തുസാക്ഷ്യത്തിന് ഉപകരിക്കുന്നതുമായ വിശ്വാസപരിശീലനം കുട്ടികൾക്കും യുവജനങ്ങൾക്കും മുതിർന്നവർക്കും ലഭിക്കത്തക്കവിധം നിലവിലുള്ള മതബോധനസംവിധാനങ്ങൾ പരിഷ്കരിക്കണം. കുടുംബങ്ങളുടെ രൂപീകരണത്തിനും സാമുദായിക കെട്ടുറപ്പിനും വിശ്വാസപരിശീലനം സഹായിക്കണം. ഭൗതികസുവിശേഷത്തിന്റെ സംസ്കാരത്തിന് ഊന്നൽ നല്കുന്നിടത്ത് വിശ്വാസരൂപീകരണവും പ്രേഷിതശിഷ്യത്വവും അന്യമാകും.

**4. അനുരഞ്ജനമേഖലകൾ**

വിശ്വാസികളുടെ സമൂഹമായ സഭ ദൈവജനത്തിന്റെ കൂട്ടായ്മയാകയാൽ മുറിവേറ്റവരുമായുള്ള അനുരഞ്ജനം കൂടാതെ സഭയ്ക്കു മുന്നോട്ടു പോകാനാവില്ല. സഭകൾക്കിടയിലും ഇടവകതലങ്ങളിലും കുടുംബങ്ങളിലുമൊക്കെയുള്ള മുറിവുകൾ ഉണങ്ങണം. പരസ്പരം ക്ഷമിക്കാനും പൊറുക്കാനും സഹായകരമായ അവസരങ്ങൾ ഒരുക്കപ്പെടണം. നിലനില്ക്കുന്ന സംവിധാനങ്ങൾക്കപ്പുറം നമുക്ക് ഒന്നും ചെയ്യാനില്ല എന്ന കാഴ്ചപ്പാടുകൾ മാറണം.

**5. ദരിദ്രരുടെ സഭ**

ദരിദ്രരും പാർശ്വവത്കരിക്കപ്പെട്ടവരും അനാഥരും വിധവകളും രോഗികളും നിരാലംബരും വൃദ്ധജനങ്ങളും ഭവനരഹിതരും പീഡനങ്ങളേല്ക്കുന്നവരും കുഞ്ഞുങ്ങളുമെല്ലാം എക്കാലവും സഭയുടെ പ്രേഷിത ശുശ്രൂഷകളിൽ പ്രഥമ പരിഗണന അർഹിക്കുന്നവരാണ്. ജീവകാരുണ്യപ്രവർത്തനങ്ങളും ദരിദ്രസേവനവും സഭയുടെ മുഖമുദ്രയാണ്. ഈ സത്യം വിസ്മ

രിച്ചു നമ്മൾ ചെയ്യുന്ന കാര്യങ്ങളെല്ലാം സുവിശേഷവിരുദ്ധ മാകും.

**6. പ്രേഷിത മാനസാന്തരം**

സ്വഭാവത്താലേ പ്രേഷിതയായ സഭയുടെ പ്രേഷിത പ്രവർത്തനങ്ങളുടെയും അജപാലനദൗത്യങ്ങളുടെയും മേഖ ലയിൽ മാനസാന്തരം സംഭവിക്കണം. സഭയുടെ സ്ഥാപന ങ്ങളും സംവിധാനങ്ങളുമെല്ലാം പ്രേഷിതാഭിമുഖ്യത്തോടെ പരിഷ്കരിക്കപ്പെടണം.

**7. വൈദിക-സന്ന്യസ്തപ്രേഷിതത്വം**

സഭയിൽ അജപാലനശുശ്രൂഷയും പ്രേഷിതശുശ്രൂ ഷയും രണ്ടുതട്ടുകളിലല്ല. പ്രേഷിതസ്വഭാവം നഷ്ടപ്പെട്ട സമർപ്പിതസമൂഹം ദൈവരാജ്യം പടുത്തുയർത്തുന്ന ദൗത്യ ത്തിൽ പരാജയപ്പെടുകയാണെന്നു തിരിച്ചറിയണം. വൈദി കർക്കും സന്ന്യസ്തർക്കും പ്രേഷിതരൂപീകരണം നല്കാൻ പ്രത്യേകം ശ്രദ്ധ പതിപ്പിക്കണം. വൈദിക-സന്ന്യസ്ത-അ ല്മായ പരിശീലനമേഖലകൾ പ്രേഷിതാഭിമുഖ്യത്തോടെ കാലോചിതമായി നവീകരിക്കപ്പെടണം.

**8. കുടുംബപ്രേഷിതശുശ്രൂഷ**

കോവിഡ് കാലം സമൂഹത്തിലും കുടുംബത്തിലും ഏല്പിച്ചിട്ടുള്ള ക്ഷതങ്ങൾ തിരിച്ചറിഞ്ഞ് സഭയുടെ കുടുംബ പ്രേഷിതശൈലിയിലും മാറ്റം അനിവാര്യമായിരിക്കുന്നു. 'ഹോം മിഷൻ' ഉൾപ്പെടെയുള്ള സഭയുടെ കുടുംബപ്രേഷിത ശുശ്രൂഷകൾ സജീവമാകണം. കുട്ടികളെ സുകൃതങ്ങളിൽ വളർത്താനും ഉത്തരവാദിത്വത്തോടെ ജീവിക്കാനും സഹാ യിക്കുംവിധം അവരുടെ ആത്മീയ മാനസിക ശാരീരിക ബൗദ്ധിക വളർച്ചയ്ക്കു തുല്യപ്രാധാന്യം കൊടുത്തുകൊ ണ്ടുള്ള കർമ്മപദ്ധതികൾ ആവിഷ്കരിക്കണം. ഇക്കാര്യ ത്തിൽ കുടുംബങ്ങൾക്കു നഷ്ടമായിക്കൊണ്ടിരിക്കുന്ന ഇച്ഛാ ശക്തി തിരിച്ചുപിടിക്കണം.

### 9. അല്മായ പ്രേഷിതത്വവും പങ്കാളിത്തവും

സഭയുടെ അല്മായ പ്രേഷിതത്വത്തിനും പങ്കാളിത്വത്തിനും യോജിച്ചവണ്ണം സഭാസംവിധാനങ്ങൾ പരിഷ്കരിക്കപ്പെടണം. ക്രിസ്തുവിന്റെ പുരോഹിത-പ്രവാചക-രാജകീയ ധർമ്മങ്ങളിൽ പങ്കാളികളും ദൈവം ഭരമേല്പിച്ചിരിക്കുന്ന രക്ഷാകരദൗത്യം ലോകത്തിൽ പൂർത്തീകരിക്കാൻ വിളിക്കപ്പെട്ടവരുമായ അല്മായവിശ്വാസികളെ തങ്ങളുടെ ജീവിതാവസ്ഥയ്ക്കനുസൃതം ആ ദൗത്യം നിർവഹിക്കുന്നതിന് സഭയുടെയും സമൂഹത്തിന്റെയും ശുശ്രൂഷകളിലും ഭരണനിർവഹണസംവിധാനങ്ങളിലും സജീവപങ്കാളികളാകാൻ സഹായിക്കുന്ന ക്രമീകരണങ്ങൾ ഒരുക്കണം.

### 10. യുവജനശുശ്രൂഷ

യുവജനങ്ങളാണ് സഭയുടെ സമ്പത്തെന്നു തിരിച്ചറിഞ്ഞുകൊണ്ട്, സഭയോടും സമൂഹങ്ങളോടും പ്രതിജ്ഞാബദ്ധതയുള്ള യുവതലമുറയെ രൂപപ്പെടുത്താനും 'സഭ എന്റെ ഭവനം' എന്ന വികാരം യുവജനങ്ങളിൽ വളർത്താനും ആവശ്യമായ കർമ്മപദ്ധതികൾ ആവിഷ്കരിച്ചുകൊണ്ട് സഭയിലെ യുവജനശുശ്രൂഷാ മേഖലകൾ നവീകരിക്കപ്പെടണം.

### 11. പരിസ്ഥിതിപരമായ മാനസാന്തരം

പരിസ്ഥിതി വിഷയം പൊതുസമൂഹത്തിൽ ഒരു ധാർമ്മിക വിഷയമായി അവതരിപ്പിക്കാൻ സഭയ്ക്കു കഴിയണം. പരിസ്ഥിതി നാശത്താൽ അപഹരിക്കപ്പെടുന്ന ജീവനും പരിസ്ഥിതിയുടെ പേരിൽ ചൂഷണം ചെയ്യപ്പെടുന്ന ദരിദ്രവിഭാഗവും സഭയുടെ നൊമ്പരം മാത്രം മാത്രമാകരുത്. ഈ മേഖലകളിൽ സഭയുടെ പ്രവാചകസ്വരം ശക്തമാകണം.

### 12. സംവാദത്തിന്റെ മേഖലകൾ

കേരള കത്തോലിക്കാസഭ ഇതര മതങ്ങളോടും സമുദായങ്ങളോടും എക്കാലവും ബഹുമാനവും ആദരവും പുലർത്തിയിട്ടുണ്ട്. ഇപ്പോഴും അപ്രകാരംതന്നെയാണു നില

കൊള്ളുന്നത്. സാമൂഹിക ജീവിതത്തെ ബാധിക്കുന്ന പൊതുവായ കാര്യങ്ങളെക്കുറിച്ചു പഠിക്കാനും സമൂഹത്തിന്റെ ഉന്നമനത്തിനായി ഒരുമിച്ചു പ്രവർത്തിക്കാനുമുതകുന്ന സംവാദങ്ങൾക്ക് ഇതരമതങ്ങളും ഇതരസഭകളുമായുള്ള ബന്ധങ്ങൾ കൂടുതൽ ശക്തിപ്പെടുത്തണം.

**കേരളസഭാ നവീകരണനടപടികൾ**

കാലത്തിനനുസൃതമായ മാറ്റങ്ങൾ കൈവരിച്ചുകൊണ്ട് പുതിയ കാഴ്ചപ്പാടുകളോടെ സർവതലസ്പർശിയായ നവീകരണമാണ് സഭയിൽ സംഭവിക്കേണ്ടത്. അതുകൊണ്ട്, നവീകരണം ആരംഭിക്കുന്നത് കടന്നുവന്ന വഴികൾ വിലയിരുത്തികൊണ്ടാകണം. കേരള കത്തോലിക്കാസഭയുടെയും പ്രാദേശിക സഭകളായ രൂപതകളുടെയും വിശ്വാസയാത്രയിൽ ഉണ്ടായ നന്മകളെ പരിപോഷിപ്പിക്കുകയും വീഴ്ചകളെ പരിഹരിക്കുകയും ചെയ്യേണ്ടതുണ്ട്. നവീകരണപ്രക്രിയയിൽ മുൻഗണന നിർണയിക്കുകയും നവീകരണം ഫലപ്രാപ്തിയിൽ എത്തുവോളം വിലയിരുത്തലുകളും വിശകലനങ്ങളും തുടർനടപടികളും സംഘടിപ്പിക്കുകയും ചെയ്യണം.

സംസ്ഥാന-രൂപത-ഇടവക-കുടുംബതലങ്ങളിൽ നവീകരണം സാധ്യമാകണം. സംസ്ഥാനതലത്തിൽ കെസിബിസിയുടെ കീഴിൽ ഒരു കോർ കമ്മിറ്റി ഇതിനായി രൂപീകരിച്ചിട്ടുണ്ട്. ഈ കോർ കമ്മിറ്റിയുടെ നേതൃത്വത്തിൽ കേരളത്തിലെ എല്ലാ രൂപതകളിൽനിന്നും വികാരി ജനറൽമാരുടെ നേതൃത്വത്തിലുള്ള പ്രതിനിധികൾ, സന്ന്യാസസഭകളുടെ മേജർ സുപ്പീരിയേഴ്സ്, അല്മായസംഘടനാപ്രതിനിധികൾ, യുവജനപ്രതിനിധികൾ, കെസിബിസി കമ്മീഷൻ സെക്രട്ടറിമാർ, ഡയറക്ടർമാർ, പൗരപ്രമുഖപ്രതിനിധികൾ, മാധ്യമപ്രവർത്തകപ്രതിനിധികൾ, കേരള കാത്തലിക് കൗൺസിൽ അംഗ

ങ്ങൾ എന്നിവർക്കായി വ്യത്യസ്ത സമ്മേളനങ്ങൾ സംഘടിപ്പിക്കുകയും അവരുടെ അഭിപ്രായങ്ങൽ സ്വരൂപിക്കുകയുമുണ്ടായി. ഈ സമ്മേളനങ്ങളിലെ ചർച്ചകളുടെയും പഠനങ്ങളുടെയുമൊക്കെ വെളിച്ചത്തിൽ കേരളസഭാ നവീകരണത്തിനായുള്ള മാർഗരേഖ (Lineamerta) തയ്യാറാക്കിവരുന്നു. സംസ്ഥാനതലത്തിൽ ഒരു റിസോഴ്സ് ടീമും ഒരു മോണിറ്ററിംഗ് സംവിധാനവും ഒരുക്കിയിട്ടുണ്ട്.

ഈ മാർഗരേഖയുടെ അടിസ്ഥാനത്തിലാണ് രൂപതാ-ഇടവകതല നവീകരണപ്രവർത്തനങ്ങൾ ആസൂത്രണം ചെയ്യേണ്ടത്. **രൂപതാതലത്തിലുള്ള ഔദ്യോഗിക ഉദ്ഘാടനം ജൂൺ 26-ാംതീയതി ഞായറാഴ്ച ദിവ്യബലിയോടെ സംഘടിപ്പിക്കേണ്ടതാണ്.** രൂപതാതലപ്രവർത്തനങ്ങൾക്ക് നേതൃത്വം കൊടുക്കുന്ന റിസോഴ്സ്ടീം അംഗങ്ങൾക്കായി സംസ്ഥാനതലത്തിൽ പരിശീലനം സംഘടിപ്പിക്കും.

സംസ്ഥാനതലത്തിലെന്നതുപോലെ, രൂപതാ - ഇടവകതലങ്ങളിലും നവീകരണത്തിനാവശ്യമായ നേതൃത്വം നല്കാൻ സമിതി രൂപീകരിക്കണം. അതതു രൂപതകളുടെ വികാരി ജനറൽമാരുടെ നേതൃത്വത്തിലാണ് സമിതികൾക്കു രൂപം കൊടുക്കേണ്ടത്. ഇടവകതലങ്ങളിലുള്ള സമിതികളുടെ രൂപീകരണം, ബോധവത്കരണം, ആസൂത്രണം, വിലയിരുത്തലുകൾ എന്നിവ ഈ സമിതിയുടെ നേതൃത്വത്തിൽ നടക്കണം.

**ഉപസംഹാരം**

കേരളസഭയിൽ സംവാദത്തിന്റെയും പരസ്പരമുള്ള ശ്രവിക്കലിന്റെയും സമവായത്തിന്റെയും കൂട്ടായ്മയുടെയും സംസ്കാരം ശക്തിപ്രാപിക്കട്ടെ. എല്ലാ സംഭാഷണങ്ങളുടെയും കൂടിച്ചേരലുകളുടെയും സമാഗമത്തിന്റെയും ലക്ഷ്യം അവയിലൂടെയെല്ലാം വെളിപ്പെടുന്ന പരിശുദ്ധാത്മാവിന്റെ

സ്വരത്തിനു കാതുകൊടുക്കുന്നതും അതനുസരിച്ചുള്ള നടപടികൾ സ്വീകരിക്കുന്നതുമായിരിക്കട്ടെ. യേശുക്രിസ്തുവിലുള്ള നമ്മുടെ വിശ്വാസം ആഴമായ ഒരു ബോധ്യമായി വളരുന്നതിനും അവിടത്തെ ധൈര്യപൂർവം സമൂഹമധ്യത്തിൽ ഏറ്റുപറയുന്നതിനും മരിക്കേണ്ടിവന്നാലും അവിടുന്നിലുള്ള വിശ്വാസം ത്യജിക്കാതിരിക്കാനും പരിശുദ്ധാത്മാവു നമ്മെ ശക്തരാക്കട്ടെ. ഇതര മതവിശ്വാസികളായ സഹോദരരുമായുള്ള നമ്മുടെ ഹൃദ്യമായ സൗഹൃദം കൂടുതൽ ബലപ്പെടുന്നതിനും ഈ നവീകരണകാലം നമ്മെ സഹായിക്കട്ടെ. അതിനായി പരിശുദ്ധാത്മാവ് നമ്മെ നയിക്കട്ടെ.

എല്ലാവർക്കും ദൈവാനുഗ്രഹം പ്രാർത്ഥിച്ചുകൊണ്ട്,

സ്നേഹാദരങ്ങളോടെ,

**കർദിനാൾ ജോർജ് ആലഞ്ചേരി**

കെസിബിസി പ്രസിഡന്റ്

**ബിഷപ് വർഗീസ് ചക്കാലക്കൽ**

കെസിബിസി വൈസ് പ്രസിഡന്റ്

**ബിഷപ് ജോസഫ് മാർ തോമസ്**

കെസിബിസി സെക്രട്ടറി ജനറൽ

പിഒസി, കേരള കത്തോലിക്കാ സഭയുടെ ആസ്ഥാന കാര്യാലയം

കൊച്ചി 682 025

---

NB: ഈ സർക്കുലർ **2022 ജൂൺ 12 ഞായറാഴ്ച** കേരളത്തിലെ സീറോ മലബാർ, ലത്തീൻ, മലങ്കര കത്തോലിക്ക സഭകളിലെ എല്ലാ ദൈവാലയങ്ങളിലും ദിവ്യബലി അർപ്പിക്കപ്പെടുന്ന എല്ലാ സ്ഥാപനങ്ങളിലും വായിക്കുകയോ, ഇതിലെ ആശയങ്ങൾ വിവരിച്ചു കൊടുക്കുകയോ ചെയ്യേണ്ടതാണ്.

Ref: 3702/K-5/KCBC/OL/DS 07.05.2022

# 2022 ലെ ദൈവവിളികൾക്കായുള്ള ലോകപ്രാർത്ഥനാദിനത്തിൽ

## പരിശുദ്ധ പിതാവ് ഫ്രാൻസിസ് പാപ്പാ നല്കുന്ന സന്ദേശം

## മാനവകുടുംബം പണിതുയർത്താൻ വിളിക്കപ്പെട്ടിരിക്കുന്നത്

പ്രിയ സഹോദരീസഹോദരന്മാരേ,

യുദ്ധത്തിന്റെയും മർദ്ദനത്തിന്റെയും ശീതക്കാറ്റ് വീശുകയും നിരന്തരം ധ്രുവീകരണത്തിന്റെ അടയാളങ്ങൾ അഭിമുഖീകരിക്കുകയും ചെയ്യുന്ന ഈ കാലഘട്ടത്തിലാണ് നാം സഭയെന്ന രീതിയിൽ സിനഡാത്മകപ്രക്രിയ ഏറ്റെടുത്തിരിക്കുന്നത്: അടിയന്തരമായി ഒരുമിച്ചു സഞ്ചരിക്കുന്നതിന്റെയും ശ്രവിക്കാനും, പങ്കുചേരാനും, പങ്കുവയ്ക്കാനുമുള്ള മനോഭാവം വളർത്തിയെടുക്കുന്നതിന്റെയും ആവശ്യം നാം മനസ്സിലാക്കുന്നു. നല്ല മനസ്സുള്ള എല്ലാ സ്ത്രീപുരുഷന്മാരോടും ചേർന്നു മാനവകുടുംബം പണിയുന്നതിൽ സഹായിക്കാനും അതിന്റെ മുറിവുകൾ ഉണക്കാനും അതിനെ കൂടുതൽ നല്ല ഒരു ഭാവിയിലേക്കു നയിക്കാനും നാം താത്പര്യപ്പെടുന്നു. ദൈവവിളികൾക്കായുള്ള ഈ 59-ാം ലോകപ്രാർത്ഥനാദിനത്തിൽ സിനഡാത്മകസഭയുടെ പശ്ചാത്തലത്തിൽ "ദൈവവിളി" യുടെ വിശാലഅർത്ഥത്തെക്കുറിച്ച് നിങ്ങളോടൊത്ത് വിചിന്തനം ചെയ്യാൻ ഞാൻ ആഗ്രഹിക്കുന്നു; സഭതന്നെയും ദൈവത്തെയും ലോകത്തെയും ശ്രവിച്ചുകൊണ്ടിരിക്കുകയാണല്ലോ.

## സഭയുടെ ദൗത്യത്തിൽ ഒരുമിച്ച് മുഖ്യപ്രണേതാക്കളാകാൻ വിളിക്കപ്പെട്ടിരിക്കുന്നത്

സിനഡാത്മകത, അഥവാ ഒരുമിച്ചുള്ള സഞ്ചാരം, സഭയുടെ മൗലികമായ വിളിയുടെ ഭാവമാണ്. ഈ പശ്ചാത്തലത്തിൽ മാത്രമേ നമുക്കു വ്യത്യസ്തങ്ങളായ ദൈവവിളികളെയും സിദ്ധികളെയും ശുശ്രൂഷകളെയും തിരിച്ചറിയുകയും അവയെ വിലമതിക്കുകയും ചെയ്യാനാകൂ. സുവിശേഷപ്രഘോഷണം നടത്താനും മുന്നോട്ടു ഗമിച്ചുകൊണ്ട് സുവിശേഷത്തിന്റെ വിത്തുകൾ പാകാനുംവേണ്ടിയാണ് സഭ നിലകൊള്ളുന്നതെന്നു നമുക്കറിയാമല്ലോ. അജപാലനപ്രവൃത്തിയുടെ എല്ലാ മേഖലകളിലും എല്ലാവരും ഒരുമിച്ചാണ് ഈ ദൗത്യം നിർവഹിക്കുന്നത്; ഇക്കാര്യത്തിൽ കർത്തൃശിഷ്യരെല്ലാവരും ഉൾപ്പെട്ടിരിക്കുന്നു. എന്തെന്നാൽ, "ജ്ഞാനസ്നാനം വഴിയായി ദൈവജനത്തിന്റെ എല്ലാ അംഗങ്ങളും പ്രേഷിതശിഷ്യരായിത്തീർന്നിരിക്കുന്നു (മത്താ 28:19 ). ജ്ഞാനസ്നാനം സ്വീകരിച്ച എല്ലാവരും സഭയിൽ അവരുടെ സ്ഥാനം എന്താണെന്നോ, വിശ്വാസത്തിലുള്ള അവരുടെ അറിവ് എത്രമാത്രമാണെന്നോ വ്യത്യാസമില്ലാതെ, സുവിശേഷവൽക്കരണത്തിന്റെ വക്താക്കളാണ്"(*Evangelii Gaudium*,120). വൈദികഗണത്തെയും അല്മായവിശ്വാസികളെയും വേർതിരിച്ചുനിറുത്തുന്ന പ്രവണതയ്ക്കെതിരേ നാം ജാഗരൂകരായിരിക്കണം; അത് വൈദികവൃന്ദത്തെ ഇക്കാര്യത്തിൽ മുഖ്യകഥാപാത്രങ്ങളും അല്മായരെ പ്രവർത്തകരുമായി വേർതിരിച്ചുകാണും; എന്നാൽ, അല്മായരും അജപാലകരും ഒന്നുചേർന്ന് ഒരു ദൈവജനം എന്ന നിലയിലാണ് ക്രൈസ്തവധർമം നിറവേറ്റുന്നത്. സഭ ആകമാനം ഒരു സമൂഹമെന്ന നിലയിൽ സുവിശേഷപ്രഘോഷണം നടത്തുന്ന ഒന്നാണ്.

**പരസ്പരവും സൃഷ്ടിയുടെയും രക്ഷിതാക്കളാകാൻ വിളിക്കപ്പെട്ടിരിക്കുന്നത്**

ജീവിതത്തിൽ പ്രത്യേകമായ സമർപ്പണത്തിലൂടെ കർത്താവിനെ പിഞ്ചെല്ലുന്നവരെക്കുറിച്ചു ഉപയോഗിച്ചുവരുന്ന ഒരു പദമായി "ദൈവവിളി" എന്നതിനെ വളരെ ചുരുങ്ങിയ അർത്ഥത്തിൽ മനസ്സിലാക്കാൻ പാടില്ല. ഛിന്നഭിന്നമാക്കപ്പെട്ട മനുഷ്യരാശിയെ ഒന്നിപ്പിക്കാനും അതിനെ ദൈവവുമായി അനുരഞ്ജിപ്പിക്കാനുമുള്ള ക്രിസ്തുവിന്റെ ദൗത്യത്തിൽ പങ്കുചേരാൻ നാമെല്ലാവരും വിളിക്കപ്പെട്ടവരാണ്. ഓരോ സ്ത്രീക്കും പുരുഷനും, അവർ ക്രിസ്തുവിനെ കണ്ടുമുട്ടുന്നതിനും ക്രൈസ്തവവിശ്വാസം ആശ്ലേഷിക്കുന്നതിനും മുമ്പേതന്നെ, അടിസ്ഥാനപരമായ ഒരു വിളിയുടെ ദാനം ലഭിക്കുന്നു. നമ്മിൽ ഓരോരുത്തരും ദൈവം തീരുമാനിച്ചുറച്ച സൃഷ്ടിയും നാം ദൈവത്താൽ സ്നേഹിക്കപ്പെട്ടവരുമാണ്. ദൈവത്തിന്റെ മനസ്സിൽ നമുക്ക് ഓരോരുത്തർക്കും അനന്യവും സവിശേഷവുമായ ഒരു സ്ഥാനമുണ്ട്. ഓരോ സ്ത്രീയുടെയും പുരുഷന്റെയും ഹൃദയത്തിൽ, നമ്മുടെ ജീവിതത്തിന്റെ ഓരോ നിമിഷത്തിലും സന്നിഹിതമായി ജ്വലിക്കുന്ന ഈ ദൈവികസ്ഫുലിംഗം ഊതിവീർപ്പിക്കാൻ നാം വിളിക്കപ്പെട്ടിരിക്കുന്നു. അങ്ങനെ നാം സ്നേഹവും പരസ്പരം അംഗീകാരവും വഴിയായി മനുഷ്യരാശിയുടെ വളർച്ചയ്ക്കായി സഹകരിക്കാൻ ബാധ്യസ്ഥരാണ്.

നമ്മൾ പരസ്പരം സംരക്ഷകരാകണം; അങ്ങനെ ഒത്തൊരുമയുടെയും പങ്കുവയ്ക്കലിന്റെയും ഇഴകൾ ശക്തിപ്പെടണം; അതുപോലെതന്നെ ഈ സൃഷ്ടപ്രപഞ്ചം നശിക്കാത്തവിധം അതിന്റെ മുറിവുകൾ ഉണക്കപ്പെടണം. ചുരുക്കത്തിൽ, സൃഷ്ടിയുടെ വിശിഷ്ടമായ ഈ പൊതുഭവനത്തിൽ അതിന്റെ വൈവിധ്യങ്ങളായ അംശങ്ങളിൽ അനുരഞ്ജിക്കപ്പെട്ട്, നാം ഏകകുടുംബമാകാൻ ക്ഷണിക്കപ്പെട്ടി

രിക്കുന്നു. ഈ വിശാല അർത്ഥത്തിൽ വ്യക്തികൾക്കു മാത്ര മല്ല "ദൈവവിളി" ഉള്ളത്, പ്രത്യുത അത് ജനതകൾക്കും സമൂഹങ്ങൾക്കും വ്യത്യസ്ത വിഭാഗങ്ങൾക്കും ഉള്ളതാണ്.

**ദൈവത്തിന്റെ കാഴ്ച സ്വാഗതം ചെയ്യാൻ വിളിക്കപ്പെട്ടി രിക്കുന്നത്**

ഈ മഹത്തായ പൊതു ദൈവവിളിക്കുള്ളിൽ, ദൈവം നമ്മെ ഓരോരുത്തരെയും വ്യക്തിപരമായ ക്ഷണം നല്കി വിളിക്കുന്നു. അവിടന്നു തന്റെ സ്നേഹത്താൽ നമ്മെ സ്പർശിക്കുകയും നമ്മുടെ ആത്യന്തികലക്ഷ്യത്തിലേക്കു നമ്മെ നയിക്കുകയും ചെയ്യുന്നു. അത് മരണത്തിന്റെ പടി വാതിലിനെ അതിലംഘിക്കുന്ന ഒരു സാക്ഷാത്കാരത്തിന്റെ ഭാവമാണ്. അങ്ങനെയാണ് ദൈവം നമ്മുടെ ജീവിതങ്ങളെ കാണാൻ ആഗ്രഹിച്ചതും ഇപ്പോൾ കാണുകയും ചെയ്യുന്നത്.

ഓരോ ശിലയ്ക്കും ഉള്ളിൽ ഒരു പ്രതിമ സ്ഥിതിചെ യ്യുന്നു എന്നാണ് മൈക്കൾ ആഞ്ചെലോ ബുണോറാത്തി കരുതിയിരുന്നത് ശില്പിയുടെ ജോലിയാണ് അത് അനാ ച്ഛാദനം ചെയ്യുക എന്നത്. അത് ഒരു കലാകാരനെ സംബ ന്ധിച്ച് സത്യമാണെങ്കിൽ, ദൈവത്തെ സംബന്ധിച്ച് എത്ര അധികമാണ്! നസ്രത്തിലെ ആ യുവതിയിൽ അവിടന്ന് ദൈവമാതാവിനെക്കണ്ടു. മത്സ്യത്തൊഴിലാളിയായ ശിമയോ നിൽ തന്റെ സഭ പണിതീർക്കാനുള്ള പാറയായി അവിടന്നു പത്രോസിനെ കണ്ടു. ചുങ്കക്കാരൻ ലേവിയിൽ അവിടന്നു അപ്പസ്തോലനും സുവിശേഷകനുമായ മത്തായിയെ തിരി ച്ചറിഞ്ഞു; സഭയുടെ കടുത്ത പീഡകനായിരുന്ന സാവൂളിൽ അവിടന്ന് വിജാതീയരുടെ അപ്പസ്തോലനായ പൗലോസി നെ കണ്ടു. ദൈവത്തിന്റെ സ്നേഹാർദ്രമായ നോട്ടം നമ്മെ എപ്പോഴും കണ്ടുമുട്ടുന്നു, നമ്മെ സ്പർശിക്കുന്നു, നമ്മെ സ്വതന്ത്രരാക്കുകയും പരിവർത്തനപ്പെടുത്തുകയും ചെയ്യുന്നു; അങ്ങനെ നാം പുതിയ വ്യക്തികളായി മാറുന്നു.

ഓരോ ദൈവവിളിയിലും ഇതാണ് സംഭവിക്കുന്നത്: നമ്മെ വിളിക്കുന്ന ദൈവത്തിന്റെ നോട്ടം നമ്മുടെമേൽ പതിക്കുന്നു. എന്നാൽ. വിശുദ്ധിയെപ്പോലെതന്നെ ദൈവവിളിയും ചിലർക്കുവേണ്ടി മാത്രം പരിമിതിപ്പെടുത്തിയിട്ടുള്ള അനിതരസാധാരണമായ ഒരുനുഭവമല്ല. "തൊട്ടപ്പുറത്തെ വാതിലിനുള്ളിൽ വിശുദ്ധി ഉള്ളതുപോലെ" (*Gaudate et Exsultate* 6-9) ഓരോ ആളിനും ദൈവവിളിയുണ്ട്; കാരണം, ദൈവത്തിന്റെ നോട്ടവും വിളിയും ഓരോ വ്യക്തിയിലേക്കും തിരിഞ്ഞിരിക്കുന്നു.

വിദൂര പൗരസ്ത്യദേശത്തുനിന്നുള്ള ഒരു പഴമൊഴി പ്രകാരം, "ജ്ഞാനിയായ ഒരു മനുഷ്യൻ ഒരു മുട്ടയിൽ ഒരു കഴുകനെ കാണുന്നു; ഒരു വിത്തിൽ നോക്കിയിട്ട് അയാൾ ഒരു വൃക്ഷത്തെ കാണുന്നു; പാപിയായവനെ നോക്കിയിട്ട് അയാൾ ഒരു വിശുദ്ധനെ കാണുന്നു." അങ്ങനെയാണ് ദൈവം നമ്മെ നോക്കിക്കാണുന്നത്; ചിലപ്പോൾ നമുക്കുതന്നെ നമ്മെക്കുറിച്ച് അവബോധമില്ലാത്ത ചില അന്തർലീനശക്തി അവിടന്നു കാണുന്നു. ഈ അന്തർലീനശക്തി നമ്മൾ പൊതുനന്മയ്ക്കായി ഉപയോഗപ്പെടുത്താൻവേണ്ടി അവിടന്നു നമ്മുടെ ജീവിതങ്ങളിൽ അക്ഷീണം യത്നിച്ചുകൊണ്ടിരിക്കുന്നു.

ദൈവവിളി ഈ രീതിയിലാണ് ഉയർന്നുവരുന്നത്. അതായത്, നമ്മൾ നമ്മിൽനിന്നുതന്നെ പുറത്തേക്കു നീങ്ങി നമ്മൾ ആയിത്തീരാനായി വിളിക്കപ്പെട്ട ഉൽകൃഷ്ട കലാസൃഷ്ടിയായി ഭവിക്കാൻ ദൈവിക ശില്പിയുടെ കരങ്ങളുടെ കലാവിരുത് കാരണമായിത്തീരുന്നു. നമ്മൾ സ്വാർഥമതികളാകുന്നതിൽനിന്നു നമ്മെ സ്വതന്ത്രരാക്കുന്ന ദൈവവചനം നമ്മെ സവിശേഷമാംവിധം ശുദ്ധീകരിക്കുന്നതിനും പ്രകാശിപ്പിക്കുന്നതിനും പുനഃസൃഷ്ടിക്കുന്നതിനും പ്രാപ്തമാണ്. ആകയാൽ ദൈവം നമ്മെ ഭരമേല്പിക്കുന്ന ദൈവവിളിയോട്

ഉത്തരോത്തരം തുറന്ന മനോഭാവം പുലർത്തുന്നതിനു നമുക്കു ദൈവവചനം ശ്രവിക്കാം. നമ്മുടെ വിശ്വാസം ഏറ്റു പറയുന്ന സഹോദരീസഹോദരന്മാരെയും ശ്രദ്ധിക്കാൻ നമുക്കു പഠിക്കാം. കാരണം, നമ്മൾ പിന്തുടരാനായി പുത്തൻപാതകൾ നമ്മെ കാണിച്ചുതരുന്ന ദൈവത്തിന്റെ പദ്ധതി വെളിപ്പെടുത്തിതരാൻ അവരുടെ ഉപദേശവും മാതൃകയും സഹായകമാകും.

**ദൈവത്തിന്റെ നോട്ടത്തോടു പ്രത്യുത്തരിക്കാൻ വിളിക്കപ്പെടുന്നത്**

ദൈവത്തിന്റെ സ്നേഹമസൃണവും സൃഷ്ടിപരവുമായ നോട്ടം നമ്മെ യേശുവിൽ അതിവിശിഷ്ടമാംവിധം കണ്ടുമുട്ടുകയുണ്ടായി. "യേശു അവനെ നോക്കി, സ്നേഹം തോന്നി അവനോടു പറഞ്ഞു" എന്നു സുവിശേഷകനായ മർക്കോസ് (10:21) ധനികനായ യുവാവിനെ പരാമർശിച്ചു പറയുന്നു. യേശുവിന്റെ സ്നേഹംനിറഞ്ഞ നോട്ടം നമ്മുടെ എല്ലാവരുടെയുംമേൽ ആയിരിക്കുന്നു. നമ്മിൽനിന്നു നമ്മെത്തന്നെ പുറത്തേക്കു നയിക്കുന്നതിനു നമ്മുടെമേൽ ഈ നോട്ടം വന്നുഭവിക്കുന്നതിനും അവിടന്നു നമ്മിൽ പ്രവർത്തിക്കുന്നതിനും അവിടത്തെ നമുക്കു അനുവദിക്കാം. ആരുടെയൊക്കെകൂടെ നാം ജീവിക്കുന്നുവോ ആരെയൊക്കെ നാം കണ്ടുമുട്ടുന്നുവോ - അവർ ആരായാലും - അവരെ സ്വാഗതം ചെയ്യുന്നവിധം അവരെ നോക്കാൻ നമുക്കു പഠിക്കാം; അതുവഴിയായി തങ്ങളുടെ അന്തർലീനശക്തിയുടെ പൂർണവികാസത്തിനായി തങ്ങളെ ക്ഷണിക്കുകയും തങ്ങളെ സ്നേഹിക്കുകയും ചെയ്യുന്ന ഒരാളുണ്ടെന്നു അവർ കണ്ടെത്തുകയും ചെയ്യട്ടെ.

ഈ നോട്ടം നാം സ്വാഗതം ചെയ്യുമ്പോൾ നമ്മുടെ ജീവിതങ്ങൾ പരിവർത്തിതമാകും. അപ്പോൾ നമ്മളും കർത്താവും തമ്മിലുള്ളതും നമ്മൾ തമ്മിലും മറ്റുള്ളവരു

മായുള്ള ദൈവവിളിയെ സംബന്ധിച്ച ഒരു സംഭാഷണമായി എല്ലാം മാറും. ആഴത്തിൽ അനുഭവിച്ചറിഞ്ഞ ഒരു സംഭാഷണം, നമ്മെ വളരെ കൂടുതലായി നാമാക്കി മാറ്റും: പൗരോഹിത്യശുശ്രൂഷയിലേക്കുള്ള വിളിയിൽ ക്രിസ്തുവിന്റെ കൃപയുടെയും കരുണയുടെയും ഉപകരണങ്ങൾ; സമർപ്പിതജീവിതത്തിലേക്കുള്ള വിളിയിൽ ദൈവത്തെ സ്തുതിക്കുന്നവരും പുതിയൊരു മാനവികതയുടെ പ്രവാചകരും; വൈവാഹികജീവിതത്തിലേക്കുള്ള വിളിയിൽ പരസ്പരമുള്ള ദാനമാകുന്നവരും ജീവന്റെ ദാതാക്കളും അധ്യാപകരും; എല്ലാ സഭാപരവിളിയിലും ശുശ്രൂഷയിലും ദൈവത്തിന്റെ കണ്ണുകളിലൂടെ മറ്റുള്ളവരെയും ലോകത്തെയും കാണുന്നവരും നമ്മെ ശുശ്രൂഷിക്കുന്നവരും പ്രവർത്തനങ്ങളും വാക്കുകളുംവഴി സ്നേഹം പ്രസരിപ്പിക്കുന്നവരും.

ഇവിടെ ഞാൻ ഡോ. ഹൊസേ ഗ്രെഗോറിയോ ഹെർണാൻണ്ടസ് ചിസ്നെറോസിനെക്കുറിച്ച് സൂചിപ്പിക്കാൻ ആഗ്രഹിക്കുന്നു. വെനെസ്വേലയിലെ കരാക്കാസിൽ ഭിഷഗ്വരനായി പ്രവർത്തിക്കുന്നതിനിടയിൽ അദ്ദേഹത്തിനു ഒരു ഫ്രാൻസിസ്കൻ മൂന്നാം സഭാംഗമായിത്തീരാൻ ആഗ്രഹമുണ്ടായി. തുടർന്ന് അദ്ദേഹം ഒരു ആശ്രമവാസിയും പുരോഹിതനും ആകാൻ ആഗ്രഹിച്ചു; എന്നാൽ, അദ്ദേഹത്തിന്റെ ആരോഗ്യം അതിന് അനുവദിച്ചില്ല. തന്റെ ദൈവവിളി ആതുരശുശ്രൂഷാരംഗത്താണെന്ന് അദ്ദേഹം തുടർന്നു മനസ്സിലാക്കി; അതിൽ അദ്ദേഹം ദരിദ്രരായവരുടെ ശുശ്രൂഷയിൽ ഏറെ താത്പര്യപൂർവം സമയം ചെലവഴിച്ചു. അദ്ദേഹം അക്കാലത്തെ ലോകമഹാമാരിയായ "സ്പാനിഷ് ഫ്ളൂ" പിടിപെട്ടവരെ ശുശ്രൂഷിക്കുന്നതിൽ പരിമിതികളില്ലാതെ പ്രവർത്തിച്ചു. താൻ പരിചരിച്ചിരുന്ന ഒരു മുതിർന്ന രോഗിക്കു മരുന്നു വാങ്ങി ഫാർമസിയിൽനിന്ന് ഇറങ്ങിവരുമ്പോൾ ഒരു കാറിടിച്ച് അദ്ദേഹം ദിവംഗതനായി. കർത്താവിന്റെ വിളി സ്വീകരിച്ച് അത് പൂർണമായും ആശ്ലേഷിച്ച

ആളെന്ന നിലയിൽ അദ്ദേഹം ഉത്തമസാക്ഷിയാണ്; ഒരു വർഷം മുമ്പ് അദ്ദേഹം വാഴ്ത്തപ്പെട്ടവനായി വിളിക്കപ്പെട്ടു.

**സാഹോദര്യംനിറഞ്ഞ ലോകം പണിതുയർത്താൻ വിളിക്കപ്പെടുന്നത്**

ക്രിസ്ത്യാനികൾ എന്ന നിലയിൽ നമുക്കു വ്യക്തിപരമായുള്ള ഒരു വിളി മാത്രമല്ല ലഭിക്കുന്നത്; നമ്മൾ ഒരുമിച്ചു വിളിക്കപ്പെട്ടവരാണ്. നാം ഒരു മൊസയിക്കിന്റെ വ്യത്യസ്ത ചില്ലുകൾപോലെയാണ്. ഓരോ ചില്ലും അതിൽത്തന്നെ സുന്ദരമാണ്; എന്നാൽ, അവ ചേർത്തുവച്ചുകഴിയുമ്പോൾ അത് ഒരു പൂർണചിത്രമായി മാറുന്നു. നമ്മൾ ഓരോരുത്തരും ഒരു താരകത്തെപ്പോലെ ദൈവത്തിന്റെ ഹൃദയത്തിലും പ്രപഞ്ചത്തിന്റെ നഭോമണ്ഡലത്തിലും പ്രകാശിക്കുന്നു. അതേസമയംതന്നെ, നമ്മൾ ജീവിക്കുന്ന ഇടങ്ങളിൽ തുടങ്ങി മനുഷ്യരാശിയുടെ പാത നിയന്ത്രിക്കാനും തെളിയിക്കാനും താരാവൃന്ദങ്ങളായി രൂപീകൃതമാകാൻ നാം വിളിക്കപ്പെട്ടിരിക്കുന്നു. ഇതാണ് സഭയുടെ രഹസ്യം; വ്യത്യസ്തതകളുടെ ഒരാഘോഷം; മനുഷ്യരാശി എന്താകാൻ വിളിക്കപ്പെട്ടിരിക്കുന്നുവോ അതിന്റെ അടയാളവും ഉപകരണവും. ഇക്കാരണത്താൽ, സഭ വർധിതമാംവിധം സിനഡാത്മകം ആകണം. ഒരുമിച്ചു നടക്കുവാൻ സാധിക്കുന്ന, വിഭിന്നതകളിൽ ഒന്നായി പൊരുത്തപ്പെട്ടിരിക്കുന്ന, ഓരോരുത്തർക്കും സജീവമായി പങ്കുചേരാനാകുന്ന, എല്ലാവർക്കും എന്തെങ്കിലും സംഭാവന ചെയ്യാനാകുന്ന ഒരു സമൂഹം.

ആകയാൽ, നാം "ദൈവവിളി" എന്നു പറയുമ്പോൾ അത് ഏതെങ്കിലും ഒരു ജീവിതപന്ഥാവ് തിരഞ്ഞെടുക്കുന്നതോ, ഒരു പ്രത്യേക ശുശ്രൂഷയ്ക്കായി ജീവിതം ഉഴിഞ്ഞുവച്ചിരിക്കുന്നതോ ഒരു സന്ന്യാസസമൂഹത്തിന്റെയോ പ്രസ്ഥാനത്തിന്റെയോ സഭാത്മകസമൂഹത്തിന്റെയോ സിദ്ധിയാൽ ആകൃഷ്ടമാകുന്നതോ അല്ല; അത് ദൈവ

ത്തിന്റെ ഒരു സ്വപ്നം സാക്ഷാത്കൃതമാകുന്നതാണ്. "അവർ എല്ലാവരും ഒന്നായിരിക്കണമേ" (യോഹ. 17:21) എന്ന് യേശു പിതാവിനോട് അപേക്ഷിച്ച സാഹോദര്യത്തിന്റെ സാക്ഷാത്കാരമാണിത്. സഭയിലെ ഓരോ ദൈവവിളിയും, വ്യാപക അർത്ഥത്തിൽ സമൂഹത്തിലെ ഓരോ ദൈവവിളിയും, ഒരു പൊതുലക്ഷ്യത്തിനായി സംഭാവന നല്കുന്നു; പരിശുദ്ധാത്മാവിന്റെ പ്രവൃത്തിയാൽ മാത്രം സാധ്യമാകുന്ന സ്ത്രീപുരുഷന്മാരുടെ ഇടയിലുള്ള നിരവധി വ്യത്യസ്ത ദാനങ്ങളുടെ പൊരുത്തം ആഘോഷിക്കുക എന്നതാണിത്. പുരോഹിതരേ, സമർപ്പിതരായ സ്ത്രീപുരുഷന്മാരേ, അല്മായവിശ്വാസികളേ, സ്നേഹത്തിൽ ഒന്നായിത്തീരുന്ന ഒരു മഹാമാനവ കുടുംബം എന്നു പറയുന്നത് ഒരു ഉട്ടോപ്യൻ ദർശനമല്ലെന്നും ദൈവം നമ്മെ സൃഷ്ടിച്ചതിന്റെ ഉദ്ദേശ്യംതന്നെ അതായിരുന്നു എന്നുമുള്ള സത്യത്തെ നമുക്കു ഒരുമിച്ച് സഞ്ചരിച്ചുകൊണ്ടും ഒരുമിച്ചു പ്രവർത്തിച്ചുകൊണ്ടും സാക്ഷ്യപ്പെടുത്താം.

സഹോദരീസഹോദരന്മാരേ, നാടകീയമായ ചരിത്ര സംഭവങ്ങൾക്കിടയിലും ദൈവജനം വർധിതമാംവിധം ഈ വിളിയോടു പ്രത്യുത്തരിക്കാൻ ഇടയാക്കണമെന്നു നമുക്കു പ്രാർത്ഥിക്കാം. ഈ മഹത്തായ ദൈവിക പദ്ധതിക്കുതകുംവിധം നമ്മെത്തന്നെ പൂർണമായി സമർപ്പിക്കുന്നതിനും നമ്മൾ ഓരോരുത്തരും നമ്മുടെ സ്വന്തം ഇടം ഈ പദ്ധതിയിൽ കണ്ടെത്തുന്നതിനും നമുക്കു പരിശുദ്ധാത്മാവിന്റെ പ്രകാശത്തിനായി പ്രാർത്ഥിക്കാം.

റോം, വി. ജോൺ ലാറ്ററൻ ദൈവാലയം

08 മെയ് 2022 പെസഹാക്കാലം നാലാം ഞായറാഴ്ച

**ഫ്രാൻസിസ് പാപ്പാ**

പി.ഒ.സി., കേരള കത്തോലിക്കാസഭയുടെ ആസ്ഥാനകാര്യാലയം

കൊച്ചി – 682 025

Ref: 3711/K-5/KCBC/OL/DS 25.05.2022

# ലോക മാധ്യമദിനസന്ദേശം 2022

## ലോകമാധ്യമദിനത്തോടനുബന്ധിച്ച് ഫ്രാൻസിസ് പാപ്പാ നല്കുന്ന സന്ദേശം

*"ഹൃദയംകൊണ്ടു കേൾക്കൂ"*

പ്രിയ സഹോദരീസഹോദരന്മാരേ,

വ്യക്തികളെ നേരിട്ടു കാണുവാനും സംഭവങ്ങളെ നേരിട്ടറിയാനും ആ അനുഭവങ്ങൾ പുനരവതരിപ്പിച്ച് സത്യാവസ്ഥ തിരിച്ചറിയാനും വേണ്ട ആവശ്യകതയായ 'വന്നു കാണുവിൻ'-എന്ന ആശയത്തെക്കുറിച്ചാണ് കഴിഞ്ഞ വർഷം ഇതേയവസരത്തിൽ വിചിന്തനം ചെയ്തത്. ഇതേ വിചിന്തനത്തിന്റെ തുടർച്ചയായി, കളങ്കമറ്റ സംഭാഷണ സംവാദങ്ങൾക്ക് ആവശ്യമായതും ആശയവിനിമയത്തിനേറ്റവുമാവശ്യമായ വ്യാകരണങ്ങളിലൊന്നുമായ 'ശ്രവിക്കുക', 'കേൾക്കുക' എന്ന ക്രിയയിലേക്കാണ് നിങ്ങളുടെ ശ്രദ്ധയാകർഷിക്കുന്നതിന് ശ്രമിക്കുന്നത്.

ദൈനംദിനബന്ധങ്ങളിലാണെങ്കിലും പൗരജീവിതത്തിന്റെ പ്രധാന പ്രശ്നങ്ങളെക്കുറിച്ചുള്ള ചർച്ചകളിലാണെങ്കിലും നമുക്കു ശ്രവിക്കുന്നതിനുള്ള ശേഷിയും ശക്തിയും പാടവവും പ്രാപ്തിയും ക്ഷയിച്ചുവരുന്നു. അതേസമയം ശ്രവണശക്തിതന്നെ ആശയവിനിമയ സമ്പർക്കമേഖലകളിൽ പ്രധാനവും കനത്തതുമായ വികാസപരിണാമങ്ങളിലൂടെ കടന്നുപോവുന്നു. എങ്കിലും, പോഡ്കാസ്റ്റിലൂടെയും (Podcast) മറ്റ് ശ്രവ്യോപാധികളിലൂടെയുള്ള അറിയിപ്പുകളും വിവര വൃത്താന്തങ്ങളുടെ ആധിക്യം, ശ്രവണശക്തിയുടെ ആവശ്യകത, എത്രമാത്രം മനുഷ്യന്റെ ആശയവിനിമയത്തിനു പ്രധാനപ്പെട്ടതാണെന്നു തെളിയിക്കുന്നു. മനുഷ്യകുലത്തിനേറ്റവും അത്യാവശ്യമുള്ളതെന്താണെന്നു

വളരെ പ്രശസ്തനായ ഡോക്ടറോടു ചോദിച്ചതിനുള്ള ഉത്തരമായി അദ്ദേഹം പറഞ്ഞത് "ശ്രവിക്കപ്പെടണം എന്ന അതിരുകളില്ലാത്ത അദമ്യമായ ആഗ്രഹം" എന്നായിരുന്നു. അദ്ദേഹം മനസ്സുകളേൽക്കുന്ന മുറിവുകളുണക്കുന്നതിൽ അതിപ്രാവീണ്യമുള്ള ഒരു ഡോക്ടറായിരുന്നു. ഇത്ര അദമ്യമായ ആഗ്രഹം പലപ്പോഴും ഒളിഞ്ഞുകിടക്കുകയാണ് പതിവ്. പക്ഷേ, ഒളിഞ്ഞുകിടക്കുന്ന 'ഞാൻ ശ്രദ്ധിക്കപ്പെടണം', 'ഞാൻ പറയുന്നത് കേൾക്കണം' എന്ന ആഗ്രഹം, ഭാവം പലർക്കും ഒരു വെല്ലുവിളിയാവുകയാണ്. പ്രത്യേകിച്ച് മാതാപിതാക്കൾ, അദ്ധ്യാപകർ, അജപാലകർ എന്നിങ്ങനെയുള്ള സാമൂഹികമോ രാഷ്ട്രീയപരമായോ തൊഴിൽ തുറകളിലുള്ളവർക്ക്. സാമൂഹ്യ വിനിമയ സമ്പർക്ക മേഖലകളിലുള്ളവർക്കു പ്രത്യേകിച്ചും.

**ഹൃദയമാകുന്ന ചെവികൊണ്ടുള്ള ശ്രവണം**

വിശുദ്ധ ലിഖിതങ്ങളിൽനിന്നു നമുക്കു മനസ്സിലാവുന്നതു ശ്രവിക്കുക എന്നുള്ളത് ശബ്ദത്തെക്കുറിച്ചുള്ള ഗ്രാഹ്യം മാത്രമല്ല, മറിച്ച് ദൈവവും മനുഷ്യകുലവും തമ്മിലുള്ള ഒരു സംഭാഷണ സംവേദനത്തിലടിസ്ഥാനമായുള്ള ഒരു ബന്ധംകൂടിയാണ് - ഒരു ഹൃദയബന്ധം. "ശ്രവിക്കുക ഇസ്രായേലേ" (നിയമാ. 6:4) എന്ന തോറയുടെ ആദ്യ കല്പനയുടെ തുടക്കംതന്നെ പലപ്പോഴും വി. ഗ്രന്ഥത്തിൽ ഇത് അടിവരയിടുന്നതാണ്. വി. പൗലോസ് റോമാക്കാരോട് പറയുന്നതുതന്നെ "വിശ്വാസം വരുന്നത് ശ്രവിക്കുന്നതിലൂടെ" എന്നാണ് (റോമ.10:17). ഇതിന് പ്രാരംഭം കുറിച്ചതും മുൻകൈ എടുത്തതും ദൈവമാണെങ്കിലും നമ്മൾ അവനെ ശ്രവിച്ച് സമുചിതമായി പ്രതികരിക്കുന്നു. ഈ ശ്രവണം എന്ന അനുഗ്രഹവും സ്രഷ്ടാവിന്റെ പ്രസാദവരത്തിൽനിന്നുതന്നെ ഉദ്ഭവിക്കുന്നത് എന്ന് ഒരു നവജാത ശിശു തന്റെ മാതാപിതാക്കളുടെ ശബ്ദം തിരിച്ചറിയുന്ന

തിലൂടെ നമുക്ക് പെട്ടെന്നു മനസ്സിലാവും. നമ്മുടെ പഞ്ചേന്ദ്രിയങ്ങളിലേറ്റവും ശ്രേഷ്ഠമായതും, സ്രഷ്ടാവിനു പ്രിയപ്പെട്ടതും ശ്രവണശക്തിയാവണം. കാരണം, അതാണ് മനുഷ്യന് ഏറ്റവും സ്വാതന്ത്ര്യം നൽകുന്നതും, അവധാന പൂർവ്വമായതും, എതിരേയുള്ളവരെ കടന്നുകയറി പിടിക്കാത്തതും ആകുന്നു. ശ്രവിക്കുന്നതും ശ്രവണശക്തിയും ദൈവത്തിന്റെ വിനയസ്വഭാവത്തെ പ്രതിഫലിപ്പിക്കുന്നതാണ്. സ്വത്വമായ സ്രഷ്ടാവായ ദൈവം തന്നെത്തന്നെ അനാവരണം ചെയ്ത് ശബ്ദിച്ചുകൊണ്ട് തന്റെതന്നെ പ്രതിച്ഛായയിൽ മനുഷ്യനെ പുരുഷനായും സ്ത്രീയായും സൃഷ്ടിക്കുകയും അതിനുശേഷം അവരെ ശ്രവിക്കുന്നതിലൂടെ തന്റെ ആശയവിനിമയത്തിൽ പങ്കാളികളാക്കുകയും ചെയ്യുന്നു. മനുഷ്യകുലത്തെ സ്നേഹിക്കുന്നതിലാണ്, സ്രഷ്ടാവായ ദൈവം തന്റെ വചനം അവർക്കു നൽകുന്നതും അവരെ ശ്രവിക്കാനായി തന്റെ ചെവികൾ നൽകുന്നതും.

ഇതിനു കടകവിരുദ്ധമായി, മനുഷ്യൻ ഈ മധുരോദാരമായ ബന്ധത്തിൽനിന്ന് ഓടിയൊളിക്കാനായി ശ്രമിക്കുന്നു. പുറംതിരിഞ്ഞ് നിൽക്കുകയും 'ചെവി കൊട്ടിയടച്ച്' നിന്നുകൊണ്ട് ശ്രവിക്കേണ്ട ഉത്തരവാദിത്വത്തിൽനിന്നു മാറി നിൽക്കുന്നു. ശ്രവിക്കേണ്ട ഉത്തരവാദിത്തത്തിൽനിന്നുമുള്ള ഈ മാറിനിൽക്കൽ പലപ്പോഴും മറ്റുള്ളവരോടുള്ള കയ്യേറ്റവും സമാധാനലംഘനവും ആകുന്നു. സ്റ്റീഫൻ ഡീക്കന്റെ നേരേ ചെവി കൊട്ടിയടച്ച് അക്രമോൽസുകരായി ചെന്നവരെപ്പോലെ (അപ്പ. 7:57) പരസ്പരസമാധാനം ലംഘിച്ചു വർത്തിക്കുന്നു. എപ്പോഴും സ്രഷ്ടാവായ ദൈവം തന്നെത്തന്നെ അനാവരണം ചെയ്യുന്നത് കെട്ടുപാടുകളില്ലാതെ ആശയവിനിമയം നമ്മളോട് ചെയ്തിട്ടാണ്.

മനുഷ്യരോടു ശ്രവിക്കാൻ തയ്യാറാവാനും ശ്രദ്ധിക്കാനും ആഹ്വാനം ചെയ്യുന്നു. വ്യക്തമായും സ്പഷ്ടമായും

നാഥൻ മനുഷ്യരായ നമ്മെ സ്നേഹത്തിന്റെ ഉടമ്പടിയിലേക്ക് ക്ഷണിക്കുന്നുണ്ട്. അടിസ്ഥാനപരമായി ശ്രവിക്കാനുള്ള സന്നദ്ധത സ്നേഹത്തിന്റെ അളവും മാനവുമാണ്. സ്നേഹത്തിന്റെ ഉടമ്പടിയിലേക്കുള്ള ആ ക്ഷണം അങ്ങനെ നമുക്ക് നമ്മളാവാനുള്ള സാദ്ധ്യതയാണ്, അവരവർക്കുള്ള സ്ഥാനങ്ങളും അധികാരങ്ങളും വിട്ടുകൊടുക്കുമ്പോഴാണ് നമ്മൾ, മനുഷ്യർ, ദൈവത്തിന്റെ ഛായയിലും സാദൃശ്യത്തിലും സൃഷ്ടിക്കപ്പെട്ടവരാകുന്നത്. അവന്റേപോലെ ശ്രവിക്കാനും മറ്റുള്ളവരെ സ്വാഗതം ചെയ്യാനും. അതിനാലാണ് താന്താങ്ങളുടെ ശ്രവണശക്തി അളന്നു തയ്യാറെടുക്കാനായി യേശുക്രിസ്തു തന്റെ ശിഷ്യന്മാരോട് പറഞ്ഞത്. “ആകയാൽ, നിങ്ങൾ എങ്ങനെ കേൾക്കുന്നു എന്ന് സൂക്ഷിച്ചുകൊള്ളുവിൻ (ലൂക്കാ 8:18). വിതക്കാരന്റെ ഉപമ വിവരിച്ചതിനുശേഷം ഇങ്ങനെ യേശുക്രിസ്തു പരസ്യമായി ആഹ്വാനം ചെയ്തത് വെറുതേ കേൾക്കുന്ന കേൾവിക്കാരനാവാനല്ല; മറിച്ച്, നല്ലപോലെ ശ്രദ്ധിച്ചു ശ്രവിച്ച് മനസ്സിലാക്കാൻവേണ്ടിക്കൂടിയാണ്. സത്യസന്ധവും നല്ലതുമായ ഹൃദയഭാവത്തോടെ വചനം സ്വീകരിക്കുന്നവർക്കേ അത് കാത്തുസൂക്ഷിക്കാനും പ്രതീക്ഷിച്ച സദ്ഫലങ്ങൾ - ജീവന്റെയും രക്ഷയുടെയും - അനുഭവിക്കാനും സാധിക്കൂ (ലൂക്കാ 8:15). ആരെയാണ് നമ്മൾ ശ്രവിക്കുന്നതെന്നും എന്താണു ശ്രവിക്കുന്നതെന്നും എങ്ങനെയാണ് ശ്രവിക്കുന്നതെന്നും നമ്മൾ ശ്രദ്ധിച്ചാലാണ് ആശയവിനിമയം എന്ന കലയിൽ നമുക്ക് അഭിവൃദ്ധി പ്രാപിക്കാൻ സാധിക്കുകയുള്ളൂ. ഇത് ഒരു സിദ്ധാന്തമോ പരിജ്ഞാനമോ സാങ്കേതിക ശക്തിയോ അല്ല, മറിച്ച്, വെറും “അടുപ്പം സാധ്യമാക്കുന്ന ഹൃദയങ്ങളുടെ തുറവി' മാത്രമാണ് (സുവിശേഷത്തിന്റെ സന്തോഷം, 171).

നമുക്കെല്ലാവർക്കും ചെവികളുണ്ടെങ്കിൽപ്പോലും പലപ്പോഴും നല്ല ശ്രവണശക്തിയുള്ളവർക്കുപോലും പരസ്പരം കേൾക്കാൻ പറ്റാതാവുന്നുണ്ട്. ശാരീരികമായ ബധിരതയെക്കാൾ ഇതിനു കാരണം ഹൃദയംകൊണ്ടും മനസ്സുകൊണ്ടും കേൾക്കാനുള്ള സന്നദ്ധതയില്ലായ്മയാണ്. വെറും ശ്രവിക്കുക എന്ന ബാഹ്യ ശാരീരിക കഴിവിനെക്കാൾ കേൾക്കുക എന്നത് മുഴുവൻ മനുഷ്യനെത്തന്നെ ബന്ധപ്പെട്ടു കിടക്കുന്നതാണ്. ശ്രവിക്കുന്നതിന്റെ അടിസ്ഥാനം ഹൃദയത്തിലാണ്. സോളമൻ രാജാവ് തീരെ ചെറുപ്പമായിരുന്നു. എങ്കിൽക്കൂടി വളരെ ബുദ്ധിയോടെ നാഥനോടപേക്ഷിച്ചത് തനിക്കു ശ്രവിക്കാൻ തയ്യാറുള്ള ഒരു ഹൃദയം നൽകണം (1 രാജ. 3:9) എന്നായിരുന്നു. ആഗസ്തീനോസ് വിശുദ്ധൻ പറഞ്ഞിരുന്നത് പുറമേയുള്ള ചെവികൾകൊണ്ടല്ല അകമേയുള്ള ഹൃദയംകൊണ്ട് ശ്രവിക്കാനായിരുന്നു. അസ്സീസിയിലെ വി. ഫ്രാൻസിസ് ആഹ്വാനം ചെയ്തത് "ചെവികളിലല്ല ഹൃദയം വേണ്ടത്, ചെവിയുള്ള ഹൃദയമാണു വേണ്ടത്" എന്നായിരുന്നു. ആകയാൽ, സത്യസന്ധമായ ആശയവിനിമയം വീണ്ടെടുക്കേണ്ടതിന് ചെയ്യേണ്ടത് നമ്മൾ നമ്മളെത്തന്നെ ശ്രവിക്കുക എന്നതാണ്. ഏറ്റവും ആവശ്യമായ ആവശ്യങ്ങളിലേക്ക്... നമ്മുടെ ഉള്ളിന്റെ ഉള്ളിൽ എഴുതപ്പെട്ടിരിക്കുന്ന ഏറ്റവും മൗലികമായ അടിസ്ഥാനപരമായ ആവശ്യങ്ങളെ ശ്രവിക്കണം. അണുകണികകളെപ്പോലെ ജീവിക്കാനല്ല ഒന്നിച്ച് ഒരുമിച്ചു ജീവിക്കാനുള്ള ബാധ്യത നമുക്കുള്ളതിനാൽ മറ്റു സഹോദരങ്ങളുമായും അവനുമായും ഉള്ള അടിസ്ഥാനബന്ധത്തിനുവേണ്ടി ദാഹിക്കുന്നതാണ് നമ്മളെ മനുഷ്യരെ മൗലികരാക്കുന്നത്.

## നല്ല ആശയവിനിമയത്തിനുള്ള ഉപാധി ശ്രവിക്കുക

ശ്രവിക്കുന്നതിന്റെ നേരേ വിപരീതഫലമുളവാക്കുന്ന തരം കേൾക്കലാണ്, ഒളിഞ്ഞുകേൾക്കുന്നത്. സത്യത്തിൽ

നവമാധ്യമങ്ങളുടെ ഈ കാലത്ത്, കൂടുതലും താന്താങ്ങളുടെ സ്ഥാപിതതാത്പര്യങ്ങൾക്കുവേണ്ടി മാത്രം മറ്റുള്ളവരെ ചൂഷണം ചെയ്യുക, ചാരപ്രവൃത്തികൾ ചെയ്യുക, ഒളിഞ്ഞിരുന്നു കേൾക്കുക തുടങ്ങിയ പ്രവൃത്തികൾ വർദ്ധിച്ചുവരുന്നതായാണു കാണുന്നത്. ആത്മവിശ്വാസത്തോടെയും ന്യായബോധത്തോടെയും സത്യസന്ധമായും മുമ്പിലിരിക്കുന്ന വ്യക്തിയെ ശ്രദ്ധിക്കുമ്പോഴാണ് ആശയവിനിമയം നല്ലതും പൂർണമായും മാനുഷികമാകുന്നതും.

ദൈനംദിനജീവിതത്തിലെ കേൾവിക്കുറവുകളെക്കാൾ, പരസ്യജീവിതത്തിലെ വർധിക്കുന്ന പ്രവണതയായ പരസ്പരം ശ്രവിക്കുന്നതിനെക്കാൾ കൂടുതൽ സദസ്സിനോട് സംസാരിക്കുക എന്നത് വളരെ ആപത്കരമാണ്. ഇത്, നല്ലതിനെയും സത്യത്തെയും അന്വേഷിക്കുന്നതിനുപകരം അഭിപ്രായ ഐക്യത്തെ തേടുന്ന പ്രവണതയുടെ അനാരോഗ്യകരമായ പ്രതിഫലനമാണ്. ആശയവിനിമയത്തിന്റെ നിലവാരവും മാധുര്യവും ഉയർത്തുന്നത് സത്യാവസ്ഥകളുടെ സങ്കീർണതകളും വിഷമവൃത്തങ്ങളും ഉൾക്കൊള്ളുന്ന അപരന്റെ കാരണങ്ങളും സാഹചര്യങ്ങളും സത്യസന്ധമായി മനസ്സിലാക്കി അവതരിപ്പിക്കുമ്പോഴാണ്. അല്ലാതെ പൊതുജനത്തെ ആവേശത്താലാറാടിക്കുന്ന അനാവശ്യപ്രകടനങ്ങളോ സഹോദരനെ **ഇകഴ്ത്തി** കൈയ്യടി വാങ്ങുമ്പോഴോ അല്ല. കൂടുതൽ ദുഃഖകരമാകുന്നത് സഭയുടെയകത്തും ആശയപരവും പ്രത്യയശാസ്ത്രപരവുമായ കൂട്ടായ്മകൾ വളരുന്നതും അതിനാൽ ശ്രവിക്കാനുള്ള സന്നദ്ധത കുറയുന്നതും, എതിർക്കുന്നവരെ നിശ്ശബ്ദമാക്കാനുള്ള ഔൽസുക്യം വർദ്ധിക്കുന്നതുമാണ്.

വാസ്തവത്തിൽ, ഇന്നു നടക്കുന്ന പല സംഭാഷണങ്ങളിലും നമ്മൾ സംവദിക്കുന്നേയില്ല. അപരൻ സംസാരിച്ചു കഴിഞ്ഞാൽ ഉടനെ നമ്മുടെ അഭിപ്രായം അവരിൽ അടി

ച്ചേൽപ്പിക്കാനാണ് കാത്തിരിക്കുന്നത്. താത്ത്വികാചാര്യനായ Abraham Kaplan ഇതിനെ പറയുന്നത് രണ്ടുപേർ തമ്മിലുള്ള സംഭാഷണം എന്നല്ല, രണ്ട് ആത്മഗതങ്ങളാണെന്നാണ്. രണ്ടു സ്വരങ്ങളിലുള്ള ഒരേ ആത്മഗതങ്ങൾ. ശരിയായ ആശയവിനിമയങ്ങളിലും സംഭാഷണങ്ങളിൽ "ഞാനും" "താങ്കളും" പരസ്പരം അടുത്തെത്താനായി അവരവരുടെ സ്ഥാനങ്ങളിൽനിന്നും അപരന്റെയടുത്തേക്ക് മാറിയെത്തുന്ന സാഹചര്യമാണു വേണ്ടത്. അതിനാൽ, ശ്രവിക്കുക എന്നത് സംഭാഷണങ്ങളിലെ മാറ്റിനിർത്താനാവാത്ത ഘടകമാണ്. ശ്രവിക്കുന്നതു നടന്നിട്ടില്ല എങ്കിൽ അവിടെ ആശയവിനിമയം നടന്നിട്ടില്ല. അതില്ലാതെ നല്ല പത്രപ്രവർത്തനത്തിന് അസ്തിത്വമേ ഇല്ലാതാവുന്നു. പൂർണ്ണവും സന്തുലിതവും പരിപക്വവുമായ വിവരങ്ങൾ ലഭിക്കുവാൻ ദീർഘനേരം നല്ല പോലെ ശ്രവിക്കേണ്ടത് അത്യാവശ്യമാണ്. ഒരു സംഭവം വിവരിക്കാനോ, ഒരു സാഹചര്യം മനസ്സിലാക്കി നൽകുവാനോ, പ്രത്യേകിച്ച് വാർത്താവിതരണ മേഖലയിൽ ശ്രവിക്കേണ്ടത് എങ്ങനെയെന്നറിയേണ്ടത് അത്യാവശ്യമാണ്. ഇതിന് സ്വന്തം അനുമാനങ്ങളും അഭിപ്രായങ്ങളും മാറ്റിവയ്ക്കുവാൻ വരെ തയ്യാറാവേണ്ടതുണ്ട്.

ആത്മഗതങ്ങൾ മാറ്റിവച്ചാൽ മാത്രമേ ശബ്ദങ്ങളുടെയും അഭിപ്രായങ്ങളുടെയും സമന്വയങ്ങൾ ഉയരുകയുള്ളൂ. കൃത്യമായ ആശയവിനിമയത്തിന്റെയും വാർത്താവിതരണത്തിന്റെയും ഉത്തരവാദിത്വങ്ങളിൽ പ്രധാനമാണത്. വിവിധ സ്രോതസ്സുകളിൽനിന്നു വിവരങ്ങൾ ശേഖരിച്ചുവേണം (ആദ്യം കാണുന്ന സത്രത്തിൽ യാത്ര അവസാനിപ്പിക്കാതെ) നമുക്കു ലഭിക്കുന്ന വിവരങ്ങളുടെ സാംഗത്യവും വിശ്വാസ്യതയും ഉറപ്പിക്കേണ്ടതിന്, നമ്മുടെ ഭാഗത്തുനിന്നും വാർത്തകൾ ആയി ബഹിർഗമിക്കാൻ വിവേകാത്മകമായും വിവേചനാ ബോധത്തോടെയും പ്രവർത്തിക്കാനാവ

ണമെങ്കിൽ, സഭയുടെ അകത്തും പല വ്യക്തികളോടും വിവിധ സ്രോതസ്സുകളോടും ആശയവിനിമയം നടത്തിയാലേ സ്വരലയങ്ങളോട് കാതോർക്കാൻ നമുക്ക് സാധിക്കുകയുള്ളൂ.

ആൽഫി സെബാസ്റ്റ്യൻ, അനിത ജോജി, ആൽബിൻ ജിജോ തുടങ്ങിയവർക്ലാസ്സുകൾ എടുത്തു. തുടർന്നുള്ള ആരാധനയ്ക്ക് ഡയറക്ടർ ഫാ. വിൻസെന്റ് മൂങ്ങാമാക്കലും കെ.സി.എസ്.എൽ റീജന്റ് ബ്രദർ ജോ ചിങ്ങംതോട്ടത്തിലും നേതൃത്വം നൽകി. മുട്ടുചിറ ഹോളി ഗോസ്റ്റ് എച്ച്. എസ്, കോതനല്ലൂർ ഇമ്മാനുവൽസ് എച്ച്.എസ്.എസ്, കാഞ്ഞിരത്താനം സെന്റ് ജോൺസ് എച്ച്. എസ്, മുട്ടുചിറ സെന്റ് ആഗ്നസ് ജി.എച്ച്.എസ്., കളത്തൂർ സെന്റ് മേരീസ് യു.പി. എസ് തുടങ്ങിയ സ്കൂളുകളിലെ കുട്ടികൾ പങ്കെടുത്തു.

**കുറവിലങ്ങാട് ഫൊറോന**

കുറവിലങ്ങാട് ഫെറോനയുടെ കീഴിലുള്ള സ്കൂളുകളിൽ നടത്തിയ ധ്യാനത്തിൽ 286 കുട്ടികൾ പങ്കെടുത്തു. ഫാ. വിൻസെന്റ് മൂങ്ങാമാക്കൽ, സുനു സാജ് പുള്ളിക്കാട്ടിൽ, സുനിൽ കോതമംഗലം എന്നിവർ ക്ലാസ്സുകൾ എടുത്തു. തുടർന്നുള്ള ആരാധനയ്ക്ക് ഡയറക്ടർ ഫാ. വിൻസെന്റ് മൂങ്ങാമാക്കലും, കെ. സി.എസ്.എൽ റീജന്റ് ബ്രദർ ജോ ചിങ്ങംതോട്ടത്തിലും നേതൃത്വം നൽകി. കുറവിലങ്ങാട് സെന്റ് മേരീസ് എച്ച്. എസ്. എസ്, കുറവിലങ്ങാട് സെന്റ് മേരീസ് ജി.എച്ച്.എസ്, കുറവിലങ്ങാട് സെന്റ് മേരീസ് ബി. എച്ച്. എസ്, മരങ്ങാട്ടുപള്ളി സെന്റ് തോമസ് എച്ച്.എസ് തുടങ്ങിയ സ്കൂളുകളിലെ കുട്ടികൾ ധ്യാനത്തിൽ പങ്കെടുത്തു.

**പാലാ, രാമപുരം ഫൊറോനകൾ**

പാലാ, രാമപുരം ഫെറോനകളുടെ കീഴിലുള്ള സ്കൂളുകളിൽ നടത്തിയ ധ്യാനത്തിൽ 400 കുട്ടികൾ പങ്കെടുത്തു. ഫാ. വിൻസെന്റ് മൂങ്ങാമാക്കൽ, സുനു സാജ് പുള്ളിക്കാട്ടിൽ, അനിത ജോജി എന്നിവർ ക്ലാസ്സുകൾ എടുത്തു. തുടർന്നുള്ള ആരാധനയ്ക്ക് ഡയറക്ടർ ഫാ. വിൻസെന്റ് മൂങ്ങാമാക്കലും കെ.സി.എസ്.എൽ റീജന്റ് ബ്രദർ ജോ ചിങ്ങംതോട്ടത്തിലും നേതൃത്വം നൽകി. പാലാ സെന്റ് മേരീസ് ജി. എച്ച്. എസ്, പാലാ സെന്റ് തോമസ് എച്ച്.എസ്.എസ്, കുടക്കച്ചിറ സെന്റ് ജോസഫ് എച്ച്.എസ്, ഉരുളികുന്നം സെന്റ് ജോർജ്ജ് യു. പി. എസ്, മുത്തോലി സെന്റ് ജോസഫ് ജി.എച്ച്.എസ്, പാലാക്കാട് നിർമ്മൽ ജ്യോതി, നീറന്താനം സെന്റ് തോമസ് യു.പി.എസ്, രാമപുരം സെന്റ് അഗസ്റ്റിൻസ് എച്ച്.എസ്.എസ്, രാമപുരം എസ്.എച്ച്.ജി.എച്ച്.എസ്, വെള്ളിലാപ്പിള്ളി സെന്റ് ജോസഫ്സ് യു.പി. തുടങ്ങിയ സ്കൂളുകളിലെ കുട്ടികൾ ധ്യാനത്തിൽ പങ്കെടുത്തു.

**മൂലമറ്റം, തുടങ്ങനാട് ഫൊറോനകൾ**

മൂലമറ്റം, തുടങ്ങനാട് ഫെറോനകളുടെ കീഴിലുള്ള സ്കൂളുകളിൽ നടത്തിയ ധ്യാനത്തിൽ 128 കുട്ടികൾ പങ്കെടുത്തു. ഫാ. വിൻസെന്റ് മൂങ്ങാമാക്കൽ, സുനിൽ കോതമംഗലം, ബിയാ ജോജൻ എന്നിവർ ക്ലാസ്സുകൾ എടുത്തു. തുടർന്നുള്ള ആരാധനയ്ക്ക് ഡയറക്ടർ ഫാ. വിൻസെന്റ് മൂങ്ങാമാക്കലും കെ. സി. എസ്. എൽ റീജന്റ് ബ്രദർ ജോ ചിങ്ങംതോട്ടത്തിലും നേതൃത്വം നൽകി. മൂലമറ്റം സെന്റ് ജോർജ്ജ് യു.പി. എസ്, മൂലമറ്റം സേക്രട്ട് ഹാർട്ട്, മേലുകാവുമറ്റം സെന്റ് തോമസ് യു.പി, എച്ച്.എസ്.എസ്., നീലൂർ സെന്റ് ജോസഫ് യു.പി, തുടങ്ങനാട് സെന്റ് തോമസ് എച്ച്.എസ്, അറക്കുളം സെന്റ് മേരീസ് എച്ച്.എസ്.എസ്, അറക്കുളം

സെന്റ് തോമസ് യു.പി.എസ്., വെള്ളിയാമറ്റം സെന്റ് ജോസഫ് യു.പി.എസ്, മറ്റ ത്തിപ്പാറ ഹോളിക്രോസ് യു.പി എന്നീ സ്കൂളുകളിലെ കുട്ടികൾ ധ്യാനത്തിൽ പങ്കെടുത്തു.

**പൂഞ്ഞാർ, തീക്കോയി, കൂട്ടിക്കൽ ഫൊറോനകൾ**

പൂഞ്ഞാർ, തീക്കോയി, കൂട്ടിക്കൽ ഫൊറോനകളുടെ കീഴിലുള്ള സ്കൂളുകളിൽ നടത്തിയ ധ്യാനത്തിൽ 216 കുട്ടികൾ പങ്കെടുത്തു. ഫാ. വിൻസെന്റ് മൂങ്ങാമാക്കൽ, സുനിൽ കോതമംഗലം, സുനു സാജ് പുള്ളിക്കാട്ടിൽ എന്നിവർ ക്ലാസ്സുകൾ എടുത്തു. തുടർന്നുള്ള ആരാധനയ്ക്ക് ഡയറക്ടർ ഫാ. വിൻസെന്റ് മൂങ്ങാമാക്കലും കെ.സി.എസ്.എൽ റീജന്റ് ബ്രദർ ജോ ചിങ്ങംതോട്ടത്തിലും നേതൃത്വം നൽകി. തീക്കോയി സെന്റ് മേരീസ് എച്ച്.എസ്.എസ്, കുന്നോന്നി സെന്റ് ജോസഫ് യു.പി.എസ്, മണിയംകുന്ന് സെന്റ് ജോസഫ് യു.പി.എസ്, പയ്യാനിത്തോട്ടം ഹോളി സ്പിരിറ്റ്, പെരിങ്ങുളം സെന്റ് അഗസ്റ്റിൻസ് എച്ച്.എസ്, വെള്ളികുളം സെന്റ് ആന്റണീസ് എച്ച്.എസ്, പൂഞ്ഞാർ സെന്റ് ജോസഫ് യു.പി.എ സ്, കൂട്ടിക്കൽ സെന്റ് ജോർജ്ജ് എച്ച്.എസ്, പറത്താനം സീ വ്യൂ യു.പി.എസ്. എന്നീ സ്കൂളുകളിലെ കുട്ടികൾ ധ്യാനത്തിൽ പങ്കെടുത്തു.

**ഭരണങ്ങാനം ഫൊറോന**

ഭരണങ്ങാനം ഫെറോനയുടെ കീഴിലുള്ള സ്കൂളുകളിൽ നടത്തിയ ധ്യാനത്തിൽ 236 കുട്ടികൾ പങ്കെടുത്തു. ഫാ. വിൻസെന്റ് മൂങ്ങാമാക്കൽ, സുനിൽ കോതമംഗലം, സുനു സാജ് പുള്ളിക്കാട്ടിൽ, സച്ചിൻ ഷാജി ക്ലാസ്സുകൾ എടു ത്തു. തുടർന്നുള്ള ആരാധനയ്ക്ക് ഡയറക്ടർ ഫാ. വിൻസെന്റ് മൂങ്ങാമാക്കലും കെ.സി.എസ്.എൽ റീജന്റ് ബ്രദർ ജോ ചിങ്ങംതോട്ടത്തിലും നേതൃത്വം നൽകി. ഭരണങ്ങാനം സെന്റ് മേരീസ് എച്ച്.എസ്.എസ്, ഭരണങ്ങാനം എസ്.എച്ച്.ജി. എച്ച്. എസ്, ചൂണ്ടച്ചേരി സാൻജോസ്, ഭരണങ്ങാനം എ.ആർ.എസ്, മല്ലികശ്ശേരി സെന്റ് ഡൊമിനിക്ക് സാവിയോ യു.പി.എസ്, പ്ലാശ്ശനാൽ സെന്റ് ആന്റണീസ് എച്ച്.എസ്.എസ്., ആനക്കല്ല് സെന്റ് ആന്റണീസ്, വിളക്കുമാടം സെന്റ് ത്രേസ്യാസ് യു.പി.എസ്, പൂഞ്ഞാർ സെന്റ് ആന്റണീസ് എന്നീ സ്കൂളുകളിലെ കുട്ടികൾ ധ്യാന ത്തിൽ പങ്കെടുത്തു.

**ചേർപ്പുങ്കൽ ഫൊറോന**

ചേർപ്പുങ്കൽ ഫെറോനയുടെ കീഴിലുള്ള സ്കൂളുകളിൽ നടത്തിയ ധ്യാന ത്തിൽ 286 കുട്ടികൾ പങ്കെടുത്തു. ഫാ. വിൻസെന്റ് മൂങ്ങാമാക്കൽ, സുനു സാജ് പുള്ളിക്കാട്ടിൽ, അനിത ജോജി, മാത്യു എം. കുര്യാക്കോസ് എന്നിവർ ക്ലാസ്സു കൾ എടുത്തു. തുടർന്നുള്ള ആരാധനയ്ക്ക് ഡയറക്ടർ ഫാ. വിൻസെന്റ് മൂങ്ങാ മാക്കലും കെ.സി.എസ്.എൽ റീജന്റ് ബ്രദർ ജോ ചിങ്ങംതോട്ടത്തിലും നേതൃത്വം നൽകി. ചേർപ്പുങ്കൽ ഹോളിക്രോസ് എച്ച്. എസ്. എസ്, കടപ്ലാമറ്റം സെന്റ് ആന്റ ണീസ് എച്ച്.എസ്, കടപ്ലാമറ്റം മേരീമാതാ പബ്ലിക് സ്കൂൾ, മഞ്ഞാമറ്റം സെന്റ് ജോസഫ് എച്ച്.എസ്, പാദുവ സെന്റ് ആന്റണീസ് യു.പി.എസ്, പാളയം സെന്റ് സേവ്യേഴ്സ് യു.പി.എസ്, കാഞ്ഞിരമറ്റം എൽ. എഫ്.എച്ച്.എസ്, കൊഴുവനാൽ സെന്റ് ജോൺസ് എച്ച്. എസ്.എസ്, മണലുങ്കൽ സെന്റ് അലോഷ്യസ് എച്ച്. എസ് എന്നീ സ്കൂളുകളിലെ കുട്ടികൾ ധ്യാനത്തിൽ പങ്കെടുത്തു.

ജീസസ് യൂത്ത് പ്രവർത്തകരായ അമല ജെയിംസ്, ജിബിൻ ജോസഫ്, ആൽബിൻ ജിജോ, ദീപ്തി പയസ്മൗണ്ട്, ആഗ്നസ് തിടനാട്, കെൽവിൻ മുണ്ടാങ്കൽ എന്നിവരും, ബ്രദർ ജോ ചിങ്ങംതോട്ടത്തിൽ, ബ്രദർ തോമസ് പുളിമൂട്ടിൽ, ബ്രദർ ഫെൽവിൻ മങ്ങാട്ട്, ബ്രദർ ജോർജ് എടയോടിയിൽ, ബ്രദർ മാത്യൂ കിഴക്കേമൂഴിയാങ്കൽ, ബ്രദർ സിറിയക് കൊല്ലിത്താനം എന്നിവരും പരിപാടികൾക്ക് നേതൃത്വം നൽകി.

**2. സംസ്ഥാന ലീഡേഴ്സ് ക്യാമ്പും ഇലക്ഷനും**

കെ.സി.എസ്.എൽ സ്റ്റേറ്റ് ലീഡേഴ്സ് ക്യാമ്പും ഇലക്ഷനും മെയ് 17 ചൊവ്വാഴ്ച എറണാകുളം പി.ഒ.സി. യിൽ നടന്നു. ക്യാമ്പിൽ പാലാ രൂപതയിൽ നിന്നും സ്റ്റുഡന്റ്സ് എക്സിക്യൂട്ടീവ് അംഗങ്ങളായ ലിയോ സ്റ്റീഫൻ (ചെയർമാർ, സെന്റ് മേരീസ് എച്ച്.എസ്.എസ് ഭരണങ്ങാനം) അലീറ്റ മനോജ് (ജനറൽ സെക്രട്ടറി, എസ്.എച്ച്.ജി.എച്ച്. എസ് രാമപുരം) ആർഷ ആന്റോ (എച്ച്. എസ്.എസ് സെക്രട്ടറി, സെന്റ് ജോൺസ് എൻ.എച്ച്.എസ്.എസ് കൊഴുവനാൽ) ലൂസി തോമസ് (എച്ച്.എസ് സെക്രട്ടറി, സെന്റ് മേരീസ് ജി.എച്ച്.എസ്, കുറവിലങ്ങാട്) എന്നിവരും രൂപതാ വൈസ്പ്രസിഡന്റ് സി. മരീന പോൾ എം.എസ്.ഐ.എം. ഉം പങ്കെടുത്തു. ഇലക്ഷനിൽ അലീറ്റ മനോജ് സംസ്ഥാന ജനറൽ സെക്രട്ടറി സ്ഥാനത്തേക്ക് മത്സരിക്കുകയും തിരഞ്ഞെടുക്കപ്പെടുകയും ചെയ്തു.

**ഫാ. വിൻസെന്റ് മൂങ്ങാമാക്കൽ** (ഡയറക്ടർ)

## എസ്.എം.വൈ.എം. – കെ.സി.വൈ.എം.

**1. ഡയറക്ടറി പ്രകാശനം**

2022 പ്രവർത്തനവർഷത്തെ എസ്.എം.വൈ.എം. പാലാ രൂപത ഡയറക്ടറിയുടെ പ്രകാശനം ഏപ്രിൽ 26 ന് മുൻ രൂപതാധ്യക്ഷൻ മാർ ജോസഫ് പള്ളിക്കാപറമ്പിൽ നിർവഹിച്ചു. 'ക്രൈസ്തവയുവത്വം ഐക്യത്തിന്റെ പ്രേഷിതർ' എന്ന ആപ്തവാക്യത്തോടെ പ്രസിദ്ധീകരിച്ച ഡയറക്ടറിയിൽ 2022 പ്രവർത്തനവർഷത്തെ എസ്.എം.വൈ.എം. പ്രവർത്തനങ്ങളുടെ മാർഗ്ഗരേഖ ഉൾപ്പെടുത്തിയിട്ടുണ്ട്. രൂപത ഡയറക്ടർ ഫാ. മാണി കൊഴുപ്പൻകുറ്റി, ജോയിന്റ് ഡയറക്ടർ ജോസ്മിത എസ്.എം.എസ്, പ്രസിഡന്റ് ജോസഫ് സെബാസ്റ്റ്യൻ, ജനറൽ സെക്രട്ടറി ഡിബിൻ ഡൊമിനിക് വൈസ് പ്രസിഡന്റ് റിന്റു റെജി എന്നിവർ പ്രസംഗിച്ചു. ചടങ്ങിൽ ഡയറക്ടറി കവർ പേജ് ഡിസൈനിംഗ് കോമ്പറ്റീഷനിൽ സമ്മാനം നേടിയ ആന്റോ സെബാസ്റ്റ്യന് പുരസ്കാരം നൽകി.

**2. സംസ്ഥാനസമിതി നേതൃത്വയോഗവും ഭാരവാഹി തിരഞ്ഞെടുപ്പും**

എസ്.എം.വൈ.എം സംസ്ഥാന സമിതി നേതൃത്വയോഗവും ഭാരവാഹികളുടെ തിരഞ്ഞെടുപ്പും ഏപ്രിൽ 31, മെയ് 1 തീയതികളിലായി കാക്കനാട് മൗണ്ട് സെന്റ് തോമസിൽ നടന്നു. യോഗത്തിൽ അഭിവന്ദ്യ ജോസഫ് പണ്ടാരശ്ശേരി പിതാവ് ഉദ്ഘാടനം കർമ്മം നിർവഹിച്ചു. ഭാരവാഹികളുടെ നേതൃത്വത്തിൽ കഴിഞ്ഞ ഒരു വർഷക്കാലത്തെ പ്രവർത്തനങ്ങൾ വിലയിരുത്തുകയും 2022 പ്രവർത്തന

വർഷത്തെ ഭാരവാഹികളെ തിരഞ്ഞെടുക്കുന്നതിനുള്ള വോട്ടെടുപ്പ് നടത്തുകയും ചെയ്തു. യോഗത്തിൽ അടുത്ത മൂന്ന് വർഷത്തേക്കുള്ള എസ്.എം.വൈ.എം. കേരള റീജിയൻ ഭാരവാഹികളെ തിരഞ്ഞെടുത്തു.

| | |
|---|---|
| Director | - Fr. Jacob Chakkathara (Changanassery) |
| Animator Sr. | - Sr. Jislet |
| President | - Visakh Thomas (Thamarassery) |
| Vice President | - Amala Rachel Shaji (Changanassery) |
| General Secretary | - Sam Sunny (Idukki) |
| Deputy President | - Adv. Stephy (Kottayam) |
| Secretary | - Jibin (Kothamangalam) |
| Joint Secretary | - Greshma Joyal (Pala) |
| Treasurer | - Blesson Thomas (Changanassery) |
| Councillor | - Tesin Thomas (Mananthavady) |
| Councillor | - Sam Sunny (Pala) |

**3. കോതനല്ലൂർ ദൈവാലയസന്ദർശനം**

എസ്.എം.വൈ.എം. പാലാ രൂപതാ സമിതി മാർ സാബോർ - മാർ പ്രോത്ത് കന്തീശങ്ങളുടെ തിരുനാളിനോടനുബന്ധിച്ച് ഏപ്രിൽ 28 ന് കോതനല്ലൂർ ദേവാലയം സന്ദർശിക്കുകയും പ്രാർത്ഥിക്കുകയും ചെയ്തു. രൂപതാ ഡയറക്ടർ ഫാ മാണി കൊഴുപ്പൻകുറ്റി സന്ദേശം നൽകി.

**4. ഫൊറോന ഡയറക്ടേഴ്സ് മീറ്റിംഗ്**

എസ്.എം.വൈ.എം പാലാ രൂപതയുടെ ആഭിമുഖ്യത്തിൽ മെയ് 3 ന് ഫൊറോന ഡയറക്ടേഴ്സ് മീറ്റിംഗ് നടത്തപ്പെട്ടു. പ്രസിഡന്റ് ജോസഫ് സെബാസ്റ്റ്യൻ അധ്യക്ഷത വഹിച്ച യോഗത്തിൽ ഡയറക്ടർ ഫാ. മാണി കൊഴുപ്പൻകുറ്റി, ആനിമേറ്റർ സി. ജോസ്മിത എസ്.എം.എസ്, ജനറൽ സെക്രട്ടറി ഡിബിൻ ഡൊമിനിക്, വൈസ് പ്രസിഡന്റ് റിന്റു റെജി തുടങ്ങിയവർ സംസാരിച്ചു. 17 ഫൊറോനകളിൽനിന്നുമുള്ള ഡയറക്ടർമാർ പങ്കെടുത്തു. ഫൊറോനതല പ്രവർത്തനങ്ങൾ പങ്കുവച്ചു.

**5. അനുസ്മരണം**

സ്നേഹഗിരി മിഷനറി സന്ന്യാസിനീസമൂഹം സ്ഥാപകനും പാലാക്കാർ ദർശിച്ച ദൈവത്തിന്റെ കരുണയുടെ മുഖവുമായ കൈപ്പൻപ്ലാക്കൽ അബ്രാഹം അച്ചന്റെ കബറിടം മെയ് 7 ന് രൂപതാ സമിതി അംഗങ്ങൾ സന്ദർശിച്ചു പ്രാർത്ഥിച്ചു. ഡയറക്ടർ ഫാ. മാണി കൊഴുപ്പൻകുറ്റി പ്രാർത്ഥനകൾക്ക് നേതൃത്വം നൽകി.

**6. എക്സിക്യൂട്ടീവ് മീറ്റിംഗ്**

എസ്.എം.വൈ.എം പാലാ രൂപതാ സമിതിയംഗങ്ങൾ ഒന്നുചേർന്നുള്ള യോഗം മെയ് 7 ന് എസ്.എം.വൈ.എം രൂപത ഓഫീസിൽ വച്ച് നടത്തപ്പെട്ടു. ഡയറക്ടർ

ഫാ. മാണി കൊഴുപ്പൻകുറ്റിയുടെ നേതൃത്വത്തിൽ പ്രസിഡന്റ് ജോസഫ് സെബാസ്റ്റ്യന്റെ അധ്യക്ഷതയിൽ ചേർന്ന യോഗത്തിൽ മെയ് മാസ പ്രവർത്തനങ്ങളെക്കുറിച്ച് ചർച്ച ചെയ്തു.

**7. സാമൂഹിക ബോധവൽക്കരണ പ്രതിഷേധറാലി**

മദ്യം, മയക്കുമരുന്ന്, പ്രണയതട്ടിപ്പ് തുടങ്ങി സമൂഹത്തിൽ വ്യാപിച്ചിരിക്കുന്ന സാമൂഹിക വിപത്തുകൾക്കെതിരേ ശക്തമായ താക്കീതുമായി എസ്.എം.വൈ.എം. പ്രവർത്തകർ നിരത്തിലിറങ്ങി. പാലാ രൂപതയുടെയും കടുത്തുരുത്തി ഫൊറോനയുടെയും കടുത്തുരുത്തി യൂണിറ്റിന്റെയും സംയുക്താഭിമുഖ്യത്തിലാണ് സാമൂഹിക ബോധവൽക്കരണപ്രതിഷേധ റാലി സംഘടിപ്പിച്ചത്. നൂറുകണക്കിന് യുവതിയുവാക്കളാണ് റാലിയിൽ പങ്കെടുത്തത്. മുട്ടുചിറ റൂഹാദ് കുദിശാ ഫൊറോനാ പള്ളിയിൽനിന്നാരംഭിച്ച റാലി ഫൊറോനാ വികാരി വെരി. റവ.ഫാ. എബ്രാഹം കൊല്ലിത്താനത്തുമലയിൽ ഫ്ളാഗ് ഓഫ് ചെയ്തു. മുട്ടുചിറയിൽ നിന്നുമാരംഭിച്ച റാലി കടുത്തുരുത്തി സെന്റ് മേരീസ് ഫൊറോനാ താഴത്തു പള്ളിയിൽ സമാപിച്ചു. തുടർന്ന് നടന്ന സമ്മേളനം എസ്.എം.വൈ.എം. പാലാ രൂപതാ ഡയറക്ടർ ഫാ. മാണി കൊഴുപ്പൻകുറ്റി ഉദ്ഘാടനം ചെയ്തു. കെ.സി.വൈ.എം. സംസ്ഥാന പ്രസിഡന്റ് ഷിജോ ഇടയോടി മുഖ്യപ്രഭാഷണം നടത്തി. കടുത്തുരുത്തി ഫൊറോന രക്ഷാധികാരി റവ. ഫാ. സെബാസ്റ്റ്യൻ കൊല്ലംപറമ്പിൽ അദ്ധ്യക്ഷത വഹിച്ചു. കടുത്തുരുത്തി ഫൊറോന ഡയറക്ടർ ഫാ. സെബാസ്റ്റ്യൻ ചാമക്കാലായിൽ, മുൻ രൂപതാ ഡയറക്ടർ ഫാ. ജേക്കബ് വെള്ളമരുതുങ്കൽ, ഫാ. ജോണി നടുത്തടം, ഫാ. ജോസ് കുഴിഞ്ഞാലിൽ, ഫാ. തോമസ് കിഴക്കേ കൊല്ലിത്താനം, സി. ജോസ്മിത എസ്.എം.എസ്, രൂപത പ്രസിഡന്റ് ജോസഫ് കിണറ്റുകര, ജനറൽ സെക്രട്ടറി ഡിബിൻ ഡൊമിനിക്, വൈസ് പ്രസിഡന്റ് റിന്റു റെജി, ബിബിൻ ചാമക്കാലായിൽ, അഡ്വ. സാം സണ്ണി, നവ്യാ ജോൺ, മെറിൻ തോമസ്, ലിയോൺസ് സായ്, ലിയാ തെരേസ്, തോമസ് ജി വേലം, ഗോഡ്വിൻ മാത്യു തുടങ്ങിയവർ പ്രസംഗിച്ചു.

**8. ആശംസകൾ**

എസ്.എം.വൈ.എം. ന്റെ മുൻ ബ്രദർ റീജന്റുമാരായിരുന്ന ബ്രദർ സേവ്യർ മുക്കുടികാട്ടിലിന്റെയും ബ്രദർ ജെയിംസ് ആലിൻചുവട്ടിലിന്റെയും വൈദികവസ്ത്രസ്വീകരണത്തിൽ എസ്.എം.വൈ.എം. പാലാ രൂപതാസമിതി അംഗങ്ങൾ പങ്കെടുക്കുകയും പ്രാർത്ഥനാശംസകൾ നേരുകയും ചെയ്തു.

**9. കെ.സി.വൈ.എം. മേഖല സന്ദർശനം**

കെ.സി.വൈ.എം സംസ്ഥാനസമിതിയുടെ ആഭിമുഖ്യത്തിൽ കോട്ടയം മേഖലയിൽ വരുന്ന രൂപതകൾ ഉൾപ്പെടുത്തിക്കൊണ്ട് മേഖല സന്ദർശനം മെയ് 12ന് ഓൺലൈനായി നടത്തപ്പെട്ടു. പാലാ രൂപതയിൽനിന്ന് രൂപത പ്രസിഡന്റ് ജോസഫ് സെബാസ്റ്റ്യൻ, ജനറൽ സെക്രട്ടറി ഡിബിൻ ഡൊമിനിക്, വൈസ് പ്രസിഡൻറ് റിന്റു റെജി, സിൻഡിക്കേറ്റ് മെമ്പർമാരായ ടോണി, മെറിൻ, രൂപത ജോയിന്റ് ഡയറക്ടർ സിസ്റ്റർ ജോസ്മിതാ എസ്.എം.എസ്. എന്നിവർ പങ്കെടുത്തു.

### 10. Evening with Youth - 1 @ മരങ്ങാട്ടുപള്ളി

എസ്.എം.വൈ.എം. പാലാ രൂപതാസമിതിയുടെ നേതൃത്വത്തിൽ ഇതിൽ മരങ്ങാട്ടുപള്ളി യൂണിറ്റ് വിസിറ്റ് നടത്തപ്പെട്ടു. പരിപാടിയിൽ യൂണിറ്റ് അംഗങ്ങളുമായി നിലവിലെ പ്രോഗ്രാമുകളെപറ്റി ചർച്ച ചെയ്യുക ഇനിയുള്ള പ്രോഗ്രാമുകളെപ്പറ്റി യുവജനങ്ങളുടെ അഭിപ്രായങ്ങൾ ഞങ്ങൾ അറിയുകയും ചെയ്യുക എന്ന ലക്ഷ്യത്തോടെ നടത്തപ്പെട്ട പ്രോഗ്രാമിൽ യുവജനങ്ങൾ സജീവമായി പങ്കെടുത്തു. രൂപത ഡയറക്ടർ ഫാ മാണി കൊഴുപ്പൻകുറ്റി, രൂപതാ ജോയിൻറ് ഡയറക്ടർ സിസ്റ്റർ ജോസ്മിത SMS, യൂണിറ്റ് ഡയറക്ടർ ഫാ. ജോസഫ് താന്നിക്കാപ്പാറ രൂപത പ്രസിഡന്റ് ജോസഫ് കിണറ്റുകര, ജനറൽ സെക്രട്ടറി ഡിബിൻ, മറ്റ് രൂപതാ ഭാരവാഹികളായ ടോണി, ആൽവിൻ, ടിൻസി, യൂണിറ്റ് ഭാരവാഹികൾ എന്നിവർ പരിപാടിക്ക് നേതൃത്വം കൊടുത്തു.

### 11. Evening with Youth - 2 @ കൂട്ടിക്കൽ

എസ്.എം.വൈ. എം. പാലാ രൂപതാസമിതിയുടെ നേതൃത്വത്തിൽ കൂട്ടിക്കൽ ഫൊറോന വിസിറ്റ് നടത്തപ്പെട്ടു. പരിപാടിയിൽ യൂണിറ്റ് അംഗങ്ങളുമായി രൂപതയുടെ നിലവിലെ പ്രോഗ്രാമുകളെപറ്റി ചർച്ച ചെയ്യുക, ഇനിയുള്ള പ്രോഗ്രാമുകളെപറ്റി യുവജനങ്ങളുടെ അഭിപ്രായങ്ങൾ അറിയുക എന്ന ലക്ഷ്യത്തോടെ നടത്തപ്പെട്ട പ്രോഗ്രാമിൽ ഫൊറോനയിലെ അമ്പതോളം യുവജന ങ്ങൾ സജീവമായി പങ്കെടുത്തു. രൂപത ഡയറക്ടർ ഫാ. മാണി കൊഴുപ്പൻകുറ്റി, രൂപത ജോയിന്റ് ഡയറക്ടർ സിസ്റ്റർ ജോസ്മിത SMS, യൂണിറ്റ് ഡയറക്ടർ ഫാ. ജോസഫ് തോട്ടത്തിൽ രൂപത പ്രസിഡന്റ് ജോസഫ് കിണറ്റുകര, ജനറൽ സെക്രട്ടറി ഡിബിൻ, മറ്റ് രൂപതാഭാരവാഹികളായ ടോണി, ആൽവിൻ, ടിൻസി, യൂണിറ്റ് ഭാരവാഹികൾ എന്നിവർ പരിപാടിക്ക് നേതൃത്വം കൊടുത്തു.

### 12. നിധീരിക്കൽ മാണിക്കത്തനാർ മെമ്മോറിയൽ 6's ഫുട്ബോൾ മത്സരം

പാലാ രൂപതയിലെ എസ്.എം.വൈ.എം. യുവാക്കളുടെ കായികക്ഷമത ഉയർത്തുക എന്ന ലക്ഷ്യത്തോടെ പാലാ രൂപതയിലെ എല്ലാ ഇടവകയിലെയും യുവജനങ്ങളെ ഉൾക്കൊള്ളിച്ചുകൊണ്ട് കുറവിലങ്ങാട് ഓൾഡ് ട്രാഫോർഡിൽ ഫുട്ബോൾ മത്സരം നടത്തപ്പെട്ടു. രൂപതാതലത്തിൽ നടന്ന ഫുട്ബോൾ മത്സരത്തിൽ രൂപതയുടെ വിവിധ ഭാഗങ്ങളിൽനിന്നായി 46 ടീമുകൾ പങ്കെടുത്തു.

### 13. Amoris Laetitia

എസ്.എം.വൈ.എം. പാലാ രൂപതയുടെ ആഭിമുഖ്യത്തിൽ രൂപതാ, അരുവിത്തുറ ഫൊറോന, അരുവിത്തറ യൂണിറ്റ് എന്നിവയുടെ നേതൃത്വത്തിൽ Amoris Laetitia യുവജന ക്യാമ്പ് നടത്തപ്പെട്ടു. 24 ന് വൈകുന്നേരം തുടങ്ങിയ ക്യാമ്പ് ഫാ. ജോസഫ് ആലഞ്ചേരി ഉദ്ഘാടനം ചെയ്തു. പാലാ രൂപതയുടെ വിവിധ ഇടവകകളിൽനിന്നു യുവജനങ്ങൾ ക്യാമ്പിൽ പങ്കെടുത്തു.

### 14. ബ്ലഡ് ഡൊണേഷൻ

ആവശ്യക്കാർ വിളിക്കുന്നതനുസരിച്ച് എസ്.എം.വൈ.എം. യുവാക്കൾ രക്തദാനം നടത്തിവരുന്നു.

**ഫാ. മാണി കൊഴുപ്പൻകുറ്റി** (ഡയറക്ടർ)

# ജീസസ് യൂത്ത്

**1. സോണൽ റീട്രീറ്റ്**

ജൂൺ 10 വെള്ളിയാഴ്ച രാവിലെ 6 മുതൽ ജൂൺ 12 ഞായറാഴ്ച വൈകിട്ട് 3:30 വരെ ചെത്തിമറ്റം ക്രിസ്തുജ്യോതി ധ്യാനകേന്ദ്രത്തിൽവച്ച് സോണൽ റിട്രീറ്റ് നടത്തപ്പെടുന്നു. ഫാ. വിൻസെന്റ് മൂങ്ങാമാക്കൽ, ഫാ. തോമസ് മണ്ണൂർ, സി. ലിസ് മരിയ CMC, അമല ട്രീസ ജെയിംസ്, ജോഗേഷ് ജോബി എന്നിവർ നേതൃത്വം നൽകും. For Registration : - 9446512341 (Joyesh Joby)

**2. MMJ Finale & Bihar Mission**

കൊറോണയുടെ എല്ലാ ഭീകരതയെയും അതിജീവിച്ചുകൊണ്ട് 2021 ഒക്ടോബർ 1 മുതൽ 31 വരെ Central India യുടെ ആറ് സംസ്ഥാനങ്ങളിലൂടെ, 'സുവിശേഷവൽക്കരണ' ത്തിന്റെ പ്രധാന്യവും ആവശ്യകതയും ബോധ്യപ്പെടുത്തി കൊണ്ട് പതിനേഴംഗ ജീസസ് യൂത്ത് 31 ദിവസത്തെ മിഷൻ യാത്ര നടത്തിയിരുന്നു. അതിന്റെ സമാപന ആഘോഷങ്ങൾ മെയ് 29 മുതൽ ജൂൺ 5 വരെ ബീഹാറിലെ പാറ്റ്ന അതിരൂപതയിൽ വച്ച് നടക്കുകയാണ്. കേരളത്തിലെ 150 ജീസസ് യൂത്ത് അംഗങ്ങൾ ഈ മിഷൻ ആഘോഷങ്ങൾക്കായി ബീഹാറിലേയ്ക്ക് യാത്ര തിരിച്ചു. കേരള മിഷൻ ടീമിന്റെ നേതൃത്വത്തിലുള്ള ഈ യാത്രയിൽ പാലാ സോണിനെ പ്രതിനിധീകരിച്ച് ഫാ. ജോർജ്ജ് കാവുകാട്ട്, സി. ലിസ് മരിയ സി.എം.സി., എയ്ഞ്ചൽ മേരി ജെയിംസ്, എത്സ മരിയ സെബാസ്റ്റ്യൻ, അമൽ ജോർജ്ജ്, ജിബിൻ ജോയ് എന്നിവർ പങ്കെടുക്കും.

**3. MMJ Intercession Jericho Prayer**

ബീഹാറിൽ നടക്കുന്ന Mission Month Journey Final Gathering ന്റെ ഭാഗമായി MMJ Intercession ടീമിന്റെ നേതൃത്വത്തിൽ ദിവ്യകാരുണ്യ ആരാധന പ്രദക്ഷിണം മെയ് 16 ന് കാസർഗോഡ് നിന്ന് ആരംഭിച്ച് വിവിധ സോണുകളിലൂടെ സഞ്ചരിച്ച് 19 ന്പാലാ സോണിൽ എത്തി. 12 മണി മുതൽ 1 മണി വരെ പാലാ പുത്തൻ പള്ളിയിൽ വച്ച് ദിവ്യകാരുണ്യ ആരാധന നടത്തപ്പെടുകയും അതിനു ശേഷം പാലാ സോണിന്റെ വിവിധ ഭാഗങ്ങളിലൂടെ സഞ്ചരിച്ച് കോട്ടയം സോണിൽ എത്തിച്ചേരുകയും ചെയ്തു. 21 ന് എറണാകുളം സോണിൽ എമ്മാവൂസിൽ വച്ച് ദിവ്യകാരുണ്യപ്രദക്ഷിണം സമാപിച്ചു. ഫാ. വിൻസെന്റ് മൂങ്ങാമാക്കൽ, സി. ലിസ് മരിയ സി.എം.സി, സി. സെറിൻ സി.എം.സി, അമല ട്രീസ ജെയിംസ്, ജോമോൻ ജോൺ, ജെയിംസ് സെബാസ്റ്റ്യൻ, റോസ്മി റെജി എന്നിവരുടെ നേതൃത്വത്തിൽ ദിവ്യകാരുണ്യപ്രദക്ഷിണത്തെ സ്വീകരിച്ചു.

**4. ഗെയ്സ് (Gaze) ക്യാമ്പസ് പ്രോഗ്രാം**

മെയ് മാസം 5-ാം തീയതി മുതൽ 8-ാം തീയതി വരെ പാലാ ക്യാമ്പസ് ടീമിന്റെ നേതൃത്വത്തിൽ 'ഗെയ്സ്' എന്ന പ്രോഗ്രാം ഭരണങ്ങാനം അസ്സീസി ധ്യാനകേന്ദ്ര ത്തിൽ നടത്തി. 30 പേർ പങ്കെടുത്ത പ്രോഗ്രാമിൽ കാമ്പസ് ടീമിനോടൊപ്പം

സോണൽ കോർഡിനേറ്റർ അമല ട്രീസ ജെയിംസ്, സോണൽ ഡയറക്ടർ ഫാ. വിൻസെന്റ് മൂങ്ങാമാക്കൽ എന്നിവർ നേതൃത്വം നൽകി.

**5. ബ്ലൂമിംഗ് റോസസ്**

ജീസസ് യൂത്ത് പാലാ ടീൻസ് ടീമിന്റെ നേതൃത്വത്തിൽ എല്ലാ വർഷവും 8 മുതൽ 12 വരെ ക്ലാസുകളിലെ കുട്ടികൾക്കായി നടത്തപ്പെടുന്ന 'ബ്ലൂമിംഗ് റോസസ്' മെയ് 15 മുതൽ 18 വരെ കൊടുമ്പിടി താബോർ ധ്യാനകേന്ദ്രത്തിൽ വച്ച് നടത്തി. വികാരി ജനറൽ മോൺ. ഡോ. ജോസഫ് കണിയോടിക്കൽ ഉദ്ഘാടനം ചെയ്ത പ്രോഗ്രാമിൽ ആശിഷ് ജോസ്, സണ്ണി തയ്യിൽ, അജിത് സി, ഫാ. തോമസ് മണ്ണൂർ, ബിൻസ്, ബ്ര. ജോൺസൺ, ഡീക്കൻ ജോസഫ് മൂക്കൻതോട്ടത്തിൽ എന്നിവർ ക്ലാസുകൾ നയിച്ചു. 310 ഓളം പേർ പങ്കെടുത്ത പ്രോഗ്രാമിന് ആൽഫി, സുബിൻ, നവീൻ, ജോമോൻ, ബെല്ലാ സണ്ണി, അഖിൽ സെബാസ്റ്റ്യൻ, സോണൽ കോർഡിനേറ്റർ അമല ട്രീസ ജെയിംസ്, സോണൽ ഡയറക്ടർ ഫാ. വിൻസെന്റ് മൂങ്ങാമാക്കൽ എന്നിവർ നേതൃത്വം നൽകി.

**6. പാരീഷ് ടീം മീറ്റിംഗ്**

മെയ് മാസം 20, 21 തീയതികളിൽ കാർമൽ സ്കൂളിൽ വച്ച് പാരീഷ് ടീം മീറ്റിംഗ് നടത്തി. പാരീഷ് കോർഡിനേറ്റർ ജിബിൻ ജോസഫും മറ്റു ടീം അംഗങ്ങളും പങ്കെടുത്തു.

**7. ഫൊറോന ധ്യാനങ്ങൾ**

Jesus Youth Pala യുടെയും KCSL PALA യുടെയും സംയുക്താഭിമുഖ്യത്തിൽ പാല രൂപതയിലെ എല്ലാ ഇടവകകളെയും സ്കൂളുകളെയും ഉൾപ്പെടുത്തി 17 ഫൊറോനകൾ കേന്ദ്രീകരിച്ച് കുട്ടികൾക്കായി ഫൊറോനതല ഏകദിനധ്യാനം നടത്തി. 17 ഫൊറോനകളിലായി 3000 കുട്ടികൾ പങ്കെടുത്തു. മെയ് 2 ന് പ്രവിത്താനം, കടനാട് ഫൊറോനകളിലും, മെയ് 3 ന് അരുവിത്തുറ ഫൊറോനയിലും, മെയ് 4 ന് ഇലഞ്ഞി ഫൊറോനയിലും, മെയ് 6 ന് മുട്ടുചിറ, കോതനല്ലൂർ, കടുത്തുരുത്തി ഫൊറോനകളിലും, മെയ് 10 ന്കുറവിലങ്ങാട് ഫൊറോനയിലും, മെയ് 11 ന് പാലാ, രാമപുരം ഫൊറോനകളിലും, മെയ് 12 ന് മൂലമറ്റം, തുടങ്ങനാട് ഫൊറോനകളിലും, മെയ്13 ന് പൂഞ്ഞാർ, കൂട്ടിക്കൽ, തീക്കോയി ഫൊറോനകളിലും, മെയ് 17 ന് ഭരണങ്ങാനം ഫൊറോനയിലും, മെയ് 24 ന് ചേർപ്പുങ്കൽ ഫൊറോനയിലുമാണ് പ്രോഗ്രാമുകൾ നടത്തിയത്.

**8. ഇടവക ധ്യാനങ്ങൾ**

ജീസസ് യൂത്ത് പാരീഷ് മിനിസ്ട്രിയുടെ ആഭിമുഖ്യത്തിൽ മുളക്കുളം, അന്തീനാട്, മംഗളാരം ഇടവകകളിൽ കുട്ടികൾക്കായി ധ്യാനം നടത്തപ്പെട്ടു. മുളക്കുളം ഇടവകയിൽ ഇടവക വികാരി ഫാ. ജോസഫ് കളപ്പുരയ്ക്കലിന്റെ സഹകരണത്തോടെ 4 ഞായറാഴ്ചകളിലായാണ് പ്രോഗ്രാമുകൾ നടത്തിയത്. ഫാ. വിൻസെന്റ് മൂങ്ങാമാക്കൽ, ജിബിൻ ജോസഫ്, ആഗ്നസ് ജോസ്, ശില്പ എലിസബത്ത്, ജോയിച്ചൻ, ആൽബിൻ ജിജോ, അമല ട്രീസ ജെയിംസ്, എന്നിവരാണ് മറ്റു ജീസസ് യൂത്ത് യുവാക്കളോടൊപ്പം നേതൃത്വം നൽകിയത്.

**9. SALT & LIGHT**

പാലാ ജീസസ് യൂത്ത് പാരീഷ് മിനിസ്ട്രിയുടെ നേതൃത്വത്തിൽ SMYM തുടങ്ങനാട് ഫൊറോനായിലെ യുവജനങ്ങൾക്കായി മെയ് 14 ന് ഏകദിന പ്രോഗ്രാം SALT & LIGHT എന്ന പേരിൽ നടത്തി. ഫാ. വിൻസെന്റ് മൂങ്ങാമാക്കൽ, അമല ട്രീസ ജെയിംസ്, ജിബിൻ ജോസഫ്, മറ്റു പാരീഷ് ടീം അംഗങ്ങൾ എന്നിവരാണ് നേതൃത്വം നൽകിയത്.

**ഫാ. വിൻസെന്റ് മൂങ്ങാമാക്കൽ** (ഡയറക്ടർ)

# കുടുംബക്കൂട്ടായ്മ

**1. ഫൊറോന സമിതി യോഗങ്ങൾ**

3/05/2022 രാവിലെ 10 മണിക്ക് കുടുംബക്കൂട്ടായ്മ മൂലമറ്റം ഫൊറോനാ സമിതിയുടെ യോഗം മൂലമറ്റം ഫൊറോന പള്ളി ഹാളിൽ വച്ച് നടത്തപ്പെട്ടു, മൂലമറ്റം ഫൊറോന വികാരി പെരിയ ബഹു. കുര്യൻ കാലായിൽ അനുഗ്രഹ പ്രഭാഷണം നടത്തി. രൂപത ഡയറക്ടർ റവ.ഫാ. ജേക്കബ് വെള്ളമരുതുങ്കൽ കൂട്ടായ്മാജീവിതത്തെക്കുറിച്ചും നമ്മളുടെ സമുദായം നേരിടുന്ന വെല്ലുവിളികളെക്കുറിച്ചും ക്ലാസെടുത്തു. ഫൊറോനയുടെ കീഴിലുള്ള ഇടവകകളിലെ കുടുംബക്കൂട്ടായ്മ പ്രവർത്തനങ്ങളെക്കുറിച്ചുള്ള വിലയിരുത്തൽ നടത്തി. യോഗത്തിന് രൂപതാ പ്രസിഡന്റ് ശ്രീ. തോമസ് വടക്കേലും മൂലമറ്റം ഫൊറോനാ പ്രസിഡന്റ് ശ്രീ. മണിച്ചൻ മുണ്ടത്താനും നേതൃത്വം നൽകി.

3/05/2022 ഉച്ചകഴിഞ്ഞ് 2.30 ന് കുടുംബക്കൂട്ടായ്മ കടനാട് ഫൊറോന സമിതി യോഗം കടനാട് ഫൊറോന പള്ളി ഹാളിൽ വച്ച് നടത്തപ്പെട്ടു. ഫൊറോനാ വികാരി പെരിയ ബഹു. അഗസ്റ്റിൻ അരഞ്ഞാണിപുത്തൻപുര അനുഗ്രഹ പ്രഭാഷണം നടത്തി. രൂപത ഡയറക്ടർ ബഹു. ഫാ. ജേക്കബ് വെള്ളമരുതുങ്കൽ കൂട്ടായ്മസന്ദേശം നൽകി. തുടർന്ന് ഇടവകകളിലെ കൂട്ടായ്മ പ്രവർത്തനങ്ങൾ വിലയിരുത്തി. കുടുംബക്കൂട്ടായ്മ രൂപത പ്രസിഡന്റ് തോമസ് വടക്കേലും ഫൊറോനാ പ്രസിഡന്റ് ശ്രീ ജോഷി സിറിയക്ക് കൊച്ചുപുരയ്ക്കലും യോഗത്തിനു നേതൃത്വം നൽകി.

4/05/2022 കുടുംബകൂട്ടായ്മ കോതനല്ലൂർ ഫൊറോന സമിതിയോഗം ഉച്ചകഴിഞ്ഞ് 2.30ന് കോതനല്ലൂർ പള്ളി പാരിഷ് ഹാളിൽ വച്ച് നടത്തപ്പെട്ടു. ഫൊറോന വികാരി പെരിയ ബഹു. സെബാസ്റ്റ്യൻ പടിയ്ക്കക്കൊഴുപ്പിൽ യോഗത്തിൽ അനുഗ്രഹപ്രഭാഷണം നടത്തി. രൂപത ഡയറക്ടർ ബഹു. ജേക്കബ് വെള്ളമരുതുങ്കൽ അധ്യക്ഷപ്രസംഗം നടത്തി. ഇടവകയിൽനിന്നുള്ള പ്രതിനിധികൾ കൂട്ടായ്മാവിശേഷങ്ങൾ പങ്കുവച്ചു. രൂപതാ പ്രസിഡണ്ട് ശ്രീ തോമസ് വടക്കേലും ഫൊറോന പ്രസിഡന്റ് ശ്രീ ടോമി മുതിരക്കാലയും യോഗനടപടികൾക്കു നേതൃത്വം നൽകി.

**2. രൂപതാ കൗൺസിൽ**

5/05/2022 രാവിലെ 10.30 ന് രൂപതാ കൗൺസിൽ യോഗം പാലാ ഷാലോം പാസ്റ്ററൽ സെന്ററിൽ നടത്തപ്പെട്ടു. ജപമാല പ്രാർത്ഥനയോടെ യോഗം ആരംഭിച്ചു. രൂപത സെക്രട്ടറി ശ്രീ ജോണി വേലംകുന്നേൽ സ്വാഗതം ആശംസിച്ചു.

രൂപത ഡയറക്ടർ റവ.ഫാ. ജേക്കബ് വെള്ളമരുതുങ്കൽ അധ്യക്ഷപ്രസംഗം നടത്തി. കോവിഡ് കാലഘട്ടത്തിൽ നിർജ്ജീവമായ കുടുംബക്കൂട്ടായ്മകൾ പുനരാരംഭിക്കേണ്ടതിന്റെ ആവശ്യകതയെക്കുറിച്ച് ഡയറക്ടറച്ചൻ യോഗത്തിൽ സംസാരിച്ചു. ഇടവകകളിൽ കൂട്ടായ്മകൾ ആരംഭിക്കുവാൻ ബഹുമാനപ്പെട്ട വികാരിയച്ചന്മാരോടുചേർന്ന് കൂട്ടായ്മാഭാരവാഹികൾ മുൻകൈയെടുക്കണമെന്ന് അച്ചൻ ഓർമിപ്പിച്ചു.

രൂപതാ പ്രസിഡന്റ് ശ്രീ തോമസ് വടക്കേൽ ഫിയാത്ത് മിഷനുവേണ്ടിയുള്ള പേപ്പർ കളക്ഷൻ ഇടവകകളിൽ ഉത്സാഹപൂർവ്വം നടന്നു വരുന്നതായും ചെയ്യേണ്ട ക്രമീകരണങ്ങളെക്കുറിച്ചും വിശദീകരിച്ചു. പിന്നീട് നടന്ന ചർച്ചയിൽ എല്ലാവരും സജീവമായി പങ്കെടുത്തു.

**3. സെമിനാർ**

8/05/2022 തീക്കോയി ഫൊറോനാപ്പള്ളിയിൽ സമുദായം നേരിടുന്ന വെല്ലുവിളികളും പരിഹാരമാർഗ്ഗങ്ങളും എന്ന വിഷയത്തെക്കുറിച്ച് സെമിനാർ നടത്തി. അഡ്വ. ജസ്റ്റിൻ പള്ളിവാതുക്കൽ നയിച്ച സെമിനാറിൽ റവ.ഫാ. ജേക്കബ് വെള്ളമരുതുങ്കൽ സന്ദേശം നൽകി. രൂപത, ഫൊറോനാ ഭാരവാഹികൾ സെമിനാറിൽ പങ്കെടുത്തു.

**4. സന്ദർശനം**

24/05/2022 രൂപതാഭാരവാഹികൾ ബഹു. ഡയറക്ടർ അച്ചന്റെ നേതൃത്വത്തിൽ അഭിവന്ദ്യ ജോസഫ് കല്ലറങ്ങാട്ട് പിതാവിനെ സന്ദർശിച്ച് കുടുംബക്കൂട്ടായ്മ കാര്യങ്ങളെക്കുറിച്ച് ചർച്ച നടത്തി.

**5. നേതൃത്വപരിശീലനസെമിനാർ**

25/05/2022 മാൻവെട്ടം ഇടവകയിലെ കുടുംബക്കൂട്ടായ്മാഭാരവാഹികൾക്കായി നേതൃത്വ പരിശീലന സെമിനാർ നടത്തി. രാവിലെ 10 മുതൽ 4 മണി വരെ നടന്ന സെമിനാറിൽ രൂപത ഡയറക്ടർ ബഹു. ജേക്കബ് വെള്ളമരുതുങ്കൽ, രൂപത പ്രസിഡന്റ് ശ്രീ തോമസ് വടക്കേൽ, റിസോഴ്സ് അംഗങ്ങളായ പ്രൊഫ. ലിറ്റിൽ ഫ്ളവർ, ശ്രീ ഷിജ വെള്ളപ്ലാക്കൽ എന്നിവർ ക്ലാസ്സുകൾ നയിച്ചു.

**6. ഫിയാത്ത് മിഷൻ**

ഫിയാത്ത് മിഷൻ നടത്തുന്ന സൗജന്യ ബൈബിൾ വിതരണ ശുശ്രൂഷയെ സഹായിക്കാൻ ഇടവകകളിൽനിന്നു കുടുംബക്കൂട്ടായ്മകൾ വഴി പേപ്പർ, നോട്ടുബുക്ക് ശേഖരണം 45 ഇടവകകളിൽ പൂർത്തിയായി. ഏകദേശം 35 ടൺ പത്രക്കടലാസ്സുകൾ ഇതിനകം അയക്കുവാൻ സാധിച്ചു.

**ഫാ. ജേക്കബ് വെള്ളമരുതുങ്കൽ** (ഡയറക്ടർ)

# ഫാമിലി അപ്പോസ്തലേറ്റ്

## A. വിവാഹ ഒരുക്ക ധ്യാനം

**1. സർട്ടിഫിക്കറ്റ് കരസ്ഥമാക്കി**

മെയ് 2-4, 23-25 തീയതികളിലായി നടന്ന വിവാഹ ഒരുക്ക സെമിനാറിൽ 262 പേർ സംബന്ധിച്ച് സർട്ടിഫിക്കറ്റ് നേടി.

**2. രജിസ്ട്രേഷൻ**

**ജൂൺ 6–8, 20–22, ജൂലൈ 4–6, ആഗസ്റ്റ് 1–3, 15–17** എന്നീ തിയതികളിൽ നടക്കുന്ന കോഴ്സിന്റെ രജിസ്ട്രേഷൻ തുടരുന്നു.

**3. പേരന്റ്സ് മീറ്റ്**

മെയ് മാസത്തിലെ പേരന്റ്സ് മീറ്റിംഗിൽ റവ. ഡോ. ജോസഫ് കടുപ്പിൽ ക്ലാസ്സെടുത്തു. മീറ്റിങ്ങിൽ 212 മാതാപിതാക്കൻമാർ സംബന്ധിച്ചു.

**B. കുടുംബസംഗമം**

പാലാ രൂപത ഫാമിലി അപ്പോസ്തലേറ്റിന്റെ നേതൃത്വത്തിൽ രൂപതയിലെ കുടുംബങ്ങളുടെ സംഗമം 2022 മെയ് 27 വെള്ളിയാഴ്ച ഉച്ചകഴിഞ്ഞ് 2 മണിക്ക് പാലാ കത്തീഡ്രൽ പാരിഷ് ഹാളിൽ വച്ച് നടത്തി. 2021 മാർച്ച് മുതൽ സഭയിൽ ആചരിക്കുന്ന കുടുംബവർഷത്തിന്റെ രൂപതാതലസമാപനവും അതോടനുബന്ധിച്ചു നടത്തപ്പെട്ടു. പാലാ രൂപതാദ്ധ്യക്ഷൻ മാർ ജോസഫ് കല്ലറങ്ങാട്ട് സമ്മേളനത്തിൽ അദ്ധ്യക്ഷത വഹിച്ചു. പാലാ രൂപത ഫാമിലി അപ്പോസ്തലേറ്റിന്റെ ഭാഗമായ മാതൃ–പിതൃവേദികളും പ്രോലൈഫ് സമിതിയും സംയുക്തമായാണ് കുടുംബസംഗമത്തിനു നേതൃത്വം നല്കി.

**C. സന്തുഷ്ടകുടുംബപദ്ധതി**

2000 ആണ്ടിനുശേഷം വിവാഹിതരായി അഞ്ചോ അതിൽ കൂടുതലോ കുട്ടികളുള്ള 52 കുടുംബങ്ങൾക്ക് ഫാമിലി അപ്പോസ്തലേറ്റിന്റെ നേതൃത്വത്തിൽ സന്തുഷ്ടകുടുംബപദ്ധതിയിലൂടെ പ്രതിമാസം 1500 രൂപയുടെ സാമ്പത്തിക സഹായം മെയ് മാസത്തിലേത് 5–ാം തീയതി Bank Transfer വഴി നല്കി.

**D. പിതൃവേദി**

**1. ചർച്ച**

ഏപ്രിൽ 26 ന് സിനഡനന്തര സഭയ്ക്കുവേണ്ടി പിതൃവേദി അംഗങ്ങൾ ചർച്ച നടത്തി റിപ്പോർട്ട് രൂപതാകേന്ദ്രത്തിൽ ഏല്പിച്ചു. 88 പേർ സംബന്ധിച്ചു.

**2. രൂപത എക്സിക്യൂട്ടീവ്**

മെയ് 11–ാം തീയതി ഉച്ചകഴിഞ്ഞ് 2 മുതൽ 4 വരെ ഷലോം പാസ്റ്ററൽ സെന്ററിൽ വച്ച് ഡയറക്ടർ റവ. ഡോ. ജോസ് കുറ്റിയാങ്കലിന്റെ നേതൃത്വത്തിൽ രൂപതസമിതി കൂടുകയും പുതിയ കർമ്മപദ്ധതികളെക്കുറിച്ചു ചർച്ച നടത്തുകയും ചെയ്തു.

**3. വിനോദയാത്ര**

മെയ് 10–ാം തീയതി ഡയറക്ടർ റവ. ഡോ. ജോസ് കുറ്റിയാങ്കലിന്റെ നേതൃത്വത്തിൽ 47 പിതൃവേദി അംഗങ്ങൾ തേക്കടിക്ക് വിനോദയാത്ര നടത്തി.

**4. പുതിയ യൂണിറ്റ്**

മെയ് 22–ാം തീയതി പൂഴിക്കോൽ ഇടവകയിൽ പിതൃവേദിയുടെ പുതിയ യൂണിറ്റ് ആരംഭിച്ചു.

**5. മത്സരങ്ങൾ**

ജൂൺ 18-ാം തീയതി പിതൃവേദി അംഗങ്ങൾക്കായി രൂപതാതലത്തിൽ പ്രസംഗം, ഭക്തിഗാനമത്സരങ്ങൾ ഷലോം പാസ്റ്ററൽ സെന്ററിൽ വച്ച് നടത്തുന്നു. യൂണിറ്റിൽ മത്സരിച്ച് ഒന്നാം സ്ഥാനം നേടുന്നവരാണ് ഫൊറോനയിൽ മത്സരിക്കേണ്ടത്. ഒന്നാം സ്ഥാനം നേടുന്നവരാണ് രൂപതാതലത്തിൽ മത്സരിക്കേണ്ടത്.

**6. അനുശോചനം**

മെയ് 5 ന് പിതൃവേദിയുടെ രാമപുരം യൂണിറ്റ് പ്രസിഡന്റ് തങ്കച്ചൻ പുളിയാർ മറ്റത്തിന്റെ അമ്മയുടെ നിര്യാണത്തിലും മെയ് 14 ന് കൂട്ടിക്കൽ രൂപത പ്രതിനിധി ജസ്റ്റിൻ ഇടയോടിയിലിന്റെ അമ്മയുടെ നിര്യാണത്തിലും രൂപത ഡയറക്ടർ റവ. ഡോ. ജോസ് കുറ്റിയാങ്കലും രൂപതാസമിതി അംഗങ്ങളും വീട്ടിലെത്തി ഒപ്പീസ് ചൊല്ലി പ്രാർത്ഥിച്ചു.

## E. മാതൃവേദി

**1. ചർച്ച**

ഏപ്രിൽ 26 ന് സിനഡനന്തരസഭയ്ക്കുവേണ്ടി മാതൃവേദി അംഗങ്ങൾ ചർച്ച നടത്തി റിപ്പോർട്ട് രൂപത കേന്ദ്രത്തിൽ ഏല്പിച്ചു. 167 പേർ സംബന്ധിച്ചു.

**2. എക്സിക്യൂട്ടിവ് മീറ്റിംഗ്**

മെയ് 9-ാം തീയതി ഷലോമിൽ വച്ച് രാവിലെ 10 മുതൽ എക്സിക്യൂട്ടീവ് മീറ്റിംഗ് നടത്തി.

**3. ബൈബിൾ പ്രകാശനം**

ഏപ്രിൽ 27-ാം തീയതി 11 മണിക്ക് രാമപുരം മേഖലയുടെ കൈയെഴുത്ത് ബൈബിൾ പ്രകാശനം രൂപത ഡയറക്ടർ റവ. ഡോ. ജോസ് കുറ്റിയാങ്കൽ നിർവഹിച്ചു. വികാരി റവ. ഡോ. ജോർജ് വർഗീസ് ഞാറക്കുന്നേൽ അദ്ധ്യക്ഷത വഹിച്ചു. രാമപുരം മേഖല മാതൃവേദി അംഗങ്ങൾ പരിപാടികൾക്ക് നേതൃത്വം നല്കി.

**4. അനുശോചനം**

മെയ് 12 ന് മാതൃവേദിയുടെ ജോയിന്റ് സെക്രട്ടറി സബീന സക്കറിയാസിന്റെ അമ്മയുടെ നിര്യാണത്തിൽ രൂപത ഡയറക്ടർ റവ. ഡോ. ജോസ് കുറ്റിയാങ്കലും രൂപതാസമിതി അംഗങ്ങളും അനുശോചനം അറിയിക്കുകയും മൃതസംസ്കാരചടങ്ങിൽ പങ്കെടുക്കുകയും ചെയ്തു. മെയ് 21 ന് കൂട്ടിക്കൽ മേഖല പ്രസിഡന്റ് ലീലാമ്മ തോമസിന്റെ മാതാവിന്റെ മൃതദേഹത്തിങ്കൽ ഡയറക്ടറും രൂപതാസമിതിയംഗങ്ങളും ഒന്നുചേർന്ന് പ്രാർത്ഥിച്ചു.

**5. മാതൃദിനാഘോഷം**

മെയ് 15-ാം തീയതി ഉച്ചകഴിഞ്ഞ് 2 മുതൽ 4.30 വരെ മാതൃവേദി കാക്കൂർ യൂണിറ്റിൽ മാതൃദിനാഘോഷം നടത്തപ്പെട്ടു. രൂപത ഡയറക്ടർ റവ. ഡോ. ജോസ് കുറ്റിയാങ്കൽ വി.കുർബാന അർപ്പിച്ച് മാതൃദിനാശംസകൾ നൽകി. പ്രൊഫ. ആൻസി ജോർജ് ക്ലാസ്സ് നയിച്ചു.

**6. പുതിയ യൂണിറ്റ്**

മെയ് 22-ാം തീയതി പൂഴിക്കോൽ ഇടവകയിൽ മാതൃവേദിയുടെ പുതിയ യൂണിറ്റ് ആരംഭിച്ചു.

## F. പ്രോലൈഫ്

**1. ചർച്ച**

ഏപ്രിൽ 26 ന് സിനഡനന്തര സഭയ്ക്കുവേണ്ടി പ്രോലൈഫ് സമിതി ചർച്ച നടത്തി റിപ്പോർട്ട് രൂപത കേന്ദ്രത്തിൽ ഏല്പിച്ചു. 43 പേർ ചർച്ചയിൽ പങ്കെടുത്തു.

## G. ഡേറ്റ സ്വീകരണം

നമ്മുടെ രൂപതയുടെ മാട്രിമോണിയൽ സേവനവിഭാഗമായ സീറോ മലബാർ പാലാ മാട്രിമണി സീറോ മലബാർ സഭയിലെ 18 രൂപതകളുടെയും മാട്രിമണികളുമായി ചേർന്ന് പ്രവർത്തിക്കുകയാണ്. ദീപിക പത്രത്തിന്റെ മാട്രിമോണിയലും ഈ സംരംഭത്തിൽ പങ്കാളിയാണ്. Palai Matrimony യിൽ രജിസ്ട്രേഷൻ ചെയ്യുന്നവർക്ക് 18 രൂപതകളിലെയും ദീപിക മാട്രിമോണിയലിലെയും മെമ്പേഴ്സിനെ സെർച്ച് ചെയ്യുവാൻ സാധിക്കും. അതോടൊപ്പം Payment നടത്തിയ ദിവസത്തിനുശേഷമുള്ള ഞായറാഴ്ചത്തെ ദീപിക പത്രത്തിൽ പരസ്യം ചെയ്യുന്നതുമാണ്. നമ്മുടെ രൂപതയിലെ വിവാഹാർത്ഥികൾക്ക് ഉത്തമരായ ജീവിതപങ്കാളികളെ തിരെഞ്ഞെടുക്കുവാൻ ഈ സേവനം പ്രയോജനപ്പെടുത്താവുന്നതാണ്. കൂടുതൽ വിവരങ്ങൾക്ക് Palai Matrimony യുടെ 7306915897, 9778199182, 04822 200065 എന്നീ നമ്പറുകളിൽ വിളിക്കാവുന്നതാണ്.

## H. മഡോണ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഹോം ലൈഫ്

**1. ഹോം സയൻസ് ക്ലാസുകൾ**

പാലാ രൂപത ഫാമിലി അപ്പോസ്തലേറ്റിന്റെ കീഴിലുള്ള മഡോണ ഇൻസ്റ്റിറ്റ്യൂട്ടിൽ ഹോംസയൻസ് ക്ലാസ്സുകൾ ആരംഭിച്ചു. യുവതികൾക്ക് ഉത്തമ കുടുംബജീവിതത്തിന് ആവശ്യമായ കുടുംബവിജ്ഞാനപരമായ ക്ലാസ്സുകൾ, പാചകകലയിൽ പരിശീലനം, തയ്യൽ പരിശീലനം, ഹാന്റി ക്രാഫ്റ്റ്സ്, പൂക്കൾ നിർമ്മാണം, ഫ്ളവർ അറേഞ്ച്മെന്റ്സ്, ഫേബ്രിക് പെയ്ന്റിംഗ്, നീഡിൽ വർക്ക്, ബിഡ്സ് വർക്കുകൾ, ഗ്ലാസ്സ് പെയ്ന്റിംഗ്, മെറ്റൽ എംബോസ്സിംഗ്, ഹാന്റ് എംബ്രോയ്ഡറി, സെറാമിക് വർക്കുകൾ, ക്രോച്ചറ്റ് വർക്കുകൾ, കോളാഷ് വർക്കുകൾ, ടോയി മേക്കിംഗ്, പോട്ട് പെയിന്റിംഗ്, കോഫി പെയിന്റിംഗ്, ഓർണമെന്റ്സ് മേക്കിംഗ് തുടങ്ങിയ വിഷയങ്ങൾക്കുള്ള ക്ലാസ്സുകൾ നടത്തപ്പെടുന്നു. ഈ കോഴ്സിൽ പങ്കെടുക്കാൻ ആഗ്രഹിക്കുന്നവർ മഡോണ ഇൻസ്റ്റിറ്റ്യൂട്ടുമായി ബന്ധപ്പെടുക. വിശദവിവരങ്ങൾക്ക് വിളിക്കേണ്ട നമ്പർ – 9496571321

**2. ജൂബിലി ആഘോഷം**

മെയ് 9-ാം തീയതി സി. മേഴ്സിയുടെ ജൂബിലി ആഘോഷം ഡയറക്ടർ റവ. ഡോ. ജോസ് കുറ്റിയാങ്കലിന്റെ നേതൃത്വത്തിൽ നടത്തപ്പെട്ടു.

**I. മംഗല്യനിധി**

പാലാ രൂപതാ ഫാമിലി അപ്പോസ്തലേറ്റിന്റെ വിവാഹസഹായപദ്ധതിയായ മംഗല്യനിധി വഴി മെയ് മാസത്തിൽ **കുറിഞ്ഞി, ഉദയഗിരി, മൂന്നിലവ്** ഇടവകകളിലെ പെൺകുട്ടികൾക്ക് വിവാഹസഹായം നൽകി.

**ഫാ. ജോസഫ് കുറ്റിയാങ്കൽ** (ഡയറക്ടർ)

# കത്തോലിക്കാ കോൺഗ്രസ്

**1. ജന്മദിനാഘോഷം**

കത്തോലിക്ക കോൺഗ്രസിന്റെ 104-ാം ജന്മദിനാഘോഷം എല്ലാം യൂണിറ്റുകളിലും പതാക ഉയർത്തി മധുരപലഹാരങ്ങൾ വിതരണം ചെയ്ത് ആഘോഷിച്ചു.

രൂപത തലത്തിലുള്ള ആഘോഷം മെയ് 1 ന് ഉച്ചകഴിഞ്ഞ് 3 മണിക്ക് രാമപുരം പാരിഷ് ഹാളിൽ അഭിവന്ദ്യ മാർ ജോസഫ് കല്ലറങ്ങാട്ട് ഉദ്ഘാടനം ചെയ്തു. ഒരു നൂറ്റാണ്ടിലേറെയായി കേരളസമൂഹത്തിൽ മുഴങ്ങിക്കൊണ്ടിരിക്കുന്ന പ്രവാചകശബ്ദമാണ് കത്തോലിക്ക കോൺഗ്രസിന്റേതെന്ന് പിതാവ് അഭിപ്രായപ്പെട്ടു. 104 വർഷം സംഘടനയെ നയിച്ചവരെ പിതാവ് അനുസ്മരിച്ചു.

രൂപത പ്രസിഡന്റ് ഇമ്മാനുവൽ നിധീരി അധ്യക്ഷത വഹിച്ചു. റവ.ഡോ. ജോർജ് വർഗീസ് ഞാറക്കുന്നേൽ, ജോസ് വട്ടുകുളം, രാജീവ് കൊച്ചുപറമ്പിൽ, സാജു അലക്സ്, എം.എം. ജേക്കബ്, ആൻസമ്മ സാബു, ജോൺസൺ വീട്ടിയാങ്കൽ എന്നിവർ സംസാരിച്ചു.

**2. വനിതാഫോറം ഉദ്ഘാടനം**

കത്തോലിക്കാ കോൺഗ്രസിന്റെ വനിതാഫോറത്തിന്റെ ഉദ്ഘാടനം മാർ ജോസഫ് കല്ലറങ്ങാട്ട് നിർവഹിച്ചു. യോഗത്തിൽ എമ്മാനുവൽ നിധീരി അധ്യക്ഷത വഹിച്ചു. റവ.ഡോ. ജോർജ് വർഗീസ് ഞാറക്കുന്നേൽ ആൻസമ്മ സാബു, ബെല്ലാ സിബി, ലിബി തമ്പി, ജോസ് വട്ടുകുളം എന്നിവർ സംസാരിച്ചു.

**3. കേന്ദ്ര പ്രതിനിധിസമ്മേളനം**

ഏപ്രിൽ 30 ന് തൃശ്ശൂരിൽ വച്ചു നടന്ന കേന്ദ്ര പ്രതിനിധി സമ്മേളനത്തിൽ രൂപതയിൽനിന്ന് 26 പ്രതിനിധികൾ പങ്കെടുത്തു.

**4. നേത്രപരിശോധന ക്യാമ്പ്**

വാക്കാട് യൂണിറ്റിന്റെ ആഭിമുഖ്യത്തിൽ പൈക ലയൺസ് ചാരിറ്റബിൾ ട്രസ്റ്റ് കണ്ണാശുപത്രിയുടെ സഹകരണത്തോടെ പാരിഷ് ഹാളിൽ വച്ച് നേത്രപരിശോധന ക്യാമ്പ് നടത്തി. വികാരി ഫാ. ജോസഫ് മേയിക്കൽ ഉദ്ഘാടനം ചെയ്തു യൂണിറ്റ് പ്രസിഡന്റ് ഷാജി ക്യാമ്പിന് നേതൃത്വം നൽകി.

**5. ബൈബിൾ ക്വിസ് മത്സരം**

ഏഴാച്ചേരി യൂണിറ്റിന്റെ ആഭിമുഖ്യത്തിൽ ബൈബിൾ ക്വിസ് മത്സരം നടത്തി. വിജയികൾക്ക് സമ്മാനങ്ങൾ വിതരണം ചെയ്തു. പ്രസ്തുത സമ്മേ

ളനം മാർ ജേക്കബ് മുരിക്കൻ പിതാവ് ഉദ്ഘാടനം ചെയ്തു. യൂണിറ്റ് പ്രസിഡന്റ് ശ്രീ ബിനോയ് ജോസഫ് പള്ളത്ത് അധ്യക്ഷത വഹിച്ചു. ഫാ. ജോർജ് പള്ളിപ്പറമ്പിൽ, റവ.ഡോ. ജോർജ് വർഗീസ്, ഞാറക്കുന്നേൽ, സാബു അലക്സ്, ജോബിൻ പുതിയിടത്തുചാലിൽ, അജോ തോമസ് തുണ്ടുങ്കൽ, റെജിമോൻ സിറിയക്, സജി ജേക്കബ് എന്നിവർ പ്രസംഗിച്ചു.

**ശ്രീ ജോസ് വട്ടുകുളം** (ജനറൽ സെക്രട്ടറി)

# പാലാ സോഷ്യൽ വെൽഫെയർ സൊസൈറ്റി

**1. ആശാ കിരണം - സൗജന്യ മെഡിക്കൽ ക്യാമ്പ്**

പാലാ സോഷ്യൽ വെൽഫെയർ സൊസൈറ്റിയുടെ ക്യാൻസർ സുരക്ഷാ യജ്ഞപരിപാടിയായ ആശാകിരണം പദ്ധതിയുടെ ഭാഗമായി മാർ സ്ലീവാ മെഡിസിറ്റിയുടെ സഹായത്തോടെ കാൻസർ ബോധവത്കരണ സെമിനാറും സൗജന്യ രോഗപരിശോധനാക്യാമ്പും രൂപതയിലെ വിവിധ ഫൊറോനാതലത്തിൽ സംഘടിപ്പിക്കുന്നു. പദ്ധതിയുടെ രൂപതാതല ഉദ്ഘാടനം ചേർപ്പുങ്കൽ ബി.വി.എം. കോളജ് ഓഡിറ്റോറിയത്തിൽ വച്ചുനടന്നു. പി.എസ്.ഡബ്ല്യു.എസ്. ഡയറക്ടർ ഫാ. തോമസ് കിഴക്കേലിന്റെ അധ്യക്ഷതയിൽ കൂടിയ യോഗത്തിൽ വച്ച് പാലാ രൂപത സഹായമെത്രാൻ മാർ ജേക്കബ് മുരിക്കൻ ഉദ്ഘാടനം ചെയ്തു. മാർ സ്ലീവാ മെഡിസിറ്റിയിലെ വിദഗ്ധ ഡോക്ടർമാർ സെമിനാറിനും പരിശോധനയ്ക്കും നേതൃത്വം നൽകി.

**2. ജാതികർഷകസംഗമം**

കേരള സർക്കാർ സഹായത്തോടെ പാലാ സോഷ്യൽ വെൽഫെയർ രൂപീകരിച്ച സാന്തോം ഫാർമേഴ്സ് പ്രൊഡ്യൂസർ കമ്പനിയുടെ നേതൃത്വത്തിൽ ജാതികർഷകസംഗമവും പരിശീലനവും പാലായിൽ നടത്തി. ജാതികർഷകർ അഭിമുഖീകരിക്കുന്ന വിവിധപ്രശ്നങ്ങൾ ചർച്ച ചെയ്യുന്നതിനും ശാസ്ത്രീയമായ ജാതി പരിപാലനമുറകൾ മനസ്സിലാക്കുന്നതിനും ജാതിക്കാസംഭരണവും മൂല്യവർദ്ധിത ഉത്പന്നനിർമ്മാണസാധ്യതകളും വിപണനസംവിധാനങ്ങളും ചർച്ച ചെയ്യുന്നതിനുമാണ് പ്രോഗ്രാം സംഘടിപ്പിച്ചത്. കോഴിക്കോട് സുഗന്ധവിള ഗവേഷണ കേന്ദ്രത്തിലെ വിദഗ്ധർ ക്ലാസ് നയിച്ചു. കേരളത്തിലെ പ്രമുഖ ജാതികർഷകനും വ്യവസായുമായ ഇടുക്കി തങ്കമണി സ്വദേശി ജോസഫ് സെബാസ്റ്റ്യൻ കർഷക കൂട്ടായ്മയിൽ സംവദിച്ചു.

**3. ടെക്നോ വേവ്**

പാലാ സോഷ്യൽ വെൽഫെയർ സൊസൈറ്റി ടെക്നോ വേവ് പദ്ധതി പ്രകാരം കുറഞ്ഞ ചെലവിൽ പള്ളികൾ, സ്ഥാപനങ്ങൾ തുടങ്ങിയ സ്ഥലങ്ങളിൽ ഇൻവെർട്ടർ, സി.സി.ടി.വി.കൾ തുടങ്ങിയവ നിർമ്മിച്ചു നൽകിവരുന്നു. കഴിഞ്ഞ മാസം പൈക പള്ളിയിലെ നിർമാണം പൂർത്തിയായി.

**4. തേനീച്ച കർഷകസംഗമം 2022**

നബാർഡിന്റെ സഹായത്തോടെ പാലാ രൂപത സോഷ്യൽ വെൽഫെയർ സർവീസ് സൊസൈറ്റി ആരംഭിക്കുന്ന ബി.പി.ഒയുടെ ആഭിമുഖ്യത്തിൽ

തേനീച്ച കർഷകസംഗമം പാലാ അഗ്രിമ കർഷക മാർക്കറ്റ് കോംപ്ലക്സിൽ വച്ച് നടത്തി. പ്രസ്തുത യോഗത്തിൽ കെ.വി.കെ. കുമരകം സയന്റിസ്റ്റ് ജോളി ജോസഫ് തേനീച്ച വളർത്തലിനെക്കുറിച്ചു ക്ലാസുകൾ നയിക്കുകയും ചർച്ച നടത്തുകയും തേനീച്ച കർഷക ക്ലാസ് ക്ലസ്റ്റർ രൂപീകരിക്കുകയും ചെയ്തു. പ്രസ്തുത യോഗ ത്തിൽ ഫാ. ജോസ് പൂഴിക്കോൽ അധ്യക്ഷത വഹിക്കുകയും റവ.ഡോ. മാത്യു മലേപ്പറമ്പിൽ ഉദ്ഘാടനം നിർവഹിക്കുകയും ചെയ്തു.

**5. കൂട്ടിക്കൽ മിഷൻ പദ്ധതി – ഭവനനിർമ്മാണം**

പാലാ രൂപത കൂട്ടിക്കൽ മിഷൻ, പ്രളയദുരിതാശ്വാസപദ്ധതിയുടെ ഭാഗ മായി പുതിയ 16 വീടുകളുടെ നിർമാണപ്രവർത്തനങ്ങൾ ആരംഭിച്ചു. 7 വീടുക ളുടെ നിർമാണപ്രവർത്തനങ്ങൾ പൂർത്തിയായി വരുന്നു. പാലാ രൂപതാ സഹായ മെത്രാൻ മാർ ജേക്കബ് മുരിക്കൻ, പി.എസ്.ഡബ്ല്യു.എസ്. ഡയറക്ടർ ഫാ. തോമസ് കിഴക്കേൽ തുടങ്ങിയവർ നിർമാണപ്രവർത്തനങ്ങൾ നടത്തുന്ന സ്ഥാപനങ്ങളിൽ സന്ദർശനം നടത്തി.

**6. ഫലവൃക്ഷത്തൈ വിതരണം**

പാലാ സോഷ്യൽ വെൽഫെയർ സൊസൈറ്റിയുടെ ആഭിമുഖ്യത്തിൽ കുറഞ്ഞ നിരക്കിൽ ഫലവൃക്ഷത്തൈകളും പച്ചക്കറിത്തൈകളും ഇടവക തല ത്തിൽ വിതരണം ചെയ്തുവരുന്നു. തേൻവരിക്ക, മുട്ടം വരിക്കാ, വിയറ്റ്നാം സൂപ്പർ ഏർളി, സീഡ് ലെസ്, ഗംലേസ്, സിന്ധു, സീയോൻ, ഡാങ് സൂര്യ, ചെമ്പരത്തിവ രിക്ക തുടങ്ങിയ പ്ലാവുകളും കേരശ്രീ, കുറ്റ്യാടി, ഡി x റ്റി, ഗംഗാ ബോണ്ടം, റ്റി x ഡി, മലയൻ പച്ച, മലയൻ ഓറഞ്ച്, ഗൗളി, പതിനെട്ടാംപട്ട തുടങ്ങിയ തെങ്ങിൻ തൈകളും വിവിധയിനം റമ്പൂട്ടാൻ, മംഗോസ്റ്റിൻ, പലതരം മാവുകൾ, സപ്പോർട്ട, നാരകം, കുടംപുളി, വിവിധയിനം വിദേശഫലവൃക്ഷത്തൈകൾ, തണൽ മരങ്ങൾ, പൂച്ചെടികൾ തുടങ്ങിയവ വിതരണം ചെയ്യുന്നു. ഇതോടൊപ്പം ജൈവവളങ്ങൾ, കീടനാശിനികൾ, ഗ്രോ ബാഗുകൾ, പച്ചക്കക്കാപൊടി, മണ്ണിരക്കമ്പോസ്റ്റ്, ജീവാ ണുവളങ്ങൾ തുടങ്ങിയവയും വിതരണം ചെയ്തുവരുന്നു. വിവിധയിനം പച്ചക്ക റിത്തൈകളും ലഭ്യമാണ്.

**7. സ്വാശ്രയസംഘം കർഷകദള ഫെഡറേഷൻ വാർഷികങ്ങൾ**

പറത്താനം, തീക്കോയി, വേലനിലം, അയ്യംമ്പാറ, മാവടി, അറക്കുളം, മൂലമറ്റം, മുട്ടുചിറ, ജയ്ഗിരി, തിരുമാറാടി, നീറന്താനം, മാൻവെട്ടം തുടങ്ങിയ സ്വാശ്ര യസംഘങ്ങളുടെയും കർഷകദളഫെഡറേഷന്റെയും വാർഷികങ്ങൾ നടത്തി.

**8. സൺഡേ മാർക്കറ്റ്**

കൂടല്ലൂർ ഇടവകയിൽ സൺഡേ മാർക്കറ്റ് ആരംഭിച്ചു.

**9. ഹൈടെക് കോഴിക്കൂടുകൾ**

കോഴിയെ അഴിച്ചുവിടാതെ കൂടിനുള്ളിൽത്തന്നെ വളർത്താവുന്ന ഹൈടെക് കോഴിക്കൂടുകൾ പാലാ അഗ്രിമയിൽ ലഭ്യമാണ്.

**10. കുടമേള**

വിവിധതരത്തിലും വർണ്ണത്തിലുമുള്ള കുടകളുടെ മേള പാലാ അഗ്രി മായിൽ നടന്നുവരുന്നു.

**11. മാമ്പഴമേള**

പാലാ അഗ്രിമ കർഷക ഓപ്പൺ മാർക്കറ്റിന്റെ ആഭിമുഖ്യത്തിൽ മാമ്പഴ മേള സംഘടിപ്പിച്ചുവരുന്നു. നീലം, ബംഗനപ്പള്ളി, സിന്ദൂരം, നാടൻ മാങ്ങ തുട ങ്ങിയ വിവിധയിനം മാമ്പഴങ്ങൾ കുറഞ്ഞനിരക്കിൽ വിതരണം ചെയ്തുവരുന്നു. മാമ്പഴമേളയുടെ ഉദ്ഘാടനം ഫാ. തോമസ് കിഴക്കേൽ ഉദ്ഘാടനം ചെയ്തു.

**12. ഇക്കോഷോപ്പ്**

പാലാക്കാട്ടുമല കർഷകദള ഫെഡറേഷന്റെ ആഭിമുഖ്യത്തിൽ പാലാക്കാ ട്ടുമലയിൽ ഒരു ഇക്കോഷോപ്പ് പ്രവർത്തനം ആരംഭിച്ചു.

**13. പാലാ അഗ്രോ ഇൻഡ്സ്ട്രിയൽ പാർക്ക് – തഞ്ചാവൂർ പഠനയാത്ര**

കേന്ദ്ര ഗവ. സ്ഥാപനമായ ഇന്ത്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഫുഡ് പ്രോസ സിംഗ് ടെക്നോളജി (IIFPT) പഠനയാത്ര ബഹു. ഡയറക്ടർ ഫാ. തോമസ് കിഴ ക്കേലച്ചന്റെ നേതൃത്വത്തിൽ മെയ് 10,11 തീയതികളിൽ സംഘടിപ്പിച്ചു. സംരംഭ കർക്ക് കാർഷിക ഉത്പന്നങ്ങൾ മൂല്യവർദ്ധന നടത്തുന്നതിനാവശ്യമായ സാങ്കേ തികവിദ്യ കൈമാറുന്ന സ്ഥാപനമായ തമിഴ്നാട്ടിലെ തഞ്ചാവൂരുള്ള ഇൻഡ്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഫുഡ് പ്രോസസ്സിംഗ് ടെക്നോളജി അഥവാ നാഷണൽ ഇൻസ്റ്റി റ്റ്യൂട്ട് ഫുഡ് ടെക്നോളജി ആൻഡ് എന്റർപ്രണർഷിപ്പ് മാനേജ്മെന്റ് (NIFTFM) സയന്റിസ്റ്റ് ഡോ. ശ്രീനിവാസൻ, ഡോ. വി.ആർ. സിനിജ എന്നിവയുമായി സാങ്കേ തികവിദ്യ കൈമാറ്റുന്നതിനു ചർച്ച നടത്തി. നമ്മുടെ നാട്ടിലെ കാർഷികവിളക ളായ ചക്ക, കപ്പ, വാഴപ്പഴം, പൈനാപ്പിൾ തുടങ്ങിയവയുടെ മൂല്യവർദ്ധിത ഉത്പ ന്നങ്ങൾ നിർമിക്കുന്നതിനാവശ്യമായ സാങ്കേതികവിദ്യയും പരിശീലനവും ഇൻസ്റ്റി റ്റ്യൂട്ടിലെ വിദഗദ്ധർ ലഭ്യമാക്കും. ഫുഡ് സയന്റിസ്റ്റ് മാനുവൽ ആലാനി, പ്രോജക്ട് ഓഫീസർ പി.വി. ജോർജ് പുരയിടത്തിൽ, സ്റ്റാഫ് സെക്രട്ടറി ജോയി മടിക്കാ ങ്കൽ, മാർക്കറ്റിംഗ് ഓഫീസർ സാജു വടക്കൻ എന്നിവർ ചർച്ചയിൽ പങ്കെടുത്തു.

**14. പാലാ അഗ്രോ ഇൻഡസ്ട്രിയൽ പാർക്ക് – കെ.വി.കെ. പത്തനംതിട്ട പഠന യാത്ര**

പാലാ സോഷ്യൽ വെൽഫെയർ സൊസൈറ്റിയുടെ ആഭിമുഖ്യത്തിൽ രൂപീകരിച്ച സാൻതോം ഫാർമേഴ്സ് പ്രൊഡ്യൂസർ കമ്പനിയുടെ നേതൃത്വത്തിൽ ചക്കയിൽനിന്നുള്ള മൂല്യവർദ്ധിത ഉത്പന്നങ്ങളുടെ സാങ്കേതികവിദ്യ ലഭ്യമാ ക്കുന്ന പത്തനംതിട്ട കൃഷിവിജ്ഞാനകേന്ദ്രം സന്ദർശിച്ചു. കേരള ഗവൺമെന്റ് അംഗീകാരത്തോടെ പ്രവർത്തിച്ചുവരുന്ന പാലാ സാന്തോം പ്രൊഡ്യൂസർ കമ്പ നിയുടെ നേതൃത്വത്തിൽ ആരംഭിക്കുന്ന മൂല്യവർദ്ധിത ഉത്പന്നനിർമ്മാണത്തി നാവശ്യമായ സാങ്കേതികവിദ്യ ലഭ്യമാക്കുന്നതിനാണ് പത്തനംതിട്ട കെ.വി.കെ. സന്ദർശിച്ചത് ഡയറക്ടർ ഫാ. തോമസ് കിഴക്കേലിന്റെ നേതൃത്വത്തിൽ സ്റ്റേറ്റ് റിസോഴ്സ് സെന്റർ ഫോർ ജാക്ക്ഫ്രൂട്ട് സയന്റിസ്റ്റ് ഡോ. റിൻസി എബ്രാഹവു മായി ചർച്ച നടത്തി. കെ.വി.കെ. വികസിപ്പിച്ച ചക്കയിൽനിന്നുള്ള വിവിധ ഉത്പ ന്നങ്ങൾ പരിചയപ്പെടുത്തി. ആവശ്യമായ സാങ്കേതികവിദ്യ ലഭ്യമാക്കുന്നതിന് കർഷകർക്ക് പരിശീലന പരിപാടി കെ.വി.കെ. വാഗ്ദാനം ചെയ്തു. പ്രോജക്ട്

ഓഫീസർ പി.വി. ജോർജ് പുരയിടത്തിൽ, മാനുവൽ ആലാനി, സാജു വടക്കൻ എന്നിവർ ചർച്ചയിൽ പങ്കെടുത്തു.

**15. വേദഗിരി ഫാർമേഴ്സ് ക്ലബ് – മണ്ണുത്തി പഠനയാത്ര**

വേദഗിരി ഫാർമേഴ്സ് ക്ലബിന്റെ ആഭിമുഖ്യത്തിൽ കർഷകദളങ്ങളുടെ ഭാരവാഹികൾക്കായി മണ്ണുത്തി കാർഷികസർവ്വകലാശാല, കണ്ണാറ വാഴ ഗവേഷണകേന്ദ്രം, അഗ്രി ബിസിനസ്സ് ഇൻകുബേഷൻ കേന്ദ്രം എന്നിവ സന്ദർശിച്ചു. ഫെഡറേഷൻ ഡയറക്ടർ ഫാ. കുര്യൻ വരിക്കമാക്കലിന്റെ നേതൃത്വത്തിൽ 16 ഭാരവാഹികൾ പങ്കെടുത്തു. കാർഷിക സർവകലാശാലയുടെ കമ്മ്യൂണിക്കേഷൻ സെന്റർ മേധാവി ഡോ. അലൻ തോമസ്, സർവകലാശാല കർഷകർക്ക് നൽകുന്ന സേവനങ്ങൾ വിശദീകരിച്ചു. കണ്ണാറ വാഴ ഗവേഷണകേന്ദ്രത്തിൽ വാഴയിൽനിന്നുള്ള വിവിധ മൂല്യവർദ്ധിത ഉത്പന്നങ്ങളായ ജാം, സേഫ്റ്റി ഡ്രിങ്ക്, അച്ചാർ തുടങ്ങിയവ പരിചയപ്പെടുത്തി. കേരള കാർഷിക സർവകലാശാലയുടെ അഗ്രി. എഞ്ചിനീയറിംഗ് ഡിവിഷന്റെ കീഴിൽ ഡോ. കെ.പി. സുധീറിന്റെ നേതൃത്വത്തിലുള്ള അഗ്രി ബിസിനസ്സ് ഇൻക്യുബേറ്ററും സംഘം സന്ദർശിച്ചു. വേദഗിരി ഫെഡറേഷൻ പ്രസിഡന്റ് ജോർജ് വർക്കി കുമ്പിളിമൂട്ടിൽ, പി.എസ്. ഡബ്ല്യു. എസ്. പ്രോജക്ട് ഓഫീസർ പി.വി. ജോർജ് പുരയിടത്തിൽ, ലിസ്സി ലൂക്കോസ് കുമ്പിളുമൂട്ടിൽ എന്നിവർ നേതൃത്വം നൽകി.

**ഫാ. തോമസ് കിഴക്കേൽ** (ഡയറക്ടർ)
**ഫാ. ജോസഫ് താഴത്തുവരിക്കയിൽ**
**ഫാ. ജോർജ് വടക്കേത്തൊട്ടിയിൽ**
(അസി. ഡയറക്ടേഴ്സ്)

# ഡി.സി.എം.എസ്.

**1. രൂപത കമ്മിറ്റി**

2022 മെയ് 2 തിങ്കളാഴ്ച ഉച്ചകഴിഞ്ഞ് 2.30 ന് ഷാലോം പാസ്റ്ററൽ സെന്ററിൽ വച്ച് രൂപത പ്രസിഡന്റ് ശ്രീ ബിനോയ് ജോണിന്റെ അദ്ധ്യക്ഷതയിൽ നടത്തപ്പെട്ടു. രൂപത ഡയറക്ടർ ഫാ. ജോസ് വടക്കേക്കുറ്റ് സന്ദേശം നൽകി. രൂപത സെക്രട്ടറി റിപ്പോർട്ട് വായിച്ചു, തുടർന്ന് ഖജാൻജി കണക്ക് അവതരിപ്പിച്ചു. കുട്ടികളുടെ ജീവിതദർശന സെമിനാറുകൾ, ലീഡേഴ്സ് ക്യാമ്പ് തുടങ്ങിയ വിഷയങ്ങളെക്കുറിച്ച് ചർച്ച നടത്തി സിനഡാത്മകതയെക്കുറിച്ച് ചർച്ചചെയ്തു റിപ്പോർട്ട് തയ്യാറാക്കി.

**2. രൂപതാഭാരവാഹികളുടെ യോഗം**

2022 മെയ് 2 തിങ്കളാഴ്ച ഉച്ചയ്ക്ക് 2.30 ന് ഷാലോം പാസ്റ്ററൽ സെന്ററിൽ വച്ച് രൂപത പ്രസിഡന്റ് ശ്രീ ബിനോയ് ജോണിന്റെ അദ്ധ്യക്ഷതയിൽ നടത്തപ്പെട്ടു. രൂപത കമ്മിറ്റിയുടെ തീരുമാനപ്രകാരമുള്ള ഏകദിന സെമിനാറുകളുടെ തീയതികൾ നിശ്ചയിക്കുന്നതിനായുള്ള യോഗത്തിൽ രൂപത ഡയറക്ടർ ഫാ. ജോസ് വടക്കേക്കുറ്റ് സംസാരിച്ചു.

**3. ഭവനസന്ദർശനം**

2022 മെയ് 10 ന് കുറുമണ്ണിൽ ഉണ്ടായ ഉരുൾപൊട്ടലിൽ ഭാഗികമായി വീട് തകർന്ന ഡി.സി.എം.എസ് യൂണിറ്റ് അംഗമായ ലിസി ജോയി ചായനാനിയുടെ ഭവനം ഡി.സി.എം.എസ് രൂപത ഡയറക്ടർ ഫാ. ജോസ് വടക്കേക്കുറ്റ്, രൂപത പ്രസിഡന്റ് ബിനോയ് ജോ, വൈസ് പ്രസിഡന്റ് ഫെമിന സിബിച്ചൻ, സെക്രട്ടറി ബിന്ദു ആന്റണി, ഓർഗനൈസർ ബേബി ആന്റണി, ഖജാൻജി മേരി എം.പി, കമ്മിറ്റി അംഗമായ ജോസിമോൻ, കടനാട് മേഖല സെക്രട്ടറിയും കുറുമണ്ണ് യൂണിറ്റ് പ്രസിഡന്റുമായ റ്റോണി ജേക്കബ് എന്നിവർ സന്ദർശിച്ചു. കുറുമണ്ണ് ഇടവക വികാരി ഫാ. അഗസ്റ്റിൻ പീടികമലയിലിനെ സന്ദർശിച്ചു സംസാരിച്ചു.

**4. അനുശോചനങ്ങൾ**

ഐങ്കൊമ്പ് ഡി.സി.എം.എസ് യൂണിറ്റ് പ്രസിഡന്റ് ജോയി തോട്ടപ്ലാവിന്റെ മാതാവ് കത്രീന പൗലോസ്, പാലാ രൂപത കോർപ്പറേറ്റ് എഡ്യുക്കേഷണൽ ഏജൻസിയുടെ കീഴിൽ വിവിധ തസ്തികകളിൽ സേവനം അനുഷ്ഠിച്ച കാഞ്ഞിരമറ്റം ഇടവകാംഗമായ അന്ന ജേക്കബ് കുളപ്പുറത്ത് എന്നിവരുടെ മൃതസംസ്കാരശുശ്രൂഷകളിൽ പങ്കെടുത്ത് ഡി.സി.എം.എസ് രൂപത ഡയറക്ടർ ഫാ. ജോസ് വടക്കേക്കുറ്റ്, പ്രസിഡന്റ് ബിനോയ് ജോ, സെക്രട്ടറി ബിന്ദു ആന്റണി, ഓർഗനൈസർ ബേബി ആന്റണി എന്നിവർ ആദരാഞ്ജലികൾ അർപ്പിച്ചു.

**5. സന്ദർശനം**

2022 മെയ് 20-ാം തീയതി വെള്ളിയാഴ്ച രാവിലെ 11 ന് ഡി.സി.എം.എസ് രൂപത ഡയറക്ടർ ഫാ. ജോസ് വടക്കക്കേക്കുറ്റ്, പുതുതായി ചാർജ്ജെടുത്ത ഭാരവാഹികൾ (2022-25), പാലാ രൂപത അധ്യക്ഷൻ മാർ ജോസഫ് കല്ലറങ്ങാട്ട്, സഹായ മെത്രാൻ മാർ ജേക്കബ് മുരിക്കൻ എന്നിവരെ സന്ദർശിച്ച് ആശീർവാദം സ്വീകരിച്ചു. തുടർന്ന് തങ്ങളുടെ വിവിധ ആവശ്യങ്ങൾ അടങ്ങിയ അപേക്ഷ സമർപ്പിച്ച് ചർച്ച നടത്തി.

**6. രൂപത കൗൺസിൽ**

2022 മെയ് 22-ാം തീയതി ഞായറാഴ്ച ഉച്ചകഴിഞ്ഞ് 1.30 ക്ക് പാലാ ഷാലോം പാസ്റ്ററൽ സെന്ററിൽ വച്ച് ഡി.സി.എം.എസ് 2022-25 വർഷത്തെ ആദ്യത്തെ രൂപത കൗൺസിൽ നടത്തപ്പെട്ടു. രൂപത പ്രസിഡന്റ് ബിനോയ് ജോ അമ്പലംകട്ടയിൽ അധ്യക്ഷനായ യോഗത്തിൽ ഫാ. ജോസ് വടക്കേക്കുറ്റ് ആമുഖസന്ദേശം നൽകി. രൂപത ഓർഗനൈസർ ബേബി ആന്റണി പാറയ്ക്കൽ സ്വാഗതം അർപ്പിച്ചു. രൂപത സെക്രട്ടറി ബിന്ദു ആന്റണി റിപ്പോർട്ടും രൂപത ഖജാൻജി മേരി എം.പി ഏപ്രിൽ മാസത്തെ കണക്കുകളും അവതരിപ്പിച്ചു. വൈസ് പ്രസിഡന്റ് ഫെമിന സിബിച്ചൻ കൃതജ്ഞതയർപ്പിച്ചു.

**7. യൂണിറ്റ് വർഷികം**

2022 മെയ് 22-ാം തീയതി ഞായറാഴ്ച വൈകുന്നേരം 5.30 ന് മരങ്ങോലി പാരിഷ് ഹാളിൽ യൂണിറ്റ് പ്രസിഡന്റ് പൗലോസ് മാത്യുവിന്റെ അധ്യക്ഷതയിൽ കൂടിയ യോഗം ഡി.സി.എം.എസ് രൂപത ഡയറക്ടർ ഫാ. ജോസ് വടക്കക്കേക്കുറ്റ്

ഉദ്ഘാടനം ചെയ്തു. വികാരി റവ. ഫാ. ജോസഫ് പരിയാത്ത് അനുഗ്രഹപ്രഭാഷണം നടത്തി. ഡി.സി.എം.എസ് സംസ്ഥാന പ്രസിഡന്റ് ജെയിംസ് ഇലവുങ്കൽ മുഖ്യപ്രഭാഷണം നടത്തി. ഡി.സി.എം.എസ് രൂപത പ്രസിഡന്റ് ബിനോയ് ജോ, പാരീഷ് കൗസിൽ സെക്രട്ടറി ബെന്നി കൊഴുപ്പൻകുറ്റി, മേഖല പ്രസിഡന്റ് ഇ.എം. പൈലി എന്നിവർ ആശംസകൾ അർപ്പിച്ച് സംസാരിച്ചു. യൂണിറ്റ് സെക്രട്ടറി സജിനി പോൾ പ്രവർത്തന റിപ്പോർട്ടും ഖജാൻജി ത്രേസ്യാമ്മ ജോസഫ് കണക്കും അവതരിപ്പിച്ചു. യൂണിറ്റ് കമ്മിറ്റിയംഗം ആന്റണി ഇ ജോ സ്വാഗതവും വൈസ് പ്രസിഡന്റ് ബെന്നി കെ.എം കൃതജ്ഞതയും പറഞ്ഞു. യോഗത്തിൽ വച്ച് കുട്ടികൾക്ക് സ്കോളർഷിപ്പും, പഠന ഉപകരണങ്ങളും നൽകി. വിശിഷ്ട വ്യക്തികളെ ആദരിച്ചു. തുടർന്ന് കലാസന്ധ്യയും സ്നേഹവിരുന്നും നടന്നു.

**8. പരിവർത്തിത ക്രൈസ്തവ ശുപാർശിത വിഭാഗ വികസന കോർപ്പറേഷൻ പടിക്കൽ ധർണ്ണ**

2022 മെയ് 26-ാം തീയതി വ്യാഴാഴ്ച ഡി.സി.എം.എസ് സംസ്ഥാന കമ്മിറ്റിയുടെ നേതൃത്വത്തിൽ, കേരള സംസ്ഥാന പരിവർത്തിത ശുപാർശിത വിഭാഗ വികസന കോർപ്പറേഷൻ ഹെഡ് ഓഫീസ് പടിക്കൽ നടത്തിയ കൂട്ടധർണ്ണ കെസിബിസി എസ്സി/എസ്റ്റി/ ബിസി കമ്മീഷൻ ചെയർമാൻ മാർ ജേക്കബ് മുരിക്കൻ പിതാവ് ഉദ്ഘാടനം ചെയ്തു. സംസ്ഥാന ഡയറക്ടർ ഫാ. ജോസ് വടക്കേക്കുറ്റ്, സംസ്ഥാന പ്രസിഡന്റ് ജെയിംസ് ഇലവുങ്കൽ, മുൻ പ്രസിഡന്റുമാരായ പി.ഒ പീറ്റർ, സി.സി കുഞ്ഞുകൊച്ച്, വൈസ് പ്രസിഡന്റ് വിൻസെന്റ് ആന്റണി, ജനറൽ സെക്രട്ടറി ജസ്റ്റിൻ പി. സ്റ്റീഫൻ, സെക്രട്ടറി ബിജി സാലസ്, സ്കറിയ ആന്റണി, ഡോ. സിജോ ജേക്കബ്, ബിനോയ് ജോ, ജോയി കൂനാനിക്കൽ എന്നിവർ പ്രസംഗിച്ചു. നല്ലിടയൻ പള്ളി കോമ്പൗണ്ടിൽനിന്നും തുടങ്ങിയ റാലി വിജയപുരം രൂപത ഡി.സി.എം.എസ് ഡയറക്ടർ ഫാ. ജോസഫ് തറയിൽ ഫ്ളാഗ് ഓഫ് ചെയ്തു.

**9. സ്കോളർഷിപ്പിന് അപേക്ഷ ക്ഷണിക്കുന്നു**

2022 ൽ എസ്.എസ്.എൽ.സി, പ്ലസ് ടു, ഡിഗ്രി, പിജി, വേദപാഠം (പ്ലസ്ടു) ഇതര കോഴ്സുകൾ എന്നിവയിൽ 60% ൽ കൂടുതൽ മാർക്ക് വാങ്ങിയ ദളിത് കത്തോലിക്ക കുട്ടികൾക്ക് ഡി.സി.എം.എസ് പാലാ രൂപത സമിതിയുടെ നേതൃത്വത്തിലുള്ള സ്കോളർഷിപ്പുകൾക്ക് അപേക്ഷ ക്ഷണിക്കുന്നു. സ്കോളർഷിപ്പിന് അർഹരായവർ അപേക്ഷ ഫോറം പൂരിപ്പിച്ച് എസ്.എസ്.എൽ.സി സർട്ടിഫിക്കറ്റിന്റെ കോപ്പി, മാർക്ക് ലിസ്റ്റ്, സഹിതം വികാരിയച്ചന്റെയും യൂണിറ്റ് പ്രസിഡന്റിന്റെയും ശുപാർശയോടുകൂടി ജൂലൈ 31-നകം രൂപതാ ഓഫീസിൽ നൽകേണ്ടതാണ്.

**10. എൻട്രൻസ് കോച്ചിംഗ്**

കഴിഞ്ഞ അധ്യയനവർഷം (2021-22) X, XI ,XII ക്ലാസ്സുകളിൽ പഠനം പൂർത്തിയാക്കിയ ദലിത് കത്തോലിക്കാ കുട്ടികൾക്ക് മെഡിക്കൽ, എഞ്ചിനീയറിങ് എൻട്രൻസ് കോച്ചിംഗ് ക്ലാസ്സിലും, സിവിൽ സർവ്വീസ് കോച്ചിംഗ് ക്ലാസ്സിലും

പങ്കെടുക്കുവാൻ താത്പര്യമുണ്ടെങ്കിൽ ഫീസ് ഇളവോടുകൂടി പഠിക്കുവാൻ ബ്രില്യന്റ് കോച്ചിംഗ് സെന്ററിലും, സിവിൽ സർവ്വീസ് ഇൻസ്റ്റിറ്റ്യൂട്ടിലും അവസരമുണ്ട്. താത്പര്യമുള്ളവർ ജൂൺ 30-നകം ഡി.സി.എം.എസ് രൂപതാ ഓഫീസിൽ പേര് രജിസ്റ്റർ ചെയ്യേണ്ടതാണ്.

**11. പി.എസ്.സി കോച്ചിംഗ്, കലാപരിശീലനം**

K.C.B.C SC/ST/BC കമ്മീഷന്റെ ആഭിമുഖ്യത്തിൽ 10-ാം ക്ലാസ്സ് കഴിഞ്ഞ ദളിത് കത്തോലിക്കാ കുട്ടികൾക്കായി പി.എസ്.സി കോച്ചിംഗ് ക്ലാസ്സുകൾ, കലാപരിശീലനം എന്നിവ ഫീസ് ഇളവോടുകൂടി ആരംഭിക്കുന്നു. താത്പര്യമുള്ളവർ ജൂൺ 30 നകം ഡി.സി.എം.എസ് രൂപതാ ഓഫീസിൽ പേര് രജിസ്റ്റർ ചെയ്യേണ്ടതാണ്.

**12. നേഴ്സിംഗ് പഠനാവസരം**

പ്ലസ്ടു കഴിഞ്ഞ് നഴ്സിംഗ് പഠിക്കുവാൻ (GNM, B.Sc) താത്പര്യമുള്ള കുട്ടികൾക്ക് കുറഞ്ഞ ഫീസിൽ കേരളത്തിനകത്തും പുറത്തും പഠിക്കുവാൻ അവസരമുണ്ട്. താത്പര്യമുള്ള കുട്ടികളുടെ പേര്, വിവരം, ഫോൺ നമ്പർ സഹിതം ഡി.സി.എം.എസ് രൂപത ഓഫീസിൽ (Whatsapp Number - 9446200345) നൽകണമെന്ന് അറിയിക്കുന്നു. താത്പര്യമുള്ളവർ ജൂൺ 30- നകം ഡി.സി.എം.എസ് രൂപതാ ഓഫീസിൽ പേര് രജിസ്റ്റർ ചെയ്യേണ്ടതാണ്.

**13. അഡ്മിഷൻ**

എസ്.എസ്.എൽസി, പ്ലസ്ടു, ഡിഗ്രി കഴിഞ്ഞ കുട്ടികൾക്ക് ഉപരിപഠനത്തിന് അഡ്മിഷൻ ലഭിക്കുവാൻ ഡി.സി.എം.എസ് പാലാ രൂപത ഓഫീസിൽ മുൻകൂട്ടി അപേക്ഷ സമർപ്പിക്കേണ്ടതാണ്.

**14. വിദ്യാഭ്യാസ വായ്പാപദ്ധതി**

പ്രൊഫഷണൽ കോഴ്സ് പഠിക്കുന്ന ദളിത് കത്തോലിക്കാ വിദ്യാർത്ഥികൾക്ക് ഡി.സി.എം.എസ് രൂപതാ ഓഫീസിൽനിന്നും പലിശരഹിത വായ്പ നൽകുന്നതാണ്. താത്പര്യമുള്ളവർ യൂണിറ്റ് കമ്മറ്റിയുടെയും ഇടവക വികാരിയുടെയും ശുപാർശയോടുകൂടി ജൂൺ 30 നകം അപേക്ഷ രൂപത ഓഫീസിൽ സമർപ്പിക്കേണ്ടതാണ്. അപേക്ഷ ഫോറം രൂപത ഓഫീസിൽ ലഭ്യമാണ്.

**15. യൂണിറ്റ് സന്ദർശനം**

ഡി.സി.എം.എസ് പാലാ രൂപതാസമിതിയുടെ നേതൃത്വത്തിൽ മേഖല അടിസ്ഥാനത്തിൽ യൂണിറ്റ്, ഇടവക സന്ദർശനം 2022 ജൂൺ, ജൂലൈ, ആഗസ്റ്റ് മാസങ്ങളിൽ നടത്തുന്നതാണ്.

**16. ജീവിതദർശന സെമിനാർ**

ഡി.സി.എം.എസ്. പാലാ രൂപത സമിതിയുടെ ആഭിമുഖ്യത്തിൽ ഡി.സി.എം.എസ്. കുറവിലങ്ങാട് മേഖലാ കമ്മിറ്റിയുടെ നേതൃത്വത്തിൽ ദലിത് കത്തോലിക്കാ കുട്ടികൾക്കായുള്ള ജീവിതദർശന സെമിനാർ കുറവിലങ്ങാട് സെന്റ് മേരീസ് ബോയ്സ് എൽ.പി. സ്കൂളിൽ നടത്തി. ഡി.സി.എം.എസ്. രൂപത ഡയറക്ടർ

ഫാ. ജോസ് വടക്കേക്കുറ്റ് സെമിനാർ ഉദ്ഘാടനം ചെയ്തു. കുറവിലങ്ങാട് മേഖലാ ഡയറക്ടർ ഫാ. മാത്യു കാടംകാവിൽ, രൂപത പ്രസിഡന്റ് ശ്രീ ബിനോയ് ജോൺ, മേഖല പ്രസിഡന്റ് ശ്രീമതി മേരി എം.പി, എൽ.പി. സ്കൂൾ ഹെഡ്മാസ്റ്റർ ശ്രീ ബിജു ജെ. തോമസ് എന്നിവർ സംസാരിച്ചു. ശ്രീ സിജു സെബാസ്റ്റ്യൻ, ശ്രീ സദീപ് കെ.പി, ശ്രീ സുജിത്ത് തോമസ് എന്നിവർ ക്ലാസ് നയിച്ചു. മേഖല സെക്രട്ടറി സോനാ ഷാജി മേഖലാ കമ്മിറ്റിയംഗങ്ങളായ സി.ഒ. വർക്കി, ആലീസ് കസ്പർ, ആന്റണി റ്റി.ഡി, റോസമ്മ ആന്റണി, തോമസ് മാത്യു, മാത്യു കെ.എം, സി.ഒ. ജോസഫ് എന്നിവർ സെമിനാറിനു നേതൃത്വം നൽകി.

**ഫാ. ജോസ് വടക്കേക്കുറ്റ്** (ഡയറക്ടർ)

# കെയർ ഹോംസ്

**1. സ്പെഷ്യൽ സ്കൂൾ ടീച്ചേഴ്സ് ട്രെയിനിംഗ് പ്രോഗ്രാം**

രൂപതയുടെ കീഴിൽ പ്രവർത്തിക്കുന്ന 7 സ്പെഷ്യൽ സ്കൂളുകളിൽ നിന്നുമുള്ള ടീച്ചേഴ്സിന് ഏകദിന ട്രെയിനിംഗ് പ്രോഗ്രാം നടത്തി. പുലിയന്നൂർ ഡി.സി.എം.ആർ-ൽ വച്ച് 25-5-2022, രാവിലെ 9 മുതൽ 3 വരെയാണ് പ്രോഗ്രാം നടത്തിയത്. വികാരി ജനറാൾ വെരി റവ. ഫാ. സെബാസ്റ്റ്യൻ വേത്താനത്ത് ട്രെയിനിംഗ് പ്രോഗ്രാം ഉദ്ഘാടനം ചെയ്തു. ഈ പ്രോഗ്രാമിൽ എല്ലാ സ്ഥാപനങ്ങളിൽനിന്നുമായി 45 പേർ പങ്കെടുത്തു.

**2. ഓൾഡ് ഏജ് ഹോം മീറ്റിംഗ്**

ഓൾഡ് ഏജ് ഹോം സ്ഥാപന അധികാരികൾക്കായുള്ള മീറ്റിംഗ് സംഘടിപ്പിക്കുകയും പുതിയ പ്രവർത്തനവർഷത്തേക്കുള്ള ഭാരവാഹികളെ തിരഞ്ഞെടുക്കുകയും ചെയ്തു. പുതിയ ഭാരവാഹികൾ - **പ്രസിഡന്റ്** സി. ആനി ടോം (എസ്.എം.എസ്), **വൈസ് പ്രസിഡന്റ്** സി. എമിലി (എൽ.എ.ആർ), **സെക്രട്ടറി** സി. ജെയ്സ് (എസ്.സി. ജെ. ജി), **ജോ. സെക്രട്ടറി** സി. ജോയ്സി (എസ്.എച്ച്), **ട്രഷറർ** സി. ആൻസ് തേക്കുംതോട്ടം (എസ്.എ. ബി.എസ്).

**3. ഡയറക്ടറി**

ഡയറക്ടറിക്കുവേണ്ടി ഡേറ്റാ നൽകാത്ത സ്ഥാപനങ്ങൾ വിവരങ്ങൾ ഉടൻ നൽകേണ്ടതാണ്.

**ഫാ. ജോർജ് നെല്ലിക്കുന്നുചെരിവുപുരയിടം** (ഡയറക്ടർ)

# കെ.എൽ.എം.

**1. ഇടവകകളിൽ കെ.എൽ.എം യൂണിറ്റ് രൂപീകരണം**

ജിയോവാലി ഇടവകയിൽ കെ.എൽ.എം. യൂണിറ്റ് രൂപീകരിച്ചു. കർഷക ക്ഷേമനിധി ഫോറം - ജോണി മാത്യു നെല്ലംകുഴിയിൽ, ഷോപ്പ് ആൻഡ് കൊമേർഷ്യൽ ക്ഷേമനിധി ഫോറം - അനിറ്റ കോടക്കാട്ട്, ഗാർഹിക തൊഴിലാളി ക്ഷേമനിധി ഫോറം - ജെയ്സി പനന്താനത്ത്, മിനി റോയി, തയ്യൽ തൊഴിലാളി

ക്ഷേമനിധി ഫോറം അജി ബേബി വടക്കേടത്ത്, ജെസമ്മ സന്തോഷ്, ചെറുകിട തോട്ടം തൊഴിലാളി ക്ഷേമനിധി ഫോറം - ബെന്നി ചക്കാലക്കൽ എന്നിവരെ തിരഞ്ഞെടുത്തു.

**2. ഭാരവാഹികളുടെ സംസ്ഥാനസമ്മേളനം**

ഭാരവാഹികളുടെ സംസ്ഥാനസമ്മേളനത്തിൽ പങ്കെടുത്തു.

**3. ക്ഷേമപെൻഷനുകൾ**

1. നിർമ്മാണത്തൊഴിലാളി ക്ഷേമനിധി
2. അസംഘടിത തൊഴിലാളി ക്ഷേമനിധി
3. കർഷകത്തൊഴിലാളി ക്ഷേമനിധി
4. മോട്ടോർ തൊഴിലാളി ക്ഷേമനിധി
5. തയ്യൽ തൊഴിലാളി ക്ഷേമനിധി

വിവിധ ക്ഷേമനിധികളിലേക്കുള്ള അംഗങ്ങളെ ചേർക്കുന്നതിനുള്ള നടപടിക്രമങ്ങൾ നടന്നുകൊണ്ടിരിക്കുന്നു. വിശദവിവരങ്ങൾക്ക് ഷാലോം പാസ്റ്ററൽ സെന്ററിലെ കെ.എൽ.എം ഓഫീസിലോ താഴെ കാണുന്ന ഫോൺ നമ്പറിലോ ബന്ധപ്പെടുക. Mob: 8304981275 (O), 9400661492 (P)

**ഫാ. ജോർജ് നെല്ലിക്കുന്നുചെരിവുപുരയിടം** (ഡയറക്ടർ)

## അഡാർട്ട്

**1. പഠനസന്ദർശനം**

ലേബർ ഇന്ത്യ കോളജിലെ MSW വിദ്യാർത്ഥികൾ മെയ് 25 ന് അഡാർട്ടിൽ പഠനസന്ദർശനം നടത്തി. അഡാർട്ടിലെ പ്രവർത്തനങ്ങളും ലഹരിവിരുദ്ധ ചികിൽസാരീതികളും പ്രോജക്ട് ഡയറക്ടർ എൻ.എം. സെബാസ്റ്റ്യൻ വിവരിച്ചു.

**2. മാസധ്യാനം**

അഡാർട്ടിൽ ചികിത്സയിൽ കഴിയുന്നവർക്കായി മെയ് 25, 26 തീയതികളിൽ ധ്യാനം നടത്തി. റവ. ഡോ. തോമസ് പറയ്ക്കൽ, ഫാ. വിൻസെന്റ് മൂങ്ങാമാക്കൽ, ശ്രീ.എൻ. എം. സെബാസ്റ്റ്യൻ, രവി തോമസ്, ജോസി, ജോണി കാവാലി എന്നിവർ നേതൃത്വം നൽകി.

**3. ലോക പുകയിലവിരുദ്ധദിനാചരണം.**

മെയ് 31 ന് അഡാർട്ടിൽ വച്ച് ലോക പുകയിലവിരുദ്ധദിനാചരണം നടത്തി. ഉച്ചകഴിഞ്ഞ് രണ്ടു മണിക്ക് ആരംഭിച്ച പൊതുയോഗത്തിൽ അഡാർട്ട് ചെയർമാൻ മോൺ. ജോസഫ് കണിയോടിക്കൽ അദ്ധ്യക്ഷത വഹിച്ചു. ഫാ. തോമസ് മൂലയിൽ ഉദ്ഘാടനം നിർവ്വഹിച്ചു. ദീപിക മാനേജിംഗ് ഡയറക്ടർ ഫാ. മാത്യു ചന്ദ്രൻകുന്നേൽ മുഖ്യപ്രഭാഷണം നടത്തി. ഫാ. വിൻസെന്റ് മൂങ്ങാമാക്കൽ സ്വാഗതവും ശ്രീ. എൻ.എം. സെബാസ്റ്റ്യൻ നന്ദിയും അർപ്പിച്ചു.

**4. ശ്രീ ഇടമറ്റം രത്നപ്പൻ, ശ്രീ സഖറിയാസ് ഇലവനാൽ അനുസ്മരണം**

മെയ് 31 ഉച്ചതിരിഞ്ഞ് 2.30ന് അഡാർട്ടിൽ ചേർന്ന യോഗത്തിൽ ഈ സ്ഥാപനത്തിന്റെ സഹകാരികളായിരുന്ന ശ്രീ ഇടമറ്റം രത്നപ്പൻ സാറിന്റേയും ദീർഘകാലം അഡാർട്ടിന്റെ മാനേജിംഗ് കമ്മറ്റി അംഗവുമായിരുന്ന ശ്രീ സഖറിയാസ് ഇലവനാൽ സാറിന്റെയും നിര്യാണത്തിൽ അനുശോചനം രേഖപ്പെടുത്തുകയും അനുസ്മരണ ചടങ്ങ് നടത്തുകയും ചെയ്തു. അഡാർട്ട് ചെയർമാൻ മോൺ. ജോസഫ് കണിയോടിക്കൽ, ഫാ. തോമസ് മൂലയിൽ, ദീപിക മാനേജിംഗ് ഡയറക്ടർ ഫാ. മാത്യു ചന്ദ്രൻകുന്നേൽ, ശ്രീ ചാക്കോ സി. പൊരിയത്ത് ശ്രീ രവി പുലിയന്നൂർ എന്നിവർ അനുസ്മരണപ്രഭാഷണം നടത്തി.ഫാ. വിൻസെന്റ് മൂങ്ങാമാക്കൽ സ്വാഗതവും, ശ്രീ. എൻ.എം. സെബാസ്റ്റ്യൻ നന്ദിയും അർപ്പിച്ചു. എ.എ അംഗങ്ങൾ, അൽ അനോൺ അംഗങ്ങളും നിരവധി സാമൂഹിക സാംസ്കാരിക പ്രവർത്തകരും ഗാന്ധി പീസ് ഫൗണ്ടേഷൻ പ്രവർത്തകരും പങ്കെടുത്ത യോഗത്തിന് ഫാ. ജെയിംസ് പൊരുന്നോലിൽ നേതൃത്വം നൽകി.

**5. ബോധവത്കരണ ക്ലാസ്സുകൾ**

**പ്രവിത്താനം, കടനാട് ഫൊറോനകൾ**

2/5 /2022 ൽ പ്രവിത്താനം, കടനാട് ഫൊറോനകളുടെ കീഴിൽ വരുന്ന 5 മുതൽ 12 വരെ ക്ലാസുകളിൽ പഠിക്കുന്ന കുട്ടികൾക്കായി അഡാർട്ട് ഡി അഡിക്ഷൻ സെന്റർ ഡയറക്ടർ ഫാ. വിൻസെന്റ് മൂങ്ങാമാക്കൽ മദ്യത്തിന്റെയും മയക്കമരുന്നിന്റെയും ഉപയോഗവും അതിന്റെ പാർശ്വഫലങ്ങളെപ്പറ്റിയുമുള്ള ക്ലാസ് നടത്തി.

**അരുവിത്തുറ ഫൊറോന**

3/5 /2022 ൽ അരുവിത്തുറ ഫൊറോനയുടെ കീഴിൽ വരുന്ന 5 മുതൽ 12 വരെ ക്ലാസുകളിൽ പഠിക്കുന്ന കുട്ടികൾക്കായി അഡാർട്ട് ഡി അഡിക്ഷൻ സെന്റർ ഡയറക്ടർ ഫാ. വിൻസെന്റ് മൂങ്ങാമാക്കൽ മദ്യത്തിന്റെയും മയക്കമരുന്നിന്റെയും ഉപയോഗവും അതിന്റെ പാർശ്വഫലങ്ങളെപ്പറ്റിയുമുള്ള ക്ലാസ് നടത്തി.

**ഇലഞ്ഞി ഫൊറോന**

4/5 /2022 ൽ ഇലഞ്ഞി ഫൊറോനയുടെ കീഴിൽ വരുന്ന 5 മുതൽ 12 വരെ ക്ലാസുകളിൽ പഠിക്കുന്ന കുട്ടികൾക്കായി അഡാർട്ട് ഡി അഡിക്ഷൻ സെന്റർ ഡയറക്ടർ ഫാ. വിൻസെന്റ് മൂങ്ങാമാക്കൽ മദ്യത്തിന്റെയും മയക്കമരുന്നിന്റെയും ഉപയോഗവും അതിന്റെ പാർശ്വഫലങ്ങളെപ്പറ്റിയുമുള്ള ക്ലാസ് നടത്തി.

**മുട്ടുചിറ, കോതനല്ലൂർ, കടുത്തുരുത്തി ഫൊറോനകൾ**

6/5 /2022 ൽ മുട്ടുചിറ, കോതനല്ലൂർ, കടുത്തുരുത്തി ഫൊറോനകളുടെ കീഴിൽ വരുന്ന 5 മുതൽ 12 വരെ ക്ലാസുകളിൽ പഠിക്കുന്ന കുട്ടികൾക്കായി അഡാർട്ട് ഡി അഡിക്ഷൻ സെന്റർ ഡയറക്ടർ ഫാ. വിൻസെന്റ് മൂങ്ങാമാക്കൽ മദ്യത്തിന്റെയും മയക്കമരുന്നിന്റെയും ഉപയോഗവും അതിന്റെ പാർശ്വഫലങ്ങളെപ്പറ്റിയുമുള്ള ക്ലാസ് നടത്തി.

**കുറവിലങ്ങാട് ഫൊറോന**

10/5 /2022 ൽ കുറവിലങ്ങാട് ഫൊറോനയുടെ കീഴിൽ വരുന്ന 5 മുതൽ 12 വരെ ക്ലാസുകളിൽ പഠിക്കുന്ന കുട്ടികൾക്കായി അഡാർട്ട് ഡി അഡിക്ഷൻ സെന്റർ ഡയറക്ടർ ഫാ. വിൻസെന്റ് മൂങ്ങാമാക്കൽ മദ്യത്തിന്റെയും മയക്കമരുന്നിന്റെയും ഉപയോഗവും അതിന്റെ പാർശ്വഫലങ്ങളെപ്പറ്റിയുമുള്ള ക്ലാസ് നടത്തി.

**പാലാ കത്തീഡ്രൽ, രാമപുരം ഫൊറോനകൾ**

11/5/2022 ൽ പാലാ കത്തീഡ്രൽ, രാമപുരം ഫൊറോനകളുടെ കീഴിൽ വരുന്ന 5 മുതൽ 12 വരെ ക്ലാസുകളിൽ പഠിക്കുന്ന കുട്ടികൾക്കായി അഡാർട്ട് ഡി അഡിക്ഷൻ സെന്റർ ഡയറക്ടർ ഫാ. വിൻസെന്റ് മൂങ്ങാമാക്കൽ മദ്യത്തിന്റെയും മയക്കമരുന്നിന്റെയും ഉപയോഗവും അതിന്റെ പാർശ്വഫലങ്ങളെപ്പറ്റിയുമുള്ള ക്ലാസ് ളാലം പഴയപള്ളിയിൽ നടത്തി.

**തുടങ്ങനാട്, മൂലമറ്റം ഫൊറോനകൾ**

12/5/2022 ൽ തുടങ്ങനാട്, മൂലമറ്റം ഫൊറോനകളുടെ കീഴിൽ വരുന്ന 5 മുതൽ 12 വരെ ക്ലാസുകളിൽ പഠിക്കുന്ന കുട്ടികൾക്കായി അഡാർട്ട് ഡി അഡിക്ഷൻ സെന്റർ ഡയറക്ടർ ഫാ. വിൻസെന്റ് മൂങ്ങാമാക്കൽ മദ്യത്തിന്റെയും മയക്കമരുന്നിന്റെയും ഉപയോഗവും അതിന്റെ പാർശ്വഫലങ്ങളെപ്പറ്റിയുമുള്ള ക്ലാസ് സിബിഗിരി പള്ളിയിൽ നടത്തി.

**പൂഞ്ഞാർ, കൂട്ടിക്കൽ, തീക്കോയി ഫൊറോനകൾ**

13/5/2022 ൽ പൂഞ്ഞാർ, കൂട്ടിക്കൽ, തീക്കോയി ഫൊറോനകളുടെ കീഴിൽ വരുന്ന5 മുതൽ 12 വരെ ക്ലാസുകളിൽ പഠിക്കുന്ന കുട്ടികൾക്കായി അഡാർട്ട് ഡി അഡിക്ഷൻ സെന്റർ ഡയറക്ടർ ഫാ. വിൻസെന്റ് മൂങ്ങാമാക്കൽ മദ്യത്തിന്റെയും മയക്കമരുന്നിന്റെയും ഉപയോഗവും അതിന്റെ പാർശ്വഫലങ്ങളെപ്പറ്റിയുമുള്ള ക്ലാസ് നടത്തി.

**ഭരണങ്ങാനം ഫൊറോന**

17/5/2022 ൽ ഭരണങ്ങാനം ഫൊറോനയുടെ കീഴിൽ വരുന്ന 5 മുതൽ 12 വരെ ക്ലാസുകളിൽ. പഠിക്കുന്ന കുട്ടികൾക്കായി അഡാർട്ട് ഡി അഡിക്ഷൻ സെന്റർ ഡയറക്ടർ ഫാ. വിൻസെന്റ് മൂങ്ങാമാക്കൽ മദ്യത്തിന്റെയും മയക്കമരുന്നിന്റെയും ഉപയോഗവും അതിന്റെ പാർശ്വഫലങ്ങളെപ്പറ്റിയുമുള്ള ക്ലാസ് നടത്തി.

**ചേർപ്പുങ്കൽ ഫൊറോന**

24/5 /2022 ൽ ചേർപ്പുങ്കൽ ഫൊറോനയുടെ കീഴിൽ വരുന്ന 5 മുതൽ 12 വരെ ക്ലാസുകളിൽ പഠിക്കുന്ന കുട്ടികൾക്കായി അഡാർട്ട് ഡി അഡിക്ഷൻ സെന്റർ ഡയറക്ടർ ഫാ. വിൻസെന്റ് മൂങ്ങാമാക്കൽ മദ്യത്തിന്റെയും മയക്കമരുന്നിന്റെയും ഉപയോഗവും അതിന്റെ പാർശ്വഫലങ്ങളെപ്പറ്റിയുമുള്ള ക്ലാസ് നടത്തി.

**ഫാ. വിൻസെന്റ് മൂങ്ങാമാക്കൽ** (ഡയറക്ടർ)
**ഫാ. ജെയിംസ് പൊരുന്നോലിൽ** (അസി. ഡയറക്ടർ)

# ബൈബിൾ അപ്പോസ്തലേറ്റ്

**1. ലോഗോസ് ക്വിസ് 2022**

ലോഗോസ് ക്വിസ് മത്സരത്തിന്റെ രജിസ്ട്രേഷൻ ആരംഭിച്ചു. 2022 ജൂലൈ 31 ന് രജിസ്ട്രേഷൻ അവസാനിക്കുന്നതാണ്.

**പഠനവിഷയം:** **ജോഷ്വാ 1-12, പ്രഭാഷകൻ 23-26**

**മർക്കോസ് 9-16, 1 കോറിന്തോസ് 9-16**

**പരീക്ഷാത്തീയതി:** **2022 സെപ്റ്റംബർ 25 ഞായർ**

**സമയം :** **2.00 pm. മുതൽ 3.30 pm വരെ**

ഇടവകതല രജിസ്ട്രേഷൻ 2022 ജൂലൈ 31 ന് പൂർത്തിയാക്കിയതിനു ശേഷം ആഗസ്റ്റ് 8 ന് മുമ്പായി രജിസ്ട്രേഷൻ തുകയും പൂർണമായി പൂരിപ്പിച്ച ഹെഡ്ഷീറ്റും വികാരിയച്ചന്റെ, ഡയറക്ടറുടെ സാക്ഷ്യപത്രത്തോടെ രൂപതാ ഓഫീസിൽ ഏല്പിക്കേണ്ടതാണ്.

**2. ലോഗോസ് ഫാമിലി**

ലോഗോസ് ഫാമിലി ക്വിസ് മത്സരത്തിൽ പങ്കെടുക്കുന്നവരുടെ പേരുവിവരങ്ങൾ രജിസ്ട്രേഷൻ സമയത്ത് സൂചിപ്പിക്കേണ്ടതാണ്. ടീമിൽ പിതാവ്, മാതാവ്, മക്കൾ എന്നിവർ ഉണ്ടായിരിക്കണം. സെപ്തംബർ 25 ന് നടക്കുന്ന മത്സരത്തിൽ പങ്കെടുക്കേണ്ടതാണ്.

**3. ലോഗോസ് പഠനസഹായി**

ലോഗോസ് ക്വിസ് മത്സരത്തിനു സഹായകരമായ വിധത്തിൽ ഒരു പഠനസഹായി പ്രസിദ്ധീകരിച്ചു. മത്സരത്തിന് ഉപയോഗമായ രീതിയിൽ പഠിക്കുന്നതിനും പഠിച്ചത് ഓർക്കുന്നതിനും പഠിപ്പിക്കുന്നതിനും അനുയോജ്യമായ വിധത്തിലാണ് ഇത് തയ്യാറാക്കിയിരിക്കുന്നത്. കോപ്പികൾ ഓഫീസിൽ ലഭ്യമാണ്.

**ഫാ. സെബാസ്റ്റ്യൻ കുറ്റിയാനിക്കൽ** (ഡയറക്ടർ)

# ഇവാഞ്ചലൈസേഷൻ

1. കാഞ്ഞിരമറ്റം മാർ സ്ലീവാ ദൈവാലയത്തിൽ 17, 18, 19 തിയതികളിൽ വാർഷിക ധ്യാനം നടത്തി. ഫാ. ജേക്കബ് വെള്ളമരുതുങ്കൽ, ബാബു തൊമ്മനാമറ്റം, രവി തോമസ്, സജി ചാത്തൻകുന്നേൽ എന്നിവർ നേതൃത്വം നല്കി.
2. എല്ലാ തിങ്കൾ, ബുധൻ ദിവസങ്ങളിലും രൂപതയ്ക്കുവേണ്ടിയുള്ള മദ്ധ്യസ്ഥ പ്രാർത്ഥന ഷാലോം പാസ്റ്ററൽ സെന്ററിൽ നടന്നു.
3. മൂലമറ്റം ഫൊറോനയിലെ ബഹു. വൈദികരുടെ മാസധ്യാനം ഫാ.ജേക്കബ് വെള്ളമരുതുങ്കൽ നയിച്ചു.

**ഫാ. ജേക്കബ് വെള്ളമരുതുങ്കൽ** (ഡയറക്ടർ)

# കരിസ്മാറ്റിക് വാർത്തകൾ

### 1. LSS (Life in Spirit Seminar) V<sup>th</sup> ബാച്ച് ഉദ്ഘാടനം

ആത്മാവിലുള്ള നവജീവിതം ലക്ഷ്യമാക്കികൊണ്ട് പരിശുദ്ധ ഫ്രാൻസിസ് മാർപാപ്പയുടെ ആഹ്വാനപ്രകാരം KCBC കരിസ്മാറ്റിക് കമ്മീഷന്റെ നിർദ്ദേശപ്രകാരം നടപ്പിലാക്കിക്കൊണ്ടിരിക്കുന്ന LSS (Life in Spirit Seminar) Vth ബാച്ച് ഉദ്ഘാടനം അഭിവന്ദ്യ മാർ ജേക്കബ് മുരിക്കൻ പിതാവ് മെയ് 21 ന് നിർവഹിച്ചു. രൂപതാ ഡയറക്ടർ റവ. ഫാ. ജേക്കബ് വെള്ളമരുതുങ്കൽ ആശംസാ സന്ദേശം നൽകി. കേരളത്തിലെ 24 കരിസ്മാറ്റിക് സോണുകളിൽ ആദ്യമായാണ് ഒരു സോൺ Vth ബാച്ച് ആരംഭിക്കുന്നത്. സോണൽ സെക്രട്ടറിയും പാരീഷ് മിനിസ്ട്രി കോൺടാക്ട് പേഴ്സണുമായ ജോൺസൺ തടത്തിൽ ശുശ്രൂഷകൾക്ക് നേതൃത്വം നൽകി.

### 2. പന്തക്കുസ്താത്തിരുനാളും പാലാ രൂപത മിഷൻ ദിനാചരണവും

പന്തക്കുസ്താ തിരുനാളും പാലാ രൂപത മിഷൻദിനാചരണവും 2022 ജൂൺ 5 ന് പാലാ കത്തീഡ്രൽ പള്ളിയിൽ വച്ച് നടത്തുന്നു. പാലാ രൂപതാ ധ്യക്ഷൻ അഭിവന്ദ്യ മാർ ജോസഫ് കല്ലറങ്ങാട്ട് ഉദ്ഘാടനകർമ്മം നിർവഹിക്കുന്നു. റവ. ഫാ. മാത്യു ഇലവുങ്കൽ VC ശുശ്രൂഷകൾക്ക് നേതൃത്വം നൽകുന്നു.

മെയ് 27 – ജൂൺ 1 വരെ തീയതികളിൽ രാവിലെ 9.30 മുതൽ ഉച്ചകഴിഞ്ഞ് 3.30 വരെ പന്തക്കുസ്ത തിരുനാളിന് ഒരുക്കമായുള്ള പ്രാർത്ഥനശുശ്രൂഷകൾ പാലാ കത്തീഡ്രലിൽ നടത്തി.

### 3. പന്തക്കുസ്താ ഒരുക്ക ധ്യാനം

2022 ജൂൺ 2,3, തീയതികളിൽ രാവിലെ 9.30 മുതൽ ഉച്ചകഴിഞ്ഞ് 3 മണി വരെ പാലാ കത്തീഡ്രൽ പള്ളിയിൽ വെച്ചും, 4-ാം തീയതി കിഴതടിയൂർ സെന്റ് ജോസഫ് പള്ളിയിൽ വച്ചും നടത്തപ്പെടുന്നു. റവ.ഫാ. തോമസ് കടുത്താനം OCD ധ്യാനം നയിക്കുന്നു.

### 4. സോണൽ സേവനസമിതി സമ്മേളനം

സോണൽ സേവനസമിതി സമ്മേളനം മെയ് 19-ാം തീയതി വ്യാഴാഴ്ച നടത്തി. മിനിസ്ട്രികൾക്ക് ചുമതല വഹിക്കുന്ന സേവനസമിതി അംഗങ്ങൾ ചെയ്തുകൊണ്ടിരിക്കുന്ന ശുശ്രൂഷകളെക്കുറിച്ചും അഞ്ചാമത്തെ ബാച്ച് LSS ട്രെയിനിങ് മോണിറ്ററിങ് ക്രമീകരണങ്ങളെകുറിച്ചും ഓൺലൈനിലും ഓഫ്ലൈനിലും നല്ല രീതിയിൽ നടത്തുന്ന പ്രാർത്ഥനാശുശ്രൂഷകളെക്കുറിച്ചും പന്തക്കുസ്തത്തിരുനാൾ ശുശ്രൂഷകളെക്കുറിച്ചും പങ്കുവച്ചു. റവ.ഫാ. ജേക്കബ് വെള്ളമരുതുങ്കൽ സേവനസമിതി സമ്മേളനത്തിന് അദ്ധ്യക്ഷത വഹിച്ചു. ആഗതമാകുന്ന പന്തക്കുസ്താതിരുനാൾ ശുശ്രൂഷയിലൂടെ കരിസ്മാറ്റിക് നവീകരണശുശ്രൂഷകൾക്ക് കാലാനുസൃതമായ നവീകരണവും ഉണർവും വരുത്തുവാനും എല്ലാ ആദ്യ ശനിയാഴ്ചകളിലും കരിസ്മാറ്റിക്ക് ഡേ ശുശ്രൂഷകൾ എല്ലാ ശുശ്രൂഷ സമിതികളെയും ഏകോപിപ്പിച്ചുകൊണ്ട് നടത്തുവാനും അച്ചൻ

ഉദ്ബോധിപ്പിച്ചു. സമാപന ആശീർവാദപ്രാർത്ഥനയോടെ ശുശ്രൂഷാസമ്മേളനം അവസാനിച്ചു.

**5. കരിസ്മാറ്റിക് ശുശ്രൂഷകരുടെ സംഗമം**

രൂപതയിലെ കരിസ്മാറ്റിക് ശുശ്രൂഷകരുടെ സംഗമം 2022 മെയ് 7ന് രാവിലെ 9 30 മുതൽ 3.30 വരെ പാലാ കിഴതടിയൂർ പള്ളിയിൽ വെച്ച് നടത്തപ്പെട്ടു. Rev. Sr. ബന്നറ്റ് FCC വചനസന്ദേശം നൽകി. വിശുദ്ധ കുർബാന, നന്ദി, സ്തുതി, ആരാധന, എന്നീ ശുശ്രൂഷകൾ നടത്തപ്പെട്ടു. കോവിഡ് 19 മൂലമുണ്ടായ ആത്മീയമരവിപ്പ് വ്യക്തമായ പ്രാർത്ഥനയിലൂടെയും പ്രവർത്തനത്തിലൂടെയും നവീകരിക്കാൻ മിനിസ്ട്രി കൂട്ടായ്മകളും നടത്തി.

എല്ലാ ഇടവകകളിലും പ്രയർ ഗ്രൂപ്പുകൾ ഉടനടി രൂപീകരിക്കാൻ പ്രവർത്തിക്കണമെന്നും ആഹ്വാനം ചെയ്തു. പരിശുദ്ധാത്മാവിലുള്ള നവജീവിതം (LSS) ശുശ്രൂഷകൾ കൂടുതൽ സജീവമാക്കണമെന്നും അച്ചൻ നിർദേശിച്ചു.

**6. L.S.S (Life in Spirit Seminar) ശുശ്രൂഷകൾ**

എൽ.എസ്.എസ്. ഇലഞ്ഞി ഫൊറോനതല ഉദ്ഘാടനം മെയ് 22 ന് ഫൊറോന വികാരി വെരി റവ.ഫാ. ജോസഫ് ഇടത്തുംപറമ്പിൽ നിർവഹിച്ചു. റവ. ഫാ. ജേക്കബ് വെള്ളമരുതുങ്കൽ സന്ദേശം നൽകി. ശ്രീ ജോർജുകുട്ടി ഞാവള്ളിൽ ആശംസകൾ നേർന്നു സംസാരിച്ചു. ജോൺസൺ തടത്തിൽ ക്ലാസ്സ് നയിച്ചു. 20 പേർ പങ്കെടുക്കുന്നു. പാലാ കത്തീഡ്രലിൽപള്ളിയിൽ ജൂൺ 10 നും, മുട്ടം സിബി ഗിരി പള്ളിയിൽ ജൂൺ 7 നും ശുശ്രൂഷകൾ ആരംഭിക്കും.

കരിസ്മാറ്റിക് നവീകരണത്തിന് അടിസ്ഥാനം പരിശുദ്ധാത്മാവിലുള്ള നവമായ അഭിഷേകാനുഭവമാണെന്ന് മനസ്സിലാക്കിക്കൊണ്ട് ഈ അനുഭവത്തിൽ വളരാൻ സഹായകമായ വിവിധ മോഡ്യൂളുകൾ ഉൾക്കൊള്ളുന്നതാണ് എൽ.എസ്.എസ്. രണ്ട് രീതിയിലാണ് അഞ്ചാമത്തെ ബാച്ച് ധ്യാനം നടത്തുന്നത്. കുട്ടികൾ, യുവജനങ്ങൾ, ഇടവക പ്രാർത്ഥനാഗ്രൂപ്പ് അംഗങ്ങൾ എന്നിവരുടെ സമഗ്രമായ ആത്മീയ വളർച്ച ഇതിലൂടെ സാധ്യമാകുന്നു.

**7. YU4C (യൂത്ത് യുണൈറ്റഡ് 4 ക്രൈസ്റ്റ്)**

KCSCയുടെ YU4C ഞായറാഴ്ച പ്രാർത്ഥന ശുശ്രൂഷയിൽ 70 പേർ പങ്കെടുക്കുന്നു. പെരിങ്ങുളം, ജിയോവാലി, തിടനാട്, വേദഗിരി, മുണ്ടാങ്കൽ എന്നീ ഇടവകകളിൽ ശുശ്രൂഷകൾ തുടരുന്നു. മീനച്ചിൽ പള്ളിയിൽ മെയ് 28, 29 തീയതികളിൽ യുവജനധ്യാനം നടത്തി. യുവജനങ്ങളുടെ കാര്യത്തിൽ മാതാപിതാക്കൾ ശ്രദ്ധിക്കേണ്ട വിവിധ കാര്യങ്ങളെക്കുറിച്ച് പ്രത്യേക ക്ലാസ്സ് നൽകി. മാതാപിതാക്കളെയും ശുശ്രൂഷയിൽ പങ്കാളികളാക്കുന്നു. ഡയറക്ടർ റവ.ഫാ. ജേക്കബ് വെള്ളമരുതുങ്കൽ, കാരിസ് യൂത്ത് കോഡിനേറ്റർ ലിൻസിമോൾ സജി കുരിശുംമൂട്ടിൽ എന്നിവർ നേതൃത്വം നൽകുന്നു.

**8. ക്രിസ്റ്റീൻ മിനിസ്റ്ററി കൂട്ടായ്മ**

കുട്ടികളുടെ ഇടയിൽ പ്രവർത്തിക്കുന്ന ക്രിസ്റ്റീൻ, സേവനസമിതി അംഗങ്ങളുടെ മീറ്റിംഗ് 2 പ്രാവശ്യം ഓൺലൈനായി നടത്തി. എല്ലാ ശനിയാഴ്ചകളിലും

രാവിലെ 11 മുതൽ 12 വരെ സർവീസ് ടീം കുട്ടികൾക്കായി മദ്ധ്യസ്ഥപ്രാർത്ഥന നടത്തുന്നു. രണ്ടാം ശനിയാഴ്ചയും നാലാം ശനിയാഴ്ചയും 3 മണി മുതൽ 4 മണി വരെ കുട്ടികൾക്കായി ഓൺലൈൻ പ്രാർഥനാശുശ്രൂഷകൾ നടത്തുന്നു നൂറോളം കുട്ടികൾ പങ്കെടുക്കുന്നുണ്ട്. കുട്ടികളോടൊപ്പം മാതാപിതാക്കന്മാരും നന്ദി സ്തുതി ആരാധനയിൽ പങ്കെടുക്കുന്നു. അമ്മമാർക്ക് ഏറ്റവും പ്രയോജനം ചെയ്യുന്ന വിധത്തിൽ ശുശ്രൂഷകൾ പ്രവൃത്തിപഥത്തിൽ എത്തിക്കാൻ മറിയം മിഖായേൽ റെഗ് സൈന്യം എന്ന വാട്സ്ആപ്പ് ഗ്രൂപ്പ് നടത്തിവരുന്നു. ഡയറക്ടർ റവ.ഫാ. ജേക്കബ് വെള്ളമരുതുങ്കൽ, ആനിമേറ്റർ റവ.ഫാ. ജോർജ് കൊട്ടാരം, മിനിസ്റ്ററി കോർഡിനേറ്റർ ബിയ ജോജറ്റ് എന്നിവർ നേതൃത്വം നൽകി.

**9. പ്രാർത്ഥനാ കൂട്ടായ്മകൾ**

പാരിഷ് മിനിസ്ട്രിയുടെ നേതൃത്വത്തിൽ കർത്തൃസന്നിധിയിൽ കരുണയ്ക്കായി കരങ്ങൾ ഉയർത്തികൊണ്ട് എല്ലാ ഞായറാഴ്ചകളിലും ഉച്ചകഴിഞ്ഞു 1.00 മണി മുതൽ 4 മണി വരെ ഓൺലൈനിൽ അനേകരുടെ പങ്കാളിത്തത്തോടെ വിവിധ പ്രാർത്ഥനശുശ്രൂഷകൾ നടത്തുന്നു. 2022 മെയ് 1 ന് സി. ബന്നറ്റ് എഫ്.സി.സി, 8 ന് ബ്ര. ആന്റണി കോട്ടപ്പുറം, 15 ന് ബ്ര. സിബി ചെരുവിൽപുരയിടത്തിൽ, 22 ന് ബ്ര. ബാബു തൊമ്മനാമറ്റം, 29 ന് ബ്ര. രവി തോമസ് എന്നിവരാണ് ശുശ്രൂഷകൾ നയിച്ചത്. രൂപത സോണൽ പാരിഷ് മിനിസ്ട്രി സേവന സമിതി നേതൃത്വം നൽകുന്നു.

**10. പാലാ കത്തീഡ്രലിൽ വെള്ളിയാഴ്ച്ച ശുശ്രൂഷകൾ**

മദ്ധ്യസ്ഥപ്രാർത്ഥന മിനിസ്ട്രിയുടെ നേതൃത്വത്തിൽ എല്ലാ വെള്ളിയാഴ്ചകളിലും രാവിലെ 9 30 മുതൽ 2 മണി വരെ, വിശുദ്ധ കുർബാന, വചന പ്രഘോഷണം, സൗഖ്യശുശ്രൂഷകൾ, ജപമാല, സ്തുതി, ആരാധന എന്നി ശുശ്രൂഷകൾ നടത്തുന്നു. റവ.ഫാ. ജേക്കബ് വെള്ളമരുതുങ്കൽ, ശ്രീ മാത്യുക്കുട്ടി താന്നിക്കൽ എന്നിവർ ശുശ്രൂഷകൾക്ക് നേതൃത്വം നൽകുന്നു.

**11. മദ്ധ്യസ്ഥപ്രാർത്ഥന**

നമ്മുടെ രൂപതയിലെ എൽ.എസ്.എസ്. അംഗങ്ങളുടെ പങ്കാളിത്തത്തോടെ തിങ്കൾ മുതൽ ശനി വരെ എല്ലാദിവസവും ഉച്ചകഴിഞ്ഞ് 2.30 മുതൽ 4 മണിവരെ മധ്യസ്ഥപ്രാർത്ഥന ശുശ്രൂഷകൾ നടത്തിവരുന്നു. എൽ.എസ്.എസ്. ലീഡേഴ്സ് ടീം അംഗം സോളി മനോജ് ഇതിന് നേതൃത്വം നൽകുന്നു. ജപമാല, കരുണ കൊന്ത, അനുദിന വചനവിചിന്തനം എന്നീ ശുശ്രൂഷകൾ ഇതിൽ ഉൾപ്പെടുത്തിയിരിക്കുന്നു.

**12. കുരിശിന്റെ വഴി**

എല്ലാ വെള്ളിയാഴ്ചകളിലും രാത്രി 8.30 മുതൽ 10 മണി വരെ എൽ.എസ്.എസ്. അംഗങ്ങൾ ഓൺലൈനിൽ ഒന്നുചേർന്നു ലോകം മുഴുവനെയും സമർപ്പിച്ചുകൊണ്ട് കരിസ്മാറ്റിക് രൂപതാ ഡയറക്ടർ ജേക്കബ് വെള്ളമരുതുങ്കൽ അച്ചന്റെ നേതൃത്വത്തിൽ കുരിശിന്റെവഴി പ്രാർത്ഥനകൾ നടത്തി. കുരിശിന്റെ

വഴിയുടെ 14 സ്ഥലങ്ങളിൽ സിസ്റ്റേഴ്സ് 14 പേർ സന്ദേശം നൽകി പ്രാർത്ഥിക്കുന്നു. ഡയറക്ടർ ഫാ. ജേക്കബ് വെള്ളമരുതുങ്കൽ സമാപനപ്രാർത്ഥനയും സന്ദേശവും നൽകുന്നു. അനേകം കുടുംബങ്ങൾ ഈ പ്രാർത്ഥനാശുശ്രൂഷയിൽ പങ്കെടുക്കുന്നു.

**ഫാ. ജേക്കബ് വെള്ളമരുതുങ്കൽ** (ഡയറക്ടർ)

# മൗണ്ട് നെബോ ധ്യാനകേന്ദ്രം

**1. ഏകദിന ധ്യാനം**

രണ്ടാം ശനിയാഴ്ചകൾതോറും നടത്തപ്പെടുന്ന ഏകദിന ദൈവരാജ്യാനുഭവധ്യാനം രാവിലെ 9 മണി മുതൽ മദ്ധ്യസ്ഥപ്രാർത്ഥന, 10 മണി മുതൽ അനുതാപ ശുശ്രൂഷ, നിയോഗസമർപ്പണശുശ്രൂഷ, വിശുദ്ധ കുർബാന, തിരുവചനപ്രഘോഷണം, ആരാധന, വിടുതൽ ശുശ്രൂഷ, അഭിഷേക-കൈവയ്പുശുശ്രൂഷകൾ എന്നിവയോടു കൂടി 3 മണിക്ക് പൂർത്തിയാകുന്ന ധ്യാനം മെയ് 14 ന് നടത്തുകയുണ്ടായി. ഫാ. ജസ്റ്റിൻ മേപ്പുറത്ത് HGN, ഫാ. വിനോദ് പുളിങ്കട്ട, ജോസ് ടോം കാടൻകാവിൽ, സെബാസ്റ്റ്യൻ പയസ്മൗണ്ട്, സണ്ണി പള്ളിവാതുക്കൽ, മാത്യു തോണിക്കുഴി എന്നിവർ വിവിധ ശുശ്രൂഷകളിൽ സഹകരിച്ചു. ധ്യാനം മൗണ്ട് നെബോ യൂട്യൂബ് ചാനലിൽ ലഭ്യമാണ്.

**2. ലഘുപുസ്തകപരമ്പര**

ദൈവരാജ്യത്തിന്റെ രഹസ്യങ്ങൾ എന്ന ലഘുപുസ്തകപരമ്പരയുടെ പുതിയ പുസ്തകങ്ങൾ പ്രസിദ്ധീകരിച്ചു. പുസ്തകം 41: *നല്ലമരണത്തിന് ഒരുക്കാം;* പുസ്തകം 42: *മരണസമയപോരാട്ടവും കരുണക്കൊന്തയും.* പുസ്തകങ്ങൾ വരിസംഖ്യയടച്ച് എല്ലാ മാസവും പോസ്റ്റുവഴി അയച്ചുകിട്ടുവാനാഗ്രഹിക്കുന്നവർ 9947114491 എന്ന നമ്പരിൽ ബന്ധപ്പെടുക.

**3. ആഭ്യന്തരഹർമ്മ്യം**

കലർപ്പില്ലാത്ത കത്തോലിക്കാ ആത്മീയതയുടെ ആഴങ്ങളും ഔന്നത്യങ്ങളും സ്വജീവിതത്തിൽ അനുഭവിച്ചറിഞ്ഞ വേദപാരംഗതയും വിശുദ്ധയുമായ ആവിലായിലെ അമ്മത്രേസ്യാ, ആത്മാർത്ഥതയോടെ ദൈവത്തെത്തേടുന്ന ആത്മീയാന്വേഷകർക്കായി, തന്റെ ആത്മീയാനുഭവങ്ങളെ ദൈവികവെളിപാടിന്റെ വെളിച്ചത്തിലും വ്യക്തതയിലും പ്രായോഗിക പരിജ്ഞാനത്തോടെ പങ്കുവച്ചുകൊണ്ട് 1577 ൽ എഴുതിയ *ആഭ്യന്തരഹർമ്മ്യം* എന്ന സാർവ്വത്രികവും സാർവ്വകാലീനവുമായ മൂല്യമുള്ള ആത്മീയഗ്രന്ഥത്തിലൂടെ അനാവരണം ചെയ്യപ്പെട്ടിരിക്കുന്ന അനശ്വരങ്ങളായ ആത്മീയപാഠങ്ങളെ ഏതവസ്ഥയിലുള്ള ആത്മീയാന്വേഷകർക്കുമായി ലളിതമായി അവതരിപ്പിക്കുന്ന ഒരു പ്രബോധനപരമ്പര, 15 മിനിറ്റ് വീതമുള്ള സെഷനുകളായി, നവംബർ 1 മുതൽ മൗണ്ട് നെബോ യൂട്യൂബ് ചാനലിലൂടെ ആഭ്യന്തരഹർമ്മ്യ ആത്മീയത എന്ന പേരിൽ നൽകിക്കൊണ്ടിരിക്കുന്നു.

**4. വീഡിയോ**

കോവിഡ്-19 ലോക്ഡൗണിന്റെ പശ്ചാത്തലത്തിൽ നൽകിയിരുന്ന, ദൈവശക്തി വ്യാപരിക്കുന്നു എന്ന ഓൺലൈൻ ധ്യാനത്തിൽനിന്നു തിരഞ്ഞെടുക്കപ്പെട്ട ഭാഗങ്ങൾ, ഏതാനും മിനിറ്റുകൾ മാത്രം ദൈർഘ്യമുള്ള വീഡിയോ ക്ലിപ്പുകളായി, മൗണ്ട് നെബോ യൂട്യൂബ് ചാനലിൽ പ്രക്ഷേപണം ചെയ്യുന്നുണ്ട്.

**5. നിർമാണം**

മൗണ്ട് നെബോയുടെ ആവശ്യങ്ങൾക്കായി പണിയുവാൻ ജൂലൈ 12 ന് കല്ലിട്ട മൗണ്ട് നെബോ ആബാഭവനത്തിന്റ നിർമ്മാണപ്രവർത്തനങ്ങൾ പുരോഗമിക്കുന്നു.

**ഫാ. തോമസ് വാഴചാരിക്കൽ** (ഡയറക്ടർ)

## ദീപിക ഫ്രണ്ട്സ് ക്ലബ്

**A. മീറ്റിംഗ്**

1. ഡി.എഫ്.സി ഫൊറോന മീറ്റിംഗ് രൂപതാ ഓഫീസിൽവച്ചു നടത്തി.

2. ബിഷപ്സ് ഹൗസിൽ നടന്ന ദീപിക മീറ്റിംഗിൽ പങ്കെടുത്തു. ദീപിക മാനേജിംഗ് ടീം, മാനേജിംഗ് ഡയറക്ടർ, പ്രൊഡക്ഷൻ മാനേജർ, സർക്കുലേഷൻ മാനേജർ തുടങ്ങിയവർ സന്നിഹിതരായിരുന്നു.

3. പൂഞ്ഞാർ ഫൊറോനയിൽ ഡി.എഫ്.സി ഫൊറോന എക്സിക്യൂട്ടീവ് മീറ്റിംഗ് നടത്തി.

**B. ദീപിക പത്രപ്രചരണം**

1. സ്കൂളുകളിൽ അധ്യാപക കോപ്പികൾക്കുള്ള പ്രവർത്തനം നടന്നുകൊണ്ടിരിക്കുന്നു.
2. മെയ് 1 - ജിയോവാലി ഇടവകയിൽ ദീപിക പത്രപ്രചരണം നടന്നു.
3. മെയ് 15 - രത്നഗിരി ഇടവകയിൽ ദീപിക പത്രപ്രചരണം നടന്നു.
4. മെയ് 15 - അടുക്കം ഇടവകയിൽ ദീപിക പത്രപ്രചരണം നടന്നു.
5. മെയ് 22 - അമ്പാറനിരപ്പേൽ ഇടവകയിൽ ദീപിക പത്രപ്രചരണം നടന്നു.
6. മെയ് 29 - ഉരുളികുന്നം ഇടവകയിൽ ദീപിക പത്രപ്രചരണം നടന്നു.

**C. ദീപിക പ്രൊമോട്ടേഴ്സ് ടീം രൂപീകരണം**

ഇടവകതലത്തിൽ ദീപിക പ്രൊമോട്ടേഴ്സ് തിരഞ്ഞെടുപ്പ് നടന്നുകൊണ്ടിരിക്കുന്നു.

**ഫാ. ജോർജ് നെല്ലിക്കുന്നുചെരിവുപുരയിടം** (ഡയറക്ടർ)

# ഇൻഫാം

**1. ഒന്നാം കർഷകകമ്മീഷൻ**

കർഷകരുടെ നിലവിലുള്ള അവസ്ഥ മനസ്സിലാക്കി ഉചിതമായ നടപടികൾ സ്വീകരിക്കാൻ, സമർപ്പിക്കുന്ന പരാതിയിൽ പൂരിപ്പിച്ചു നൽകേണ്ട വിവരങ്ങൾ മനസ്സിലാക്കി കർഷകർ 944769117, 9447985796, 9447610201 എന്നീ ഫോൺ നമ്പർ മുഖേനയോ adv.binoythomas@gmail.com എന്ന ഇമെയിൽ വഴിയോ ഫോം പൂരിപ്പിച്ച് അയക്കേണ്ടതാണ്. പ്രിന്റ് ചെയ്ത ഫോറം 9447136390 എന്ന നമ്പരിൽ വിളിച്ചാൽ നിങ്ങൾക്കു ലഭിക്കുന്നതിനു നടപടി സ്വീകരിക്കുന്നതാണ്. മുഖ്യമന്ത്രി നേരിട്ട് ഇടപെടുന്ന ഒന്നാം കാർഷികകമ്മീഷൻ കർഷകർക്ക് പ്രയോജനപ്രദമാകണമെങ്കിൽ ഈ ഫോറം പൂരിപ്പിച്ച് ഇൻഫാമിന്റെ നേതൃത്വത്തിൽ നൽകേണ്ടതാണ്. പൂരിപ്പിച്ച ഫോം ജൂൺ 11-ാം തീയതിക്കു മുമ്പായി ഷാലോം പാസ്റ്ററൽ സെന്ററിൽ ഇൻഫാം ഓഫീസിലോ ഭരണങ്ങാനം ഇൻഫാം വിജ്ഞാൻ ഓഫീസിലോ നൽകി എല്ലാവരും സഹകരിക്കണമെന്ന് പ്രത്യേകം താത്പര്യപ്പെടുന്നു.

**2. ഇൻഫാം സമ്മേളനം**

ഇൻഫാം ദേശീയ സെക്രട്ടറി ജനറൽ അഡ്വ. വി.സി. സെബാസ്റ്റ്യന്റെ നേതൃത്വത്തിൽ ഷാലോം പാസ്റ്ററൽ സെന്ററിൽ 2022 ഏപ്രിൽ 22-ാം തീയതി വെള്ളിയാഴ്ച സമ്മേളിച്ച മീറ്റിംഗിൽ ഇൻഫാം പാലാ രൂപതാഘടകം സജീവമായി പങ്കെടുത്തു. ഇൻഫാമിന്റെ നേതൃത്വത്തിൽ കാട്ടുപന്നിയെ ക്ഷുദ്രജീവിയായി പ്രഖ്യാപിക്കണമെന്ന് സർക്കാരുകളോട് ആവശ്യപ്പെട്ടു.

**ഫാ. ജോസ് തറപ്പേൽ** (ഡയറക്ടർ)




## MAY 2022

| | | |
|---|---|---|
| 01 | 08.15 am | മരങ്ങോലി ഇടവകയിൽ പാലക്കാട് രൂപതാധ്യക്ഷൻ അഭിവന്ദ്യ മാർ പീറ്റർ കൊച്ചുപുരയ്ക്കൽ പിതാവിന് മാതൃഇടവക നൽകിയ സ്വീകരണസമ്മേളനത്തിൽ സംബന്ധിച്ച് ആശംസകളർപ്പിച്ചു. |
| | 10.00 am | കാക്കൂർ ഇടവകയിൽ കിഴക്കേ വെള്ളിലാപ്പിള്ളി ശ്രീമതി മേരിയുടെ ഭൗതികദേഹത്തിനരികിൽ ഒപ്പീസുചൊല്ലി പ്രാർത്ഥിച്ചു. |
| | 11.45 am | തീക്കോയി ഫൊറോനയിൽ ഹോം പാലായുടെ നേതൃത്വത്തിൽ പണിപൂർത്തിയാക്കിയ ഭവനത്തിന്റെ വെഞ്ചെരിപ്പുകർമം നിർവഹിച്ചു. |
| | 03.00 pm | രാമപുരം ഫൊറോനയിൽ പാലാ രൂപത എ.കെ.സി.സി. യുടെ 104–ാം ജന്മദിനാഘോഷത്തിന്റെയും വനിതാഫോറത്തിന്റെയും സംയുക്തസമ്മേളനത്തിൽ സംബന്ധിച്ചു. |
| | 05.15 pm | വലവൂർ ഇടവകയിൽ പുതിയതായി നിർമിച്ച വൈദികമന്ദിരത്തിന്റെ ആശീർവാദകർമം നിർവഹിച്ചു. |
| 02 | 09.00 am | കരൂർ ഗുഡ് ഷെപ്പേർഡ് മൈനർ സെമിനാരിയിൽ ഈ വർഷം പ്രവേശനം ആഗ്രഹിക്കുന്നവർക്കുവേണ്ടിയുള്ള ഇന്റർവ്യൂവിനു നേതൃത്വം നൽകി. |
| | 11.30 am | പാലാ കത്തീഡ്രലിൽ വിവാഹം ആശീർവദിച്ചു. |
| | 12.15 pm | പാലാ മാർ അപ്രേം പ്രീസ്റ്റ് ഹോം സന്ദർശിച്ചു. |
| | 03.00 pm | പാലാ സിവിൽ സർവീസ് ഇൻസ്റ്റിറ്റ്യൂട്ടിൽ മീറ്റിംഗിൽ സംബന്ധിച്ചു. |

| | | |
|---|---|---|
| 03 | | ബിഷപ്സ് ഹൗസിൽ സന്ദർശകരെ സ്വീകരിച്ചു. |
| 05 | 10.00 am | ബിഷപ്സ് ഹൗസിൽ പ്രവാസി അപ്പോസ്തലേറ്റിന്റെ മീറ്റിംഗിൽ സംബന്ധിച്ചു. |
| | 11.30 am | അരുവിത്തുറ ഫൊറോനയിൽ വിവാഹവാഗ്ദാനത്തിനു മുഖ്യകാർമികത്വം വഹിച്ചു. |
| | 12.15 pm | കയ്യൂർ ഇടവകയിൽ വിവാഹവാഗ്ദാനത്തിനു മുഖ്യകാർമികത്വം വഹിച്ചു. |
| | 04.00 pm | ളാലം പുത്തൻപള്ളി ഇടവകയിൽ സെന്റ് മർത്താസ് ജനറലേറ്റിൽ പുതിയതായി പണികഴിപ്പിച്ച നിത്യാരാധന ചാപ്പലിന്റെയും കെട്ടിടസമുച്ചയത്തിന്റെയും വെഞ്ചെരിപ്പുകർമം നിർവഹിച്ചു. |
| | 05.00 pm | മാർ സ്ലീവാ മെഡിസിറ്റിയിൽ മീറ്റിംഗിൽ സംബന്ധിച്ചു. |
| | 07.30 pm | പാലാ മാർ അപ്രേം സെമിനാരിയിൽ മീറ്റിംഗിൽ സംബന്ധിച്ചു. |
| 06 | | ബിഷപ്സ് ഹൗസിൽ സന്ദർശകരെ സ്വീകരിച്ചു. |
| | 05.45 pm | പയ്യാനിത്തോട്ടം ഇടവകയിൽ പുതിയതായി പണികഴിപ്പിച്ച കൽക്കുരിശിന്റെ വെഞ്ചെരിപ്പുകർമം നിർവഹിക്കുകയും പുറത്തുനമസ്കാരത്തിന് മുഖ്യകാർമികത്വം വഹിക്കുകയും ചെയ്തു. |
| 07 | 10.00 am | ഭരണങ്ങാനം ഫൊറോനയിൽ ഡി.എസ്.റ്റി. ജനറലേറ്റിൽ സഭാവസ്ത്രസ്വീകരണത്തിനും സന്ന്യാസവ്രതവാഗ്ദാനത്തിനും മുഖ്യകാർമികത്വം വഹിച്ചു. |
| | 03.30 pm | ഇടമറുക് ഇടവകയിൽ ജൂബിലിയാഘോഷത്തിൽ സംബന്ധിച്ചു. |
| | 04.00 pm | ചൂണ്ടച്ചേരി സെന്റ് ജോസഫ്സ് എഞ്ചിനീയറിംഗ് കോളജിൽ മീറ്റിംഗിൽ സംബന്ധിച്ചു. |
| 08 | 10.00 am | ചങ്ങനാശ്ശേരി അതിരൂപത എടത്വാ ഫൊറോനയിൽ തിരുനാളിനോടനുബന്ധിച്ച് സുറിയാനി കുർബാന അർപ്പിച്ചു വചനസന്ദേശം നൽകി. |
| | 06.30 pm | മാർ സ്ലീവാ മെഡിസിറ്റിയിൽ മീറ്റിംഗിൽ സംബന്ധിച്ചു. |

| | | |
|---|---|---|
| 10 | | ബിഷപ്സ് ഹൗസിൽ സന്ദർശകരെ സ്വീകരിച്ചു. |
| | 12.15 pm | മുത്തോലി ഇടവകയിൽ നാഗനൂലിൽ പരേതനായ തോമസച്ചന്റെ സഹോദരൻ ശ്രീ സെബാസ്റ്റ്യൻ ജോർജിന്റെ ഭൗതികദേഹത്തിനരികിൽ ഒപ്പീസു ചൊല്ലി പ്രാർത്ഥിച്ചു. |
| 11 | 07.00 am | പാലാ കത്തീഡ്രലിൽ പാലാ രൂപത വൈദികവി ദ്യാർത്ഥികളുടെ ഹെവുപ്പദ്യാക്ക്ന പട്ടം, കറോയ പട്ടം, വൈദികവസ്ത്രസ്വീകരണം എന്നീ തിരുകർമ്മ ങ്ങൾക്ക് മുഖ്യകാർമികത്വം വഹിച്ചു. |
| | 03.30 pm | ബിഷപ്സ് ഹൗസിൽ സിനഡ് 2021–2023 ഒരുക്കമായി പരുമലക്കുന്ന് കോളനിയിൽനിന്നുള്ളവരുമായുള്ള അഭിമുഖസംഭാഷണത്തിൽ സംബന്ധിച്ചു. |
| | 05.15 pm | ബിഷപ്സ് ഹൗസിൽ മീറ്റിംഗിൽ സംബന്ധിച്ചു. |
| 12 | 09.30 am | വിളക്കുമാടം ഇടവകയിൽ പ്രാരംഭകൂദാശകൾക്ക് മുഖ്യകാർമികത്വം വഹിച്ചു. |
| | 12.15 pm | അരുവിത്തുറ ഫൊറോനയിൽ വിവാഹവാഗ്ദാന ത്തിന് മുഖ്യകാർമികത്വം വഹിച്ചു. |
| 13 | | ബിഷപ്സ് ഹൗസിൽ സന്ദർശകരെ സ്വീകരിച്ചു. |
| | 06.00 pm | ബിഷപ്സ് ഹൗസിൽ ദീപികയുടെ മീറ്റിംഗിൽ സംബ ന്ധിച്ചു. |
| | 08.30 pm | ബിഷപ്സ് ഹൗസിൽ സിനഡ് 2021–2023 ഒരുക്കമായി വൈദികരുടെ മീറ്റിംഗിൽ സംബന്ധിച്ചു. |
| 14 | 09.15 am | പൂഴിക്കോൽ ഇടവകയിൽ ഡീക്കൻ മാത്യു താന്നി നിൽക്കുംതടത്തിൽ സി.എം.എഫിന് പൗരോഹിത്യ പട്ടം നൽകി. |
| | 02.00 pm | പാലാ അൽഫോൻസിയൻ പാസ്റ്ററൽ ഇൻസ്റ്റിറ്റ്യൂട്ടിൽ വിശ്വാസപരിശീലനത്തിന്റെയും ചെറുപുഷ്പമി ഷൻലീഗിന്റെയും വാർഷികസമ്മേളനത്തിൽ സംബ ന്ധിച്ചു. |
| | 04.30 pm | ചങ്ങനാശ്ശേരി അതിരൂപത വടവാതൂർ ഇടവകയിൽ വിവാഹം ആശീർവദിച്ചു. |
| | 06.30 pm | മാർ സ്ലീവാ മെഡിസിറ്റിയിൽ മീറ്റിംഗിൽ സംബന്ധിച്ചു. |

| | | |
|---|---|---|
| 15 | 02.00 pm | തീക്കോയി ഫൊറോനയിൽ കാക്കാനിയിൽ ശ്രീ കെ. ജെ. അബ്രാഹത്തിന്റെ മൃതസംസ്കാരശുശ്രൂഷകൾക്ക് ഭവനത്തിൽ മുഖ്യകാർമികത്വം വഹിച്ചു. |
| 16 | 11.30 am | കരൂർ ഗുഡ് ഷെപ്പേർഡ് മൈനർ സെമിനാരിയിൽ പാലാ രൂപത മേജർ സെമിനാരി വിദ്യാർത്ഥികളുടെ സമ്മേളനത്തിൽ സംബന്ധിക്കുകയും സിനഡ് 2021–2023 ഒരുക്കമായുള്ള അഭിമുഖസംഭാഷണത്തിലേർപ്പെടുകയും ചെയ്തു. |
| | 04.30 pm | ചങ്ങനാശ്ശേരി അതിരൂപത ഇത്തിത്താനം സെന്റ് ജോസഫ്സ് പ്രീസ്റ്റ് ഹോം സന്ദർശിച്ചു. |
| | 05.30 pm | ചങ്ങനാശ്ശേരി അതിരൂപത വടവാതൂർ സ്പിരിച്വാലിറ്റി സെന്ററിൽ ബഹുമാനപ്പെട്ട സിസ്റ്റർ അന്നമ്മയുടെ ഭൗതികദേഹത്തിനരികിൽ ഒപ്പീസുചൊല്ലി പ്രാർത്ഥിച്ചു. |
| 17 | | ബിഷപ്സ് ഹൗസിൽ സന്ദർശകരെ സ്വീകരിച്ചു. |
| | 10.30 am | മലപ്പുറം ആയാംകുടി ഇടവകയിൽ മഠത്തിപ്പറമ്പിൽ ബഹുമാനപ്പെട്ട ജോസഫച്ചന്റെ സഹോദരഭാര്യയും ബഹുമാനപ്പെട്ട തോമസച്ചന്റെ മാതാവുമായ ശ്രീമതി കുഞ്ഞാമ്മ തോമസിന്റെ മൃതസംസ്കാരശുശ്രൂഷകൾക്ക് ഭവനത്തിൽ മുഖ്യകാർമികത്വം വഹിച്ചു. |
| | 12.15 pm | ഇളംതോട്ടം ഇടവകയിൽ കുന്നുംപുറത്ത് ശ്രീ ദേവസ്യ ജോസഫിന്റെ ഭൗതികദേഹത്തിനരികിൽ ഒപ്പീസുചൊല്ലി പ്രാർത്ഥിച്ചു. |
| | 03.30 pm | വാഗമൺ ഇടവകയിൽ കപ്പൂച്ചിൻ സന്ന്യാസസമൂഹം പുതിയതായി പണികഴിപ്പിച്ച ആശ്രമത്തിന്റെ വെഞ്ചെരിപ്പുകർമം നിർവഹിച്ചു. |
| | 07.00 pm | മോനിപ്പള്ളി ഇടവകയിൽ വള്ളിപ്പാലം ശ്രീ വി.ജെ. തോമസിന്റെ ഭൗതികദേഹത്തിനരികിൽ ഒപ്പീസുചൊല്ലി പ്രാർത്ഥിച്ചു. |
| 18 | 10.00 am | ചേർപ്പുങ്കൽ ഫൊറോനയിൽ എലവനാൽ ശ്രീ സി. സക്കറിയാസിന്റെ മൃതസംസ്കാരശുശ്രൂഷകൾക്ക് ഭവനത്തിൽ മുഖ്യകാർമികത്വം വഹിച്ചു. |

| | | |
|---|---|---|
| | 11.00 am | ഉള്ളനാട് ഇടവകയിൽ പ്രാരംഭകൂദാശകൾക്ക് മുഖ്യ കാർമികത്വം വഹിച്ചു. |
| | 06.00 pm | കുറവിലങ്ങാട് മർത്ത്മറിയം മേജർ ആർക്കി എപ്പി സ്കോപ്പൽ ആർച്ചു ഡീക്കൻ തീർത്ഥാടന ഇടവക യിൽ അഭിവന്ദ്യ ജോർജ് കർദിനാൾ ആലഞ്ചേരി പിതാവിന്റെ ഔദ്യോഗികസന്ദർശനത്തോടനുബന്ധി ച്ചുള്ള സമ്മേളനത്തിൽ സംബന്ധിച്ചു. |
| 20 | | ബിഷപ്സ് ഹൗസിൽ സന്ദർശകരെ സ്വീകരിച്ചു. |
| 22 | 11.00 am | കിഴപറയാർ ഇടവകയിൽ പാറേക്കാട്ട് പുത്തൻപുര യിൽ ശ്രീ പി.സി. ജോസഫിന്റെ മൃതസംസ്കാരശു ശ്രൂഷകൾക്ക് ഭവനത്തിൽ മുഖ്യകാർമികത്വം വഹിച്ചു. |
| | 11.45 am | ഉള്ളനാട് ഇടവകയിൽ ഒറ്റത്തെങ്ങുങ്കൽ ശ്രീമതി മറിയം ജോസഫിന്റെ ഭൗതികദേഹത്തിനരികിൽ ഒപ്പീസുചൊല്ലി പ്രാർത്ഥിച്ചു. |
| | 02.00 pm | രാമപുരം ഫൊറോനയിൽ എസ്.എച്ച്.എൽ.പി. സ്കൂളിന്റെ ശതാബ്ദി സമാപനസമ്മേളനത്തിൽ സംബന്ധിച്ചു. |
| | 03.30 pm | ഭരണങ്ങാനം ഫൊറോനയിൽ വിവാഹവാഗ്ദാന ത്തിനു മുഖ്യകാർമികത്വം വഹിച്ചു. |
| 23 | 12.00 noon | പാലാ എസ്.എച്ച്. പ്രൊവിൻഷ്യൽ ഹൗസിൽ ധന്യൻ കദളിക്കാട്ടിൽ മത്തായിയച്ചന്റെ ചരമവാർഷി കത്തോടനുബന്ധിച്ചു കബറിടത്തിങ്കൽ ചരമവാർഷി കപ്രാർത്ഥനകൾക്ക് കാർമികത്വം വഹിക്കുകയും ശ്രാദ്ധനേർച്ചയുടെ വെഞ്ചെരിപ്പുകർമം നിർവഹിക്കു കയും ചെയ്തു. |
| | 07.30 pm | കാഞ്ഞിരമറ്റം ഇടവകയിൽ പന്തപ്ലാക്കൽ ശ്രീ മത്തായി ചേട്ടന്റെ 100-ാം ജന്മദിനത്തോടനുബന്ധി ച്ചുള്ള ആദരിക്കൽ സമ്മേളനത്തിൽ സംബന്ധിച്ച് ആശംസകളർപ്പിച്ചു. |
| 24 | | ബിഷപ്സ് ഹൗസിൽ സന്ദർശകരെ സ്വീകരിച്ചു. |
| | 06.00 pm | ബിഷപ്സ് ഹൗസിൽ മാസധ്യാനത്തിൽ പങ്കെ ടുത്തു. |

| | | |
|---|---|---|
| 27 | 09.00 am | കാക്കനാട് മൗണ്ട് സെന്റ് തോമസിൽ ദീപിക അപെക്സ് ബോർഡിന്റെ മീറ്റിംഗിൽ സംബന്ധിച്ചു. |
| | 03.00 pm | പാലാ കത്തീഡ്രലിൽ കുടുംബവർഷസമാപനത്തോടനുബന്ധിച്ച് രൂപത ഫാമിലി അപ്പോസ്തലേറ്റിന്റെ നേതൃത്വത്തിൽ നടത്തിയ കുടുംബസംഗമസമ്മേളനത്തിൽ സംബന്ധിച്ചു. |
| 28 | 10.00 am | ഏന്തയാർ ഇടവകയിൽ ഹോം പാലായുടെ ഭാഗമായി പണിപൂർത്തിയാക്കിയ ഭവനത്തിന്റെ വെഞ്ചെരിപ്പുകർമം നിർവഹിച്ചു. |
| | 05.00 pm | മാർ സ്ലീവാ മെഡിസിറ്റിയിൽ മീറ്റിംഗിൽ സംബന്ധിച്ചു. |
| 29 | 01.00 pm | ചിങ്ങവനം മലങ്കര സുറിയാനി ക്നാനായ അതിഭദ്രാസന മെത്രാപ്പോലീത്താ അഭിവന്ദ്യ കുര്യാക്കോസ് മാർ സേവേറിയോസിന്റെ മാതാവ് ഇടവഴിക്കൽ ശ്രീമതി മറിയാമ്മ എബ്രാഹത്തിന്റെ ഭൗതികദേഹത്തിനരികിൽ ഒപ്പീസുചൊല്ലി പ്രാർത്ഥിച്ചു. |
| 30 | 11.45 am | കയ്യൂർ ഇടവകയിൽ ഒരു ഭവനത്തിന്റെ വെഞ്ചെരിപ്പുകർമത്തിൽ സംബന്ധിച്ചു. |
| | 05.00 pm | ചൂണ്ടച്ചേരി എഞ്ചിനീയറിംഗ് കോളജിൽ മീറ്റിംഗിൽ സംബന്ധിച്ചു. |
| 31 | | ബിഷപ്സ് ഹൗസിൽ സന്ദർശകരെ സ്വീകരിച്ചു. |
| | 03.00 pm | ബിഷപ്സ് ഹൗസിൽ മീറ്റിംഗിൽ സംബന്ധിച്ചു. |
| | 06.30 pm | പാലാ കുരിശുപള്ളിയിൽ മെയ്മാസവണക്കത്തോടനുബന്ധിച്ച് സി.വൈ.എം.എൽ. നൽകുന്ന സഹായവിതരണം നിർവഹിച്ചു. |




## MAY 2022

| | | |
|---|---|---|
| 01 | 10.00 am | അരുവിത്തുറ ഫൊറോനയിൽ വിശുദ്ധ ഗീവർഗീസ് സഹദായുടെ തിരുനാളിന്റെ എട്ടാമിടത്തോടനുബന്ധിച്ച് വിശുദ്ധ കുർബാനയർപ്പിച്ചു സന്ദേശം നൽകി. |
| | 04.00 pm | പ്ലാശനാൽ ഇടവകയിൽ വിവാഹം ആശീർവദിച്ചു. |
| | 06.00 pm | ചിറ്റാർ ഇടവകയിൽ പുതുതായി നിർമിച്ച ഗ്രോട്ടോയുടെ ആശീർവാദകർമം നിർവഹിച്ചു. |
| 02 | 06.15 am | പാലാ മാർ അപ്രേം സെമിനാരിയിൽ വിശുദ്ധ കുർബാനയർപ്പിച്ചു സന്ദേശം നൽകി. |
| | 09.00 am | കരൂർ ഗുഡ് ഷെപ്പേർഡ് മൈനർ സെമിനാരിയിൽ ഈ വർഷം പ്രവേശനം ആഗ്രഹിക്കുന്നവർക്കുവേണ്ടിയുള്ള ഇന്റർവ്യൂവിനു നേതൃത്വം നൽകി. |
| 03 | 10.00 am | കൈപ്പള്ളി ഇടവകയിൽ ബ്രദർ സെബാസ്റ്റ്യൻ മുത്തനാട്ട് എസ്.എച്ച്.ജെ. യുടെ ജൂബിലി ആഘോഷത്തിന്റെ ഭാഗമായി വിശുദ്ധ കുർബാന അർപ്പിച്ചു സന്ദേശം നൽകി. |
| 04 | 08.00 am | ളാലം പഴയപള്ളിയിൽ ബഹു. അബ്രാഹം കൈപ്പൻപ്ലാക്കൽ അച്ചന്റെ എട്ടാം ചരമവാർഷികത്തോടനുബന്ധിച്ച് വിശുദ്ധ കുർബാന അർപ്പിച്ചു സന്ദേശം നൽകുകയും സിമിത്തേരിയിൽ നടന്ന പ്രാർത്ഥനയിൽ പങ്കെടുക്കുകയും ചെയ്തു. |
| | 11.00 am | പറത്താനം ഇടവകയിൽ ചരമവാർഷികത്തോടനുബന്ധിച്ച് വിശുദ്ധ കുർബാന അർപ്പിച്ചു സന്ദേശം നൽകി. |
| 05 | 08.00 am | മുണ്ടാങ്കൽ ഇടവകയിൽ ബഹുമാനപ്പെട്ട സി. ജലാസിയൂസ് സി.എം.സി. യുടെ ഭൗതികദേഹത്തിനരികിൽ ഒപ്പീസ് ചൊല്ലി പ്രാർത്ഥിച്ചു. |

| | | |
|---|---|---|
| | 08.30 am | രാമപുരം ഫൊറോനയിൽ പുളിയാർമറ്റത്തിൽ ശ്രീമതി ത്രേസ്യാമ്മ മത്തായിയുടെ ഭൗതികദേഹത്തിനരികിൽ ഒപ്പീസ് ചൊല്ലി പ്രാർത്ഥിച്ചു. |
| | 09.30 am | വാലാച്ചിറ ഇടവകയിൽ നടയ്ക്കൽ ശ്രീ പി.സി. ലൂക്കോസിന്റെ ഭൗതികദേഹത്തിനരികിൽ ഒപ്പീസ് ചൊല്ലി പ്രാർത്ഥിച്ചു. |
| | 11.00 am | നീലൂർ ഇടവകയിൽ വിവാഹം ആശീർവദിച്ചു. |
| | 02.15 pm | തീക്കോയി ഫൊറോനയിൽ ഡീക്കൻ ചാണ്ടി പുല്ലാട്ട് എച്ച്.ജി.എൻ. ന് പൗരോഹിത്യപട്ടം നൽകി. |
| 6 | 10.00 am | കോട്ടയത്ത് നടന്ന മദ്യവിരുദ്ധസമിതി സമ്മേളനത്തിൽ പങ്കെടുത്തു. |
| 7 | 10.00 am | കാഞ്ഞിരമറ്റം ഇടവകയിൽ നാഗമറ്റം കുടുംബയോഗത്തിൽ വിശുദ്ധ കുർബാനയർപ്പിച്ചു സന്ദേശം നൽകി. |
| | 12.00 noon | ളാലം പുത്തൻപള്ളി ഇടവകയിൽ ഒരു ഭവനം വെഞ്ചെരിച്ചു. |
| | 03.00 pm | പാലാ അൽഫോൻസിയൻ പാസ്റ്ററൽ ഇൻസ്റ്റിറ്റ്യൂട്ടിൽ വിചിന്തനം ക്യാമ്പിൽ കുട്ടികളെ സന്ദർശിച്ചു സന്ദേശം നൽകി. |
| 08 | 09.45 am | കരൂർ ഇടവകയിൽ കുട്ടികളുടെ ആഘോഷമായ വിശുദ്ധ കുർബാനസ്വീകരണത്തിനു മുഖ്യകാർമികത്വം വഹിച്ചു. |
| | 12.00 pm | പൈക ഇടവകയിൽ പാറേക്കാട്ട് വെച്ചൂർ കുടുംബയോഗം ഉദ്ഘാടനം ചെയ്ത് ആശംസകളർപ്പിച്ചു. |
| | 03.00 pm | കുടമാളൂരിൽ നടന്ന TRADA യുടെ അവാർഡുദാനചടങ്ങിൽ സംബന്ധിച്ചു. |
| | 05.30 pm | പാലാ ദൈവദാൻ സെന്ററിൽ ബഹുമാനപ്പെട്ട അബ്രാഹം കൈപ്പൻപ്ലാക്കൽ അച്ചൻ അനുസ്മരണയോഗത്തിൽ സംബന്ധിച്ചു. |
| | 07.00 pm | മേരിലാന്റ് ഇടവകയിൽ തുടിയൻപ്ലാക്കൽ ശ്രീ ഔസേപ്പിന്റെ ഭൗതികദേഹത്തിനരികിൽ ഒപ്പീസ് ചൊല്ലി പ്രാർത്ഥിച്ചു. |
| 09 | 10.00 am | സ്നേഹഗിരി മിഷനറി സന്ന്യാസിനീസമൂഹത്തിന്റെ നിത്യവ്രതവാഗ്ദാനത്തിന് എസ്എം.എസ്. ജനറലേറ്റിൽ വിശുദ്ധ കുർബാനയർപ്പിച്ചു. |

| | | |
|---|---|---|
| | 03.00 pm | പാലാ അൽഫോൻസിയൻ പാസ്റ്ററൽ ഇൻസ്റ്റിറ്റ്യൂട്ടിൽ വിചിന്തനം ക്യാമ്പിൽ കുട്ടികളെ സന്ദർശിച്ചു സന്ദേശം നൽകി. |
| 10 | 10.00 am | മണലുങ്കൽ ഇടവകയിൽ കല്ലൂർ ശ്രീ വർഗീസ് – ശോശാമ്മ ദമ്പതികളുടെ ഒന്നാം ചരമവാർഷികത്തിൽ വിശുദ്ധ കുർബാനയർപ്പിച്ചു സന്ദേശം നൽകി. |
| | 03.45 pm | മുത്തോലി ഇടവകയിൽ നാഗനൂലിൽ ശ്രീ സെബാസ്റ്റ്യൻ ജോർജിന്റെ മൃതസംസ്കാരശുശ്രൂഷകൾക്ക് ദൈവാലയത്തിൽ മുഖ്യകാർമികത്വം വഹിച്ചു. |
| 11 | 07.00 am | പാലാ കത്തീഡ്രലിൽ പാലാ രൂപത വൈദികവിദ്യാർത്ഥികളുടെ ഹെവുപ്പദ്യാക്ക്ന പട്ടം, കറോയ പട്ടം, വൈദികവസ്ത്രസ്വീകരണം എന്നീ തിരുകർമ്മങ്ങൾക്ക് കാർമികത്വം വഹിച്ചു. |
| 12 | 06.30 am | പാലാ സി.എം.സി. നൊവിഷ്യേറ്റ് ഹൗസിൽ ജൂബിലിയോടനുബന്ധിച്ച് വിശുദ്ധ കുർബാനയർപ്പിച്ചു സന്ദേശം നൽകി. |
| | 10.00 am | കോട്ടയം സ്പിരിച്ച്വാലിറ്റി സെന്ററിൽ ക്ലാസ് നയിച്ചു. |
| 14 | 10.00 am | കുരുവിനാൽ ഇടവകയിൽ മണ്ണനാൽ കുടുംബയോഗം ഉദ്ഘാടനം ചെയ്ത് ആശംസകളർപ്പിച്ചു. |
| | 11.00 am | പാലാ കത്തീഡ്രലിൽ വിവാഹം ആശീർവദിച്ചു. |
| | 04.00 pm | ചക്കാമ്പുഴ ഇടവകയിൽ ഒരു ഭവനം വെഞ്ചെരിച്ചു. |
| | 05.30 pm | രാമപുരം ഫൊറോനയിൽ പ്രാരംഭകൂദാശകൾ പരികർമം ചെയ്തു. |
| 15 | 09.30 am | പാലാക്കാട് ഇടവകയിൽ കാപ്പൻ കുടുംബയോഗത്തിന്റെ ഉദ്ഘാടനം നിർവഹിച്ചു. |
| | 03.00 pm | പാലാ എസ്.എച്ച്. പ്രൊവിൻഷ്യൽ ഹൗസിൽ ധന്യൻ കദളിക്കാട്ടിൽ മത്തായി അച്ചന്റെ ചരമവാർഷികത്തോടനുബന്ധിച്ച് വിശുദ്ധ കുർബാനയർപ്പിച്ചു. |
| | 05.30 pm | മണ്ണാറപ്പാറ ഇടവകയിൽ ഭവനത്തിന്റെ വെഞ്ചെരിപ്പുകർമം നിർവഹിച്ചു. |
| 16 | 10.00 am | രൂപത മൈനർ സെമിനാരിയിൽ വച്ചു നടന്ന ഗുഡ് ഷെപ്പേർഡ് ഡേ ആഘോഷത്തിൽ സന്ദേശം നൽകി. |

| | | |
|---|---|---|
| | 11.00 am | കോട്ടയം അതിരൂപത ചെറുകര ഇടവകയിൽ വിവാഹം ആശീർവദിച്ചു. |
| 17 | 11.30 am | ആയാംകുടി ഇടവകയിൽ ബഹുമാനപ്പെട്ട തോമസ് മഠത്തിപ്പറമ്പിൽ അച്ചന്റെ മാതാവ് ശ്രീമതി കുഞ്ഞാമ്മ തോമസിന്റെ മൃതസംസ്കാരശുശ്രൂഷകൾക്ക് ദൈവാലയത്തിൽ മുഖ്യകാർമികത്വം വഹിച്ചു. |
| | 04.30 pm | കോതനല്ലൂർ ഫൊറോനയിൽ പ്രാരംഭകൂദാശകൾ പരികർമം ചെയ്തു. |
| | 07.00 pm | ചേർപ്പുങ്കൽ ഫൊറോനയിൽ എലവനാൽ ശ്രീ സി. സക്കറിയാസിന്റെ ഭൗതികദേഹത്തിനരികിൽ ഒപ്പീസ് ചൊല്ലി പ്രാർത്ഥിച്ചു. |
| | 08.30 pm | കുടക്കച്ചിറ ഇടവകയിൽ മുരിക്കോലിൽ ശ്രീ കെ. സി. ജോസഫിന്റെ ഭൗതികദേഹത്തിനരികിൽ ഒപ്പീസ് ചൊല്ലി പ്രാർത്ഥിച്ചു. |
| 18 | 09.00 am | മാവടി (വേലത്തുശ്ശേരി) ഇടവകയിൽ ഡീക്കൻ ജോസ്മോൻ പെരുവാഞ്ചിറയിൽ സി.എം.എഫിന് പൗരോഹിത്യപട്ടം നൽകി. |
| 19 | 10.30 am | പാലാ സെന്റ് മർത്താസ് ജനറലേറ്റിൽ ജൂബിലിയോടനുബന്ധിച്ച് വിശുദ്ധ കുർബാനയർപ്പിച്ചു. |
| 21 | 11.45 am | ചക്കാമ്പുഴ ഇടവകയിൽ വിവാഹവാഗ്ദാനത്തിന് മുഖ്യകാർമികത്വം വഹിച്ചു. |
| | 04.00 pm | കടുത്തുരുത്തി ഫൊറോനയിൽ പ്രാരംഭകൂദാശകൾ പരികർമം ചെയ്തു. |
| | 07.15 pm | കിഴപറയാർ ഇടവകയിൽ പാറേക്കാട്ട് പുത്തൻപുരയിൽ ശ്രീ പി.സി. ജോസഫിന്റെ ഭൗതികദേഹത്തിനരികിൽ ഒപ്പീസ് ചൊല്ലി പ്രാർത്ഥിച്ചു. |
| 22 | 09.30 am | ഏഴാച്ചേരി ഇടവകയിൽ വിശുദ്ധ കുർബാനയർപ്പിച്ചു സന്ദേശം നൽകി. |
| | 02.30 pm | പാലാ സിവിൽ സർവീസ് ഇൻസ്റ്റിറ്റ്യൂട്ടിൽ മീറ്റിംഗിൽ പങ്കെടുത്തു. |
| 23 | 11.30 am | പാലാ കത്തീഡ്രലിൽ വിവാഹം ആശീർവദിച്ചു. |
| | 03.30 pm | മുട്ടുചിറ വിയാനി പ്രീസ്റ്റ് ഹോമിൽ വൈദികരെ സന്ദർശിച്ചു. |
| 24 | 06.15 am | വിവാഹഒരുക്ക സെമിനാറിൽ വിശുദ്ധ കുർബാനയർപ്പിച്ചു സന്ദേശം നൽകി. |

| | | |
|---|---|---|
| | 03.00 pm | പാലാ മാർ അപ്രേം പ്രീസ്റ്റ് ഹോമിൽ വൈദികരെ സന്ദർശിച്ചു. |
| 25 | 06.15 am | ഭരണങ്ങാനം ദീപ്തി ഭവനിൽ വിശുദ്ധ കുർബാന യർപ്പിച്ചു സന്ദേശം നൽകി. |
| | 11.30 am | മരങ്ങാട്ടുപിള്ളി ഇടവകയിൽ ഇട്ടിയേക്കാട്ട് ശ്രീ മേജോ നിക്കോളാസിന്റെ ഭൗതികദേഹത്തിനരികിൽ ഒപ്പീസ് ചൊല്ലി പ്രാർത്ഥിച്ചു. |
| 26 | 11.00 am | കോട്ടയത്ത് ഡി.സി.എം.എസ്. മീറ്റിംഗിൽ പങ്കെടുത്തു. |
| | 03.00 pm | ചങ്ങനാശ്ശേരി അതിരൂപത ഏറ്റുമാനൂർ ഇടവകയിൽ ആഘോഷമായ വിശുദ്ധ കുർബാനസ്വീകരണത്തിൽ മുഖ്യകാർമികത്വം വഹിച്ചു. |
| 28 | 09.00 am | നീലൂർ ഇടവകയിൽ മാളിയേക്കൽ ശ്രീ ജോയി ദേവസ്യയുടെ ഭൗതികദേഹത്തിനരികിൽ ഒപ്പീസ് ചൊല്ലി പ്രാർത്ഥിച്ചു. |
| | 10.00 am | പൂഞ്ഞാർ ഇടവകയിൽ മണ്ണൂരൊട്ടൊന്നിൽ ഡോ. ജോർജ് മാണിയുടെ ഭൗതികദേഹത്തിനരികിൽ ഒപ്പീസ് ചൊല്ലി പ്രാർത്ഥിച്ചു. |
| 29 | 07.00 am | വെള്ളികുളം ഇടവകയിൽ വിശുദ്ധ കുർബാന യർപ്പിച്ചു വചനസന്ദേശം നൽകി. |
| | 05.00 pm | അമ്പാറനിരപ്പേൽ ഇടവകയിൽ വിശുദ്ധ കുർബാന യർപ്പിച്ചു സന്ദേശം നൽകി. |
| 30 | 10.30 am | പാലാ ലീജിയൻ ഹോമിൽ ജൂബിലിയോടനുബ ന്ധിച്ചു വിശുദ്ധ കുർബാനയർപ്പിച്ചു. |
| | 03.00 pm | പാലാ അൽഫോൻസിയൻ പാസ്റ്ററൽ ഇൻസ്റ്റിറ്റ്യൂട്ടിൽ വിചിന്തനം ക്യാമ്പിൽ കുട്ടികളെ സന്ദർശിച്ചു സന്ദേശം നൽകി. |
| 31 | 06.15 am | ഭരണങ്ങാനം ഡി.എസ്.റ്റി. ജനറലേറ്റിൽ വിശുദ്ധ കുർബാനയർപ്പിച്ചു. |
| | 08.15 am | ഇളന്തോട്ടം ഇടവകയിൽ വടക്കൻ ശ്രീമതി മറിയ ക്കുട്ടി ജോസഫിന്റെ ഭൗതികദേഹത്തിനരികിൽ ഒപ്പീസ് ചൊല്ലി പ്രാർത്ഥിച്ചു. |
| | 08.45 am | മൂന്നാനി ഇടവകയിൽ ബഹുമാനപ്പെട്ട സി. മാഗി പന ച്ചിക്കൽ സി.എം.സിയുടെ ഭൗതികദേഹത്തിനരികിൽ ഒപ്പീസ് ചൊല്ലി പ്രാർത്ഥിച്ചു. |
| | 03.00 pm | പാലാ അൽഫോൻസിയൻ പാസ്റ്ററൽ ഇൻസ്റ്റിറ്റ്യൂട്ടിൽ വിചിന്തനം ക്യാമ്പിൽ കുട്ടികളെ സന്ദർശിച്ചു സന്ദേശം നൽകി. |



ഹെവുപ്പദ്യാക്ക്നപട്ടം സ്വീകരിച്ച പാലാ രൂപത വൈദികവിദ്യാർത്ഥികൾ
അഭിവന്ദ്യ പിതാക്കന്മാരോടൊപ്പം



കാറോയപട്ടം സ്വീകരിച്ച പാലാ രൂപത വൈദികവിദ്യാർത്ഥികൾ
അഭിവന്ദ്യ പിതാക്കന്മാരോടൊപ്പം



വൈദികവസ്ത്രം സ്വീകരിച്ച പാലാ രൂപത വൈദികവിദ്യാർത്ഥികൾ
അഭിവന്ദ്യ പിതാക്കന്മാരോടൊപ്പം

2022
JUNE

# SANTHWANAPRAKASHAM

## PALAI DIOCESAN BULLETIN



സിനഡ് 2021-2023 ന് ഒരുക്കമായുള്ള സമ്മേളനങ്ങൾ...



കുടുംബവർഷസമാപനത്തോടനുബന്ധിച്ചു നടത്തിയ കുടുംബസംഗമം

Printed at St. Thomas Press, Palai and Published by Fr. Kuriakose Vattamukalel